
ഓർമ്മ



ANNUAL

1995-1996

T. K. M. COLLEGE OF
ARTS AND SCIENCE

നിത്യോപയോഗ സാധനങ്ങളുടെ അപൂർവ്വ ശേഖരം !

ഉപഭോക്താവിന് തിരഞ്ഞെടുക്കുവാനുള്ള

പൂർണ്ണ സ്വാതന്ത്ര്യം !

ഇവിടെ 'മഹിമയിൽ'

പലവ്യഞ്ജനങ്ങൾ,

കളിക്കോപ്പുകൾ, ടോയ്‌ലറ്ററീസ്,

പ്രസന്റേഷൻ സാധനങ്ങൾ, സ്റ്റേഷനറി, ബേക്കറി

തുടങ്ങിയവ ന്യായവിലയ്ക്ക് ലഭിക്കുന്നു.

കൂടാതെ ഓർഡർ പ്രകാരം


സാധനങ്ങൾ വീടുകളിൽ എത്തിക്കുന്നു.

മഹിമ


സൂപ്പർമാർക്കറ്റ്

കരിക്കോട്, കൊല്ലം.

ഫോൺ - 711879


BIRTH CENTENARY YEAR OF OUR FOUNDER
1996
1997





Thangal Kunju Musaliar College of Arts & Science
College Magazine '95-'96

.....dedication.....


Hiroshima Nagasaki
1945-95

50 years
of Terrific remmberance

The world is to live...
to leave in peace...
lives are not burned...
in flames of envy...
in Quarrels...

We dedicate this Orma '95 to those who were flamed in fires of envy and might...

Founder



Janab A. Thangal Kunju Musaliar

Chairman, Governing Body



Janab S.H. Musaliar

Members of Board of Trustees

T.K. Kamaluddin Musaliar



Haiee S.M. Thaha



Hajee P.M. Mohammed

Prof. M.K.A. Hameed



T.K. Jalaluddin Musaliar



T.K. Usman Musaliar



T.K. Abdul Karim Musaliar



T.K.Jamaluddin Musaliar



Our Principal



Prof. Lt. Col. Basheer Kannu



എഡിറ്റോറിയൽ...

കൂട്ടരേ...

സ്വപ്നങ്ങൾക്ക് നിറം ചാർത്തുവാൻ മോഹിക്കുന്ന
നമ്മുടെ ക്യാൻവാസുകളിൽ
ചോരയുടെ ഭ്രമാത്മകനിറം മത്തുപിടിപ്പിക്കുന്നു.
കലയുടെ സൗന്ദര്യം മാദകത്വത്തിന് വഴിമാറുന്നു...
കായികലോകം കോളകളുടെ ഓളങ്ങളിൽ മുങ്ങിത്തപ്പുന്നു...
സ്വാതന്ത്ര്യത്തിന്റെ അർദ്ധരാത്രിക്ക് അമ്പത് വയസ്സ് തികയുമ്പോൾ
വയസ്സൻമാർ കസേരക്കാലിന് പിടിവലികൂട്ടുന്നു...
സ്നേഹം.. ചോക്ക്ളേറ്റിലും ഡിയോഡറന്റുകളിലും തട്ടി തകരുന്നു.
ഇവിടെ നിസ്സഹായതയുടെ മേനി നടിക്കുന്ന
ബുദ്ധിജീവികളാകാൻ നമുക്ക് വയ്യ...
അറിയേണ്ടവനാണ് വിദ്യാർത്ഥി അറിയിക്കേണ്ടവനും...
അത്തരം ഒത്തിരി അറിവിന്റെയും
അറിയിക്കലിന്റേയും ഒരു സംഗരമാകട്ടെ
ഈ സ്മരണിക...
പൂർണ്ണമല്ല... പൂർണ്ണമാവില്ലന്നറിയാം
എല്ലാം പൂർണ്ണമായാൽപ്പിന്നെ
നമുക്ക് പ്രതീക്ഷിക്കാൻ ഒന്നുമുണ്ടാവില്ലല്ലോ.
എങ്കിലും ചില പ്രതീക്ഷകൾ ബാക്കിയാക്കി
ഓർമ്മ '96 ഞാൻ സ്നേഹപൂർവ്വം സമർപ്പിക്കുന്നു...
ഓർമ്മയുടെ താളുകൾ തുന്നിപ്പിടിപ്പിക്കുവാൻ
സഹായിച്ചവരോടുള്ള കടപ്പാട് ഇത്തിരിയല്ല...
അതിനായ് ഉറക്കമൊഴിഞ്ഞവർ ഒരുപാട് പേരുണ്ട്.
എല്ലാം ചെയ്ത് സഹായിച്ചവർ നന്ദി ആഗ്രഹിക്കുന്നില്ല...
പ്രിയപ്പെട്ട ചങ്ങാതിമാരെ...
എനിക്കും എന്റെ കൂട്ടർക്കും ഇത്രയേ കഴിഞ്ഞുള്ളു.
ഹൃദയപൂർവ്വം...

സഫീർ. എസ്
സ്റ്റുഡന്റ് എഡിറ്റർ



മാനുഷം

അയ്യേ,
എവിടെയും നിയമവിരുദ്ധം - അക്രമം
അനീതി, അഴിമതി, അസത്യം, അസമത്വം
അരാജകത്വം, കൊള്ള, കൊലപാതകം,
രക്തച്ചൊരിച്ചിൽ, കൈക്കൂലി....
... മനുഷ്യമനസ്സു മരവിക്കുന്നു.
വെറുപ്പും വിദ്വേഷവും ഉരുണ്ടുകൂടുന്നു.
ശത്രുത എന്ന ജഡത്വം മനുഷ്യഹൃദയങ്ങളെ
വലയം ചെയ്യുന്നു.
എങ്കിലും...
അന്ധകാരത്തിലെ പ്രകാശ സ്രോതസ്സുകളായി,
... അന്ധനുവഴികാട്ടിയായി...
നിരാലംബർക്ക് അഭയമായി... നഷ്ടപ്പെട്ട
മനുഷ്യത്വം വീണ്ടെടുക്കുവാൻ... അഴിമതി
യെന്ന കൊടുംകാറ്റിൽ ആടിയുലഞ്ഞാലും
പിഴുതു വീഴാത്ത ഒരു വൃക്ഷമായി...
മനുഷ്യനെന്ന പദത്തിന്റെ അർത്ഥം
മനുഷ്യനെ പഠിപ്പിക്കുവാൻ
നമുക്ക്,
ഒരുമിക്കാം... പ്രവർത്തിക്കാം.

എം. എ. സലീം.
സ്റ്റാഫ് എഡിറ്റർ

Editorial Board

Chief Editor

Prof. Lt. Col. Basheer Kannu



Staff Adviser



Prof: Abdul Vahid

Staff Editor



M.A. Salim

Student Editor



Safeer.S

Malayalam Dept.	:	Smt. N. Santhakumari Amma
English Dept.	:	Mr. S. Rajagopalan M.A.
Hindi Dept.	:	Mrs. S. Sathiamma
Arabic Dept.	:	Dr. A. Nizarudeen

Sub Editors



Sayed Ali



Samzon Justus



Badurudeen



Nihas



Naushad

Co-ordinators



Suneer



Rajesh




Sidhique



Ranjith Kumar


Union Bearers

Chairman




Mohamed Savad

Vice Chairman




Anitha P.S.

Magazine Editor




Safeer .S

General Secretary




Deepak Raj


Arts Club Secretary



Biju



Abdul Hakkim



Sibi. P.

(University Union Councillors)

Chairman



Mohamed Savad

Vice Chairman



Magazine Editor



Safeer. S.

General Secretary



Deepak Raj

Oath Taking.....



Arts Club Secretary
Biju




U. U. C.
Sibi . P.



U.U.C
Abdul Hakkim

Representatives

IPDC




Sudheer

IIPDC




Uwaiz

I DC




Sayam

II DC



Shibu

III DC




Nizamudeen

Lady Representatives



Athira Francis



Lubeena

Manufacturers & Dealers of:

TEAK
WOODEN FURNITURE,
DESIGN DOORS,
FRAMES,
WINDOW FRAMES, ETC.

A-One
WOOD INDUSTRIES

Altharamoodu, Kollam-13.

Phone: Off: 206326. Res: 206601



Annual Report

1995-96

Presented by our Principal **Prof. Lt. Col. Basheer Kannu**

Dear College Union Chairman, Mr. Mohemmed Savad, Sri. Thirunalloor Karunakaran, Distinguished Guests, Parents, Colleagues, beloved Students, Ladies and Gentleman.

It gives me great pleasure to submit a brief report of different valuable events of this academic year. This is the 33rd year of the existence of this noble institution founded by late Janab, Thangal Kunju Musaliar a blessed Philanthropist, Industrialist, Journalist and Educationalist of the era. May his soul rest in eternal bliss.

As a tradition, we are claiming without fuss a top disipline in this great institution this year also which provides an abode for higher learning for about 4000 children at various levels-PDC, D.C, P,G. entire credit goes to the 200 staff members who swear for this glory. The physical growth of the institution is also in progress and inauguration of our Ladies hostel is a happy proof of it. We have 26 PD batches, 8 degree courses and 3 PG Courses in the College.

In the acadamic field, our children make steady and colourful achievements and I am sure, we will be able to declare ourselved as a top-class institution of higher learning without doubt. Appreciation to those children who ranks at different levels.

In the literary and historic fields, our students won laurals. To mention few, winners of Bishop Jerome fest for which 27 colleges were competing. Our students, Safeer and Ranjith Kumar deserve special mention on their remarkable achievments in the Kerala University Youth Festival.

Laudable Games are marked in the Physical Education. We are University Winners of Ball Badminton and our student got selected as Captain of the Kerala University Team. Many individual and group worthy achievements are on records.

National service scheme is headed by the officers-Prof. Chandran, Hashim & Mohanan. The unit conducted a 10 day annual camp and a three days leadership camp during the year. Our officers and volunteers took part in many of the national and state celebrations.

Womens study centre headed by T.S Latheefa Beevi assisted by a team of dedicated teachers and girls student conducted very useful programmes including women enterprenership

training programme in laison with centre for management in government. The centre puts in entiring efforts in moulding the character of our girl students.

PTA-It is with thanks and happiness, I place in records the contribution the PTA and efforts taken by Mr. M. Abdul Majid, Secretary in getting many of thr valuable projects finished during the year. For instance the modification the gate, additional seating arrangements waiting area. The latest project undertaken by the PTA is the instalation of Clock Tower for which consent is already granted by the management. Another most valuable step down is the expansion of the scooter and Bicycle shed. Many scholarships are granted by the PTA to bright and needy children.

Former students association is functioning in all solemnity and they are going for different projects and programmes including scholarships for the children of former and others also.

An advisory systen is very successfully here and its impact on the children in shaping better discipline and personality. The academic progress of the words are carefully looked after by the concerned group advisors.

We have consumer and credit co-operative society for the convenience and facilities of staff and students.

Insurance against accidents scheme is a very systematically carried on.

STATEMENT OF OWNERSHIP AND PARTICULARS ABOUT THE PUBLICATION
(Form IV See Rule 8)

Thangal Kunju Musaliar College of Arts & Science Magazine -1995-96

Place of publication : Karikode, Kollam
Periodicity of Publication : Annual
Printer's Name : Prof. Lt. Col. Basheer Kannu
Nationality : Indian
Address : Prof. Lt. Col. Basheer Kannu
Principal, TKM College of Arts & Science,
Karikode, Kollam
Staff Editor : M.A. Salim
Student Editor : Safeer. S


I, Basheer Kannu here by declare that the particulars given above are true to the best of my knowledge and belief.

Sd.
Basheer Kannu
Principal, TKM College, Kollam.

പി. കെ. മുഹമ്മദ് സുലൈമാൻ (കുഞ്ഞാടം)

"നശ്വരമാം പ്രപഞ്ചത്തിൽ
അലക്ഷ്യമായ് ഗമിച്ചീടുന്ന മന്നവൻ
മത്മൂല്യങ്ങളെവിസ്മരിച്ചിടുന്നു
നിത്യം, തിരക്കാർന്ന ജീവിതത്തിൽ"

മതം, മനുഷ്യൻ, ശാസ്ത്രം.



പ്രാഭാതത്തിൽ എവിടെ നിന്നോ ഉദിച്ചുയർന്ന സൂര്യൻ പ്രദോഷത്തെ പുകാനായി എതിർദിശയിലേക്കുള്ള പ്രയാണം ആരംഭിച്ചിരിക്കുന്നു. ദിനരാത്രങ്ങൾ സ്വാർത്ഥതയോട്കൂടി മിന്നിമറഞ്ഞ്കൊണ്ടിരിക്കുന്നു. സെക്കന്റുകൾ മിനുറ്റുകളായും, മണിക്കൂറുകളായും, ദിവസങ്ങളായും വർഷങ്ങളായും അതിശീഘ്രം ഗമിച്ച്കൊണ്ടിരിക്കുന്നു. പുതുതായ പ്രപഞ്ചം നാശത്തിന്റെ ഗർത്തത്തിൽ പതിക്കാൻ വെമ്പൽകൊള്ളുന്നു. പ്രകൃതി പ്രതിഭാസങ്ങൾ മുറപോലെ നടന്നുകൊണ്ടിരിക്കുമ്പോഴും മനുഷ്യൻ അവന്റെ അലക്ഷ്യപ്രയാണം അവിരാമം തുടരുന്നു. മതം കറുപ്പായും, മൂല്യങ്ങൾ പൊള്ളയായും ചിത്രീകരിക്കുന്ന പ്രത്യയ ശാസ്ത്രങ്ങൾ ഉദയം ചെയ്തപ്പോൾ അതിനും സ്വാഗതം ചൊല്ലാൻ നാം സജ്ജമായി. മതവും, മൂല്യങ്ങളും ആമാശയത്തിന് വേണ്ടി പണയം വയ്ക്കാൻ യാഥാസ്ഥിതികർ ശ്രമിച്ചപ്പോൾ അതിനും ഓശാന പാടാൻ ആളുകളുണ്ടായിരുന്നു. ശാസ്ത്രത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന കണ്ടുപിടുത്തങ്ങൾക്ക് മുന്നിൽ എല്ലാം മതിമറന്ന മനുഷ്യൻ; അവനാവശ്യമുള്ളതെല്ലാം ശാസ്ത്രം തരുമെന്ന് തെറ്റായി നിനച്ചു പോയിരുക്കുന്നു. കാലികയുഗത്തിൽ ശാസ്ത്രത്തിന്റെ പ്രസക്തിയെ തുറന്ന് സമ്മതിക്കുന്നതിനോടൊപ്പംതന്നെ; ശാസ്ത്രം ആധുനിക മനുഷ്യരിൽ എങ്ങനെ സ്വാധീനം ചെലുത്തിയിരിക്കുന്നു എന്ന് കൂടി നിഷ്പക്ഷ മനസ്സുകൊണ്ട് ചിന്തിക്കണം. ശാസ്ത്രീയ പുരോഗതികൾക്ക് മുന്നിൽ നാം നമ്മെ പണയം വെക്കരുത്. മറിച്ച് ദൈവപ്രഭാവത്തെക്കുറിച്ച് മനസ്സിലാക്കുവാനുള്ള ഒരുപാധിയായിട്ട് വേണം ശാസ്ത്രത്തെ കണക്കാക്കാൻ. "ചിന്താശീലർക്ക് ഈ പ്രപഞ്ചം മുഴുവനും ദൃഷ്ടാന്തങ്ങളാണ്." കേവലം ജീവവായുപോലും "ഫ്രീഗുഡ്സാ"യി സ്വീകരിക്കുന്ന മനുഷ്യൻ അവന്റെ കഴിവ്കേടിനെ വിശകലനം നടത്തിയാൽ ഓക്സിജനിൽകൂടിയും, ഹൈഡ്രജനിൽകൂടിയും ഈശ്വരനെ മനസ്സിലാക്കുവാൻ സാധിക്കും. ഇവകൾ നിർദ്ദിഷ്ഠാനുപാദത്തിൽ സമന്വയിപ്പിച്ചാൽ ജലം ലഭ്യമാകുന്നു. അപ്പോൾ ഒരു ചോദ്യം സ്വാഭാവികം മാത്രം. "ജലം ലഭ്യമാക്കിയതാര്?" ഇങ്ങനെ ദൈവാസക്തി ലേശമെങ്കിലും അറിഞ്ഞാൽ മതത്തിന്റെയും, മൂല്യങ്ങളുടേയും നിസ്തുല പ്രാധാന്യം നമുക്ക് ഗ്രഹിക്കാൻ സാധിക്കും.

ശാസ്ത്രം 'കത്തി'യുണ്ടാക്കി മനുഷ്യന്റെ ഹസ്തങ്ങളിൽ സമർപ്പിച്ചു. പക്ഷെ, ആ കത്തികൊണ്ട് ചെയ്യേണ്ടത് എന്താണെന്നും, അരുതാത്തത്

Be a Complete Computer Professional with

MCL **Musaliar Computers (P) Ltd.**

Musaliar Buildings, Chinnakada, Kollam-1, Phone- 742279, 73624

Legendary name in Computer Maintenance and Authorised Training Centre for 'T' & 'E' Level Certificates of CEDTI, Department of Electronics , Government of India

Specialisation Offered

HARDWARE ENGINEERING

1. Diploma in Electronics and Microprocessor Technology (DEMT)
2. Diploma in Electronics & Computer Hardware Technology (DECHT)
3. Post Graduate Diploma in Computer Engineering (PGDCE)
4. Certificate Course in Computer Hardware Maintenance (CCHM)

SOFTWARE STUDIES

1. Diploma in Computer Application (DCA)
2. Diploma in Computer Management (DCM)
3. Post Graduate Diploma in Computer Management (PGDCM)
4. Short- term Diploma in Office Automation

And a host of short duration crash courses like Networking, Auto cad, Oracle, Visual Basic, Visual C, Power Builder, C++ etc.

Orma '96

typesetting & pagelayout

by

Binoy. J. MSc. B.Ed

at

FOTON


The Creative Unit

5, Bhasker Bhavan, Opp. Devi Clinic,
Chinnakkada, Kollam. Phone : 70589 pp.

Specialists in Computer aided Designing,
Screenprinting & Training in DTP; Pagemaker, Corel draw & Photoediting

എന്താണെന്നും ശാസ്ത്രം പഠിപ്പിച്ചില്ല. ഉദാഹരണമായി പറഞ്ഞാൽ കത്തികൊണ്ട് സവാള മാത്രമേ മുറിക്കാവൂ എന്നും, മനുഷ്യന്റെ ശിരസ്സ് ഛേദിക്കരുതെന്നും ശാസ്ത്രം പറഞ്ഞ് തന്നില്ല. എന്നാൽ ഈ മാനുഷിക മൂല്യം അന്തർലീന മായ വേർതിരിവ് നമ്മെ പഠിപ്പിച്ചത് മതമാണ്. "വിഡ്ഢി പറഞ്ഞ അർത്ഥശൂന്യമായ കടംകഥയാണ് ജീവിതം" എന്ന് ഷേക്സ്പിയർ പറഞ്ഞപ്പോൾ "അർത്ഥ സമ്പൂഷ്ഠമായ അവർണ്ണനീയ പ്രതിഭാസമാണ് ജീവിതം." എന്ന് പഠിപ്പിച്ചതും മതമാണ്. നട്ടുച്ച സമയത്ത് കൊടുംവെയിലിൽ മനുഷ്യനെയും അന്വേഷിച്ച് നടന്ന ഡെമസ്തനീസിന്റെ യുഗം ഇപ്പോഴും അസ്തമിച്ചിട്ടില്ലായെന്ന് വിലയിരുത്താൻ നാം ഓരോർത്തരും ബാദ്ധ്യസ്ഥരാണ്.

ശാസ്ത്രീയ നേട്ടങ്ങളും, ശാസ്ത്രത്തിന്റെ സംഭാവന കളും ആസ്വദിക്കുന്നതിനോടൊപ്പം മതവും, മൂല്യങ്ങളും മുറുകെ പിടിച്ചെങ്കിൽ മാത്രമേ 'മനുഷ്യൻ' എന്ന വാക്കിന്റെ യഥാർത്ഥ അവകാശികളാകുവാൻ നമുക്ക് സാധിക്കുകയുള്ളൂ. 'മാനിഷാദ' പാടിത്തരുവാനും, 'ശാന്തിമന്ത്രം' ഉരുവിടാനും, 'സന്മനസ്സുള്ളവർക്ക് സമാധാനം വാഗ്ദാനം ചെയ്യാനും', 'ദൈവിക സ്മരണകളിലാണ് മനഃശാന്തി കുടികൊള്ളുന്നത്.' എന്ന് പഠിപ്പിക്കുവാനും മതം വേണം. മറ്റെല്ലാമനുഷ്യനിർമ്മിത പ്രത്യേയശാസ്ത്രങ്ങൾക്കും ശാന്തിയും സമാധാനവും ഒരു പക്ഷെ അന്യമായിരിക്കാം. അനുഭവ പാഠങ്ങൾ നമ്മെ പഠിപ്പി ക്കുന്നതും അത് തന്നെയാണല്ലോ!



മുഹമ്മദ് നബിയും, യേശുക്രിസ്തുവും, രാമനും കൃഷ്ണനും, ബുദ്ധ ജൈനന്മാരുമൊക്കെ നമ്മെ പഠിപ്പിക്കു ന്നത് ശാന്തിമന്ത്രങ്ങളാണ്. പക്ഷേ അതെല്ലാം നാം വിസ്മരിച്ചി രിക്കുന്നു. ജലരേഖകളായി മാറിയിരിക്കുന്നു. ശാന്തിയുടെ സന്ദേശവാഹകരാകേണ്ട വിദ്യാർത്ഥി സമൂഹംപോലും അശാ ന്തിയുടെ കേദാരങ്ങളായിത്തീർന്നിരിക്കുന്നു. മാറ്റത്തിന്റെ കൊടുങ്കാറ്റ് ആഞ്ഞടിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. സാമ്പത്തിക, സാംസ്കാരിക, ശാസ്ത്രീയ നേട്ടങ്ങളുടെ പറുദീ സയായ പടിഞ്ഞാറിന്റെ മക്കൾ ഒരിറ്റ് സമാധാനത്തിന് വേണ്ടി അല്പം ശാന്തിയ്ക്ക് വേണ്ടി കടൽത്തീരങ്ങളെ ശരണം പ്രാപി ക്കുമ്പോൾ, സമാധാനത്തിന്റെയും, ശാന്തിയുടേയും ഒരംശം എങ്കിലും കുടികൊള്ളുന്നവരുടെ (ഭാരതീയർ) മനസ്സുകൾ അശാന്തിയുടെ കേളീരംഗങ്ങളായിത്തീരുന്നു. മൂല്യങ്ങ ളിൽനിന്നും നമ്മെ വ്യതിചലിപ്പിക്കുന്നതിന്റെ പ്രധാനകാരണ ങ്ങളിൽ ഒന്ന്, പടിഞ്ഞാറിനോടുള്ള അമിത ഭ്രമവും, അന്ധ മായ അനുകരണവും ആണോ എന്ന് പോലും സംശയിക്കേ ണ്ടിയിരിക്കുന്നു. തനതായ, സാംസ്കാരിക പാരമ്പര്യം പടു ത്തുയർത്തി നല്ലൊരു നാളെയ്ക്കായി നമുക്ക് പ്രയത്നിക്കാം. ജനങ്ങളിലേയ്ക്കിറങ്ങിചെന്ന്, ജനങ്ങളെ പഠിച്ച്, അവരിലൊരാ ളായി ജീവിച്ച്, അവർക്കെന്താണോ വേണ്ടത് അത് ചെയ്യുക. അപ്പോൾ മതത്തിന്റെയും, മൂല്യങ്ങളുടേയും പ്രസക്തി ഗ്രഹി ക്കാൻ സാധിക്കും. സത്യത്തിന്റെ സന്ദേശവും, ശാന്തിയുടെ മന്ദമാരുതനും കലാലയ കാമ്പസിൽ നിന്നും ആഞ്ഞടിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു. അതിനാകട്ടെ നമ്മുടെ പ്രയത്നവും.

Be a Complete Computer Professional with

MCL **Musaliar Computers (P) Ltd.**

Musaliar Buildings, Chinnakada, Kollam-1, Phone- 742279, 73624

Legendary name in Computer Maintenance and Authorised Training Centre for 'T' & 'E' Level Certificates of CEDTI, Department of Electronics , Government of India

Specialisation Offered

HARDWARE ENGINEERING

1. Diploma in Electronics and Microprocessor Technology (DEMT)
2. Diploma in Electronics & Computer Hardware Technology (DECHT)
3. Post Graduate Diploma in Computer Engineering (PGDCE)
4. Certificate Course in Computer Hardware Maintenance (CCHM)

SOFTWARE STUDIES

1. Diploma in Computer Application (DCA)
2. Diploma in Computer Management (DCM)
3. Post Graduate Diploma in Computer Management (PGDCM)
4. Short- term Diploma in Office Automation

And a host of short duration crash courses like Networking, Auto cad, Oracle, Visual Basic, Visual C, Power Builder, C++ etc.

Orma '96

typesetting & pagelayout

by

Binoy. J. MSc. B.Ed

at

FOTON


The Creative Unit

5, Bhasker Bhavan, Opp. Devi Clinic,
Chinnakkada, Kollam. Phone : 70589 pp.

Specialists in Computer aided Designing,
Screenprinting & Training in DTP; Pagemaker, Corel draw & Photoediting

എന്താണെന്നും ശാസ്ത്രം പഠിപ്പിച്ചില്ല. ഉദാഹരണമായി പറഞ്ഞാൽ കത്തികൊണ്ട് സവാള മാത്രമേ മുറിക്കാവൂ എന്നും, മനുഷ്യന്റെ ശിരസ്സ് ഛേദിക്കരുതെന്നും ശാസ്ത്രം പറഞ്ഞ് തന്നില്ല. എന്നാൽ ഈ മാനുഷിക മൂല്യം അന്തർലീന മായ വേർതിരിവ് നമ്മെ പഠിപ്പിച്ചത് മതമാണ്. "വിഡ്ഢി പറഞ്ഞ അർത്ഥശൂന്യമായ കടംകഥയാണ് ജീവിതം" എന്ന് ഷേക്സ്പിയർ പറഞ്ഞപ്പോൾ "അർത്ഥ സമ്പൂഷ്ഠമായ അവർണ്ണനീയ പ്രതിഭാസമാണ് ജീവിതം." എന്ന് പഠിപ്പിച്ചതും മതമാണ്. നട്ടുച്ച സമയത്ത് കൊടുംവെയിലിൽ മനുഷ്യനെയും അന്വേഷിച്ച് നടന്ന ഡെമസ്തനീസിന്റെ യുഗം ഇപ്പോഴും അസ്തമിച്ചിട്ടില്ലായെന്ന് വിലയിരുത്താൻ നാം ഓരോർത്തരും ബാദ്ധ്യസ്ഥരാണ്.

ശാസ്ത്രീയ നേട്ടങ്ങളും, ശാസ്ത്രത്തിന്റെ സംഭാവന കളും ആസ്വദിക്കുന്നതിനോടൊപ്പം മതവും, മൂല്യങ്ങളും മുറുകെ പിടിച്ചെങ്കിൽ മാത്രമേ 'മനുഷ്യൻ' എന്ന വാക്കിന്റെ യഥാർത്ഥ അവകാശികളാകുവാൻ നമുക്ക് സാധിക്കുകയുള്ളൂ. 'മാനിഷാദ' പാടിത്തരുവാനും, 'ശാന്തിമന്ത്രം' ഉരുവിടാനും, 'സന്മനസ്സുള്ളവർക്ക് സമാധാനം വാഗ്ദാനം ചെയ്യാനും', 'ദൈവിക സ്മരണകളിലാണ് മനഃശാന്തി കുടികൊള്ളുന്നത്.' എന്ന് പഠിപ്പിക്കുവാനും മതം വേണം. മറ്റെല്ലാമനുഷ്യനിർമ്മിത പ്രത്യേയശാസ്ത്രങ്ങൾക്കും ശാന്തിയും സമാധാനവും ഒരു പക്ഷെ അന്യമായിരിക്കാം. അനുഭവ പാഠങ്ങൾ നമ്മെ പഠിപ്പി ക്കുന്നതും അത് തന്നെയാണല്ലോ!



മുഹമ്മദ് നബിയും, യേശുക്രിസ്തുവും, രാമനും കൃഷ്ണനും, ബുദ്ധ ജൈനന്മാരുമൊക്കെ നമ്മെ പഠിപ്പിക്കു ന്നത് ശാന്തിമന്ത്രങ്ങളാണ്. പക്ഷേ അതെല്ലാം നാം വിസ്മരിച്ചി രിക്കുന്നു. ജലരേഖകളായി മാറിയിരിക്കുന്നു. ശാന്തിയുടെ സന്ദേശവാഹകരാകേണ്ട വിദ്യാർത്ഥി സമൂഹംപോലും അശാ ന്തിയുടെ കേദാരങ്ങളായിത്തീർന്നിരിക്കുന്നു. മാറ്റത്തിന്റെ കൊടുങ്കാറ്റ് ആഞ്ഞടിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. സാമ്പത്തിക, സാംസ്കാരിക, ശാസ്ത്രീയ നേട്ടങ്ങളുടെ പറുദീ സയായ പടിഞ്ഞാറിന്റെ മക്കൾ ഒരിറ്റ് സമാധാനത്തിന് വേണ്ടി അല്പം ശാന്തിയ്ക്ക് വേണ്ടി കടൽത്തീരങ്ങളെ ശരണം പ്രാപി ക്കുമ്പോൾ, സമാധാനത്തിന്റെയും, ശാന്തിയുടേയും ഒരംശം എങ്കിലും കുടികൊള്ളുന്നവരുടെ (ഭാരതീയർ) മനസ്സുകൾ അശാന്തിയുടെ കേളീരംഗങ്ങളായിത്തീരുന്നു. മൂല്യങ്ങ ളിൽനിന്നും നമ്മെ വ്യതിചലിപ്പിക്കുന്നതിന്റെ പ്രധാനകാരണ ങ്ങളിൽ ഒന്ന്, പടിഞ്ഞാറിനോടുള്ള അമിത ഭ്രമവും, അന്ധ മായ അനുകരണവും ആണോ എന്ന് പോലും സംശയിക്കേ ണ്ടിയിരിക്കുന്നു. തനതായ, സാംസ്കാരിക പാരമ്പര്യം പടു ത്തുയർത്തി നല്ലൊരു നാളെയ്ക്കായി നമുക്ക് പ്രയത്നിക്കാം. ജനങ്ങളിലേയ്ക്കിറങ്ങിചെന്ന്, ജനങ്ങളെ പഠിച്ച്, അവരിലൊരാ ളായി ജീവിച്ച്, അവർക്കെന്താണോ വേണ്ടത് അത് ചെയ്യുക. അപ്പോൾ മതത്തിന്റെയും, മൂല്യങ്ങളുടേയും പ്രസക്തി ഗ്രഹി ക്കാൻ സാധിക്കും. സത്യത്തിന്റെ സന്ദേശവും, ശാന്തിയുടെ മന്ദമാരുതനും കലാലയ കാമ്പസിൽ നിന്നും ആഞ്ഞടിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു. അതിനാകട്ടെ നമ്മുടെ പ്രയത്നവും.

ആശംസകളോടെ

ശ്രീ സ്വാമിനാഥൻ ജ്വവലേഴ്സ്

മെയിൻറോഡ്, കൊല്ലം-1

Phone : 742282/ 740035

Proprietor:

Selvarajan. S

A Breathtaking
Collection of the Very Latest
In Readymades



Fantasia
KOLLAM

കോളേജ് യൂണിയൻ റിപ്പോർട്ട് 95-96.

പ്രിയമുള്ളവരെ

ദേശിയ സാർവ്വദേശീയ മേഖലകളിൽ അത്യന്തം സംഭവബഹുലമായ ഒരു വർഷം കൂടി കടന്നുപോകുന്നു. ജനാധിപത്യത്തിനും മനുഷ്യാവകാശത്തിനും നേർക്ക് കൊലചിരിയുമായി ലോകസാമ്രാജ്യത്വം താണ്ഡവനൃത്തം ചവിട്ടുന്നു. ആഗോളവൽക്കരണം ഉദാരവല്ക്കരണം മന്ത്രങ്ങൾ മുഴക്കി ഭരണവർഗ്ഗം അരങ്ങാടുമ്പോൾ, ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളിലൂടെ നാം നേടിയ സ്വാതന്ത്യം കവർച്ച ചെയ്യപ്പെടുന്നു.

വ്യത്തിതമായ വർത്തമാനത്തിൽ ചുറ്റുമുള്ള ശരിയുടെ ശബ്ദം നമുക്ക് നഷ്ടമാകുന്നു. ഇവിടെ നാം തിരുത്തൽ ശക്തികളാകുന്നു. ജീർണ്ണിച്ച തലച്ചോറുകൾ പടർത്തുന്ന ദുർഗന്ധത്തെ കടപുഴക്കുന്ന കൊടുങ്കാറ്റായി നാം മാറണം. ചിന്തകളിൽ തരി നിറച്ചു കൊണ്ട് വിശുദ്ധ സ്വപ്നങ്ങളുമായി മുൻപേ കടന്നുപോയ, ആർജ്ജവത്തിന്റെ ഒറ്റയടിപ്പാതകളിൽ തളർച്ച യറിയാതെ നടന്നുകയറിയ ധീരരക്തസാക്ഷികളുടെ ചുടുരക്തം ഉതിർക്കുന്ന സ്വാതന്ത്യബന്ധത്തിന്റെ മഹാഗാനം നമ്മളിൽ നിറയണം

ഇത് നേട്ടങ്ങളുടെ വിവരക്കണക്കല്ല. കോട്ടങ്ങളുടെയും ബോദ്ധ്യപ്പെട്ട യാഥാർത്ഥ്യങ്ങളുടെയും ഓർമ്മപ്പെടുത്തൽ ഇവിടെ അധികപറ്റാവുന്നു.. പൂർണ്ണമായി എന്ന അവകാശവാദമില്ല, പോരായ്മകൾ വിസ്മരിക്കപ്പടുന്നില്ല. യൂണിയൻ പ്രവർത്തനങ്ങൾക്ക് തടയിടുവാൻ ശ്രമം നടത്തിയ പിന്തിരിപ്പന്മാരും, സഹചാരികളും എറെ. ഈ കറുത്തശക്തികളെ ഒറ്റപ്പെടുത്തേണ്ടിയിരിക്കുന്നു. നേരുകൾ നേടാൻ പിടഞ്ഞുവീണ ത്യാഗധനരുടെ ജ്വലിക്കുന്ന സ്മരണ നമുക്ക് ആവേശമേകും എന്ന ആമുഖത്തോടെ, കൂട്ടരെ, പോരാട്ടങ്ങൾക്കും, പ്രതിസന്ധികൾക്കും മദ്ധ്യേ നാം നടത്തിയ യൂണിയൻ പ്രവർത്തനങ്ങൾ ഔപചാരികതയുടെ ആർഭാടങ്ങളില്ലാതെ കുറിച്ചുകൊള്ളട്ടെ.

കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പ്

1995 സെപ്റ്റംബർ-ന് കലാലയ യൂണിയൻ തെരെഞ്ഞെടുപ്പ് നടന്നു. കാലഘട്ടത്തിന്റെ മാറ്റൊലി ഉൾക്കൊണ്ട്, പോരാട്ടത്തിന്റെ പാതകളിൽ ത്യാഗം കൊണ്ട് വിജയഗാഥകൾ എഴുതിചേർത്ത ത്യാഗത്തിന്റെയും, പോരാട്ടത്തിന്റെയും, പീഢനത്തിന്റെയും നാൾവഴികളിൽ, പുരോഗമന ജനാധിപത്യ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വക്താക്കൾ SFI മാത്രമാണെന്ന് വിദ്യാർത്ഥികൾ വിധിയെഴുതി. വിദ്യാഭ്യാസ മൂല്യശോഷണത്തിനെതിരായി, അരാഷ്ട്രീവാദത്തിനെതിരായി, ജനാധിപത്യ സംരക്ഷണത്തിനായി വർഗ്ഗീയ ഫാസിസത്തിനെതിരായി വിധിയെഴുതിയ മുഴുവൻ വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും കോളേജ് യൂണിയനു വേണ്ടി അഭിവാദ്യം ചെയ്യുന്നു.



അസോസിയേഷനുകളാണുള്ളത്. ഇവയുടെ പ്രവർത്തനം ഒട്ടുംതന്നെ ആശാവഹമായിരുന്നില്ല. ഉദ്ഘാടനത്തോടുകൂടി പ്രവർത്തനം അവസാനിപ്പിക്കുകയും യൂണിയനുമായി സഹകരിക്കാത്ത അസോസിയേഷനുകളും ഉണ്ടായിരുന്നു. ഇതിൽ യൂണിയനു വളരെ അധികം ഖേദമുണ്ട് .

കായികമേള

1996 ജനുവരിയിൽ ഈ വിദ്യാഭ്യാസവർഷത്തെ കായികമേള സംഘടിപ്പിച്ചു. സ്പോട്ട്സ് ക്ലബ്ബ് സെക്രട്ടറി അസിം. എ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് ബഹു. പ്രിൻസിപ്പാൾ Prof. Lt. Col. ബഷീർകണ്ണ് സാർ പതാക ഉയർത്തി ഉദ്ഘാടനം ചെയ്യുകയും കായികതാരങ്ങളുടെ മാർച്ച് പാസ്റ്റിനെ അഭിവാദ്യം ചെയ്തുകൊണ്ട് സല്യൂട്ട് സ്വീകരിക്കുകയും ചെയ്തു. ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് മേധാവി Prof. അബ്ദുൾ വാഹിദ് സാർ സ്വാഗതം ആശംസിച്ചു. കായികമേളയിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികളെയും കോളേജിന്റെ അഭിമാനമായ എല്ലാ കായികതാരങ്ങളെയും യൂണിയൻ അനുമോദിക്കുന്നു.

കൂടാതെ സംസ്ഥാന, ജില്ലാ, വാഴ്സിറ്റി, ഇൻറർവാഴ്സിറ്റി, കോളേജിയേറ്റ് തലങ്ങളിലും മറ്റു ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുത്ത കലാലയത്തിന്റെ യശസ്സ് ഉർത്തിയ കായികതാരങ്ങളെ പ്രത്യേകം സ്മരിക്കുന്നു.

സർവ്വകലാശാല യുവജനോത്സവം

1996 ജനുവരിയിൽ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി യൂണിയൻ സംഘടിപ്പിച്ച സർവ്വകലാശാല യുവജനോത്സവത്തിൽ 30 വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിന് സാധിച്ചു. മുൻകാലങ്ങളിലേക്കുപരിയായി മികച്ച വിജയം നേടാൽ നമ്മുടെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു. കോളേജിലെ കലാപ്രതിഭയും വിദ്യാർത്ഥി നേതാവുമായ സ: സഫീർ മോണോആക്ടിൽ ഒന്നാം സമ്മാനം നേടുകയുണ്ടായി. മൂന്നാം വർഷ ഗണിത ശാസ്ത്ര വിദ്യാർത്ഥിയായ സജ്ജാദ് മിമിക്രിയിൽ രണ്ടാം സ്ഥാനം നേടികൊണ്ട് ടി. കെ. എമ്മിന്റെ യശസ്സ് ഉയർത്തി. കേരളത്തിലെ പ്രഫഷണൽ കലാകാരൻമാരുടെ മുൻനിരയിലേക്കുയർന്ന് കഴിഞ്ഞ ഈ സുഹൃത്തുക്കൾക്ക് തീടർന്നും വിജയം വരിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു. യുവജനോത്സവത്തിൽ പങ്കെടുത്ത മുഴുവൻ കലാകാരൻമാരെയും കലാകാരികളേയും യൂണിയൻ അനുമോദിക്കുന്നു.

1995 ഒക്ടോബറിൽ സർവ്വകലാശാലാ യൂണിയൻ സംഘടിപ്പിച്ച സാഹിത്യ ക്യാമ്പിൽ നമ്മുടെ പ്രതിനിധിയെ പങ്കെടുപ്പിക്കാൻ നമ്മുടെ യൂണിയനു സാധിച്ചു. ക്യാമ്പിൽ പങ്കെടുത്ത രണ്ടാം വർഷ ബോട്ടണി വിദ്യാർത്ഥിയായ സലിംമിനെ ഈ വേളയിൽ അഭിനന്ദിക്കുന്നു.. നമ്മുടെ കലാലയത്തിലെ സർഗ്ഗവാസനകളെ തൊട്ടുണത്താൻ ഈ വിദ്യാർത്ഥിയും സുഹൃത്തുക്കളും ഒരുക്കിയ "സർഗ്ഗ" കൈയ്യെഴുത്ത് മാഗസീൻ മികച്ച നിലവാരം പുലർത്തി. ഇവരെ അഭിനന്ദിക്കുന്നതിനോടൊപ്പം തന്നെ, ഭാവിയിലും ഇത്തരം പുരോഗമനാത്മകമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ കഴിയട്ടെ എന്നാംശംസിക്കുന്നു.

കൊല്ലം എഫ്. എം. എൻ കോളേജിൽ നടന്ന ഇൻറർ കോളേജിയേറ്റ് യുവജനോത്സവത്തിൽ നമ്മുടെ കോളേജിൽ നിന്ന് പങ്കെടുത്ത കലാകാരൻമാർ ഓവറോൾ കിരീടം കരസ്ഥമാക്കി. മിമിക്രി, മോണോആക്ട്, ഫ്രാൻസിഡ്രസ്സ് എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടി നമ്മുടെ കോളേജിലെ സഫീർ. എസ്സ് (II B.Com.) കലാപ്രതിഭാപട്ടം നേടി. ജില്ലയിൽ കോളേജുകളുടെ ഇടയിൽ ടി.കെ. എമ്മിന്റെ യശസ്സുയർത്തിയ സഫീറിനും രഞ്ജിത്തിനും സംഘാങ്ങൾക്കും കോളേജ് യൂണിന്റെ ആശംസകൾ. കൂടാതെ നമ്മുടെ കോളേജിനെ പ്രതിനിധികരിച്ച് വിവിധ കലോത്സവങ്ങളിൽ പങ്കെടുത്ത എല്ലാവർക്കും യൂണിയന്റെ സ്നേഹോഷ്മളമായ അഭിനന്ദനങ്ങൾ.

വനിതാ സമ്മേളനം

1996 മാർച്ച് 1ന് നടന്ന വനിതാസമ്മേളനം Prof. A. രമാദേവി ഉദ്ഘാടനം ചെയ്തു വൈസ് ചെയർമാൻ അനിത പി. എസ്സ് അദ്ധ്യക്ഷത വഹിക്കുകയും വനിതാപ്രതിനിധി ആതിരാ ഫ്രാൻസിസ് സ്വാഗതം ആശംസിക്കുകയും വനിതാപ്രതിനിധി ലൂബീനാ.ടി കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ബഹു. പ്രൻസിപ്പാൾ Prof. Lt. Col. ബഷീർകണ്ണ് സാർ ഡോ. അമ്പിളി സബീന തുടങ്ങിയവർ ആശംസകൾ നേർന്നു.

Action, Lotto, Bata, Bata Sandak,
Gents / Ladies Shoes & Chappel, School Bag,
Umbrella etc.



PADUKAM
- the foot care shop

Bishop Jerome Nagar, Kollam - 691 001.

For College Classes

TRINITY

Educational Complex, Karicode,
Kollam - 691 005.
Tel : 711533

സ്പോർട്സ് ഡേ

1996 മാർച്ച് 1ന് കോളേജ് അങ്കണത്തിൽ സ്പോർട്സ് ദിനമാരംഭിച്ചു. കായികമത്സരങ്ങളിൽ വിജയികളായവർക്ക് ബഹുമതി പത്രങ്ങളും സമ്മാനങ്ങളും വിതരണം ചെയ്തു. എ. അസീമിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൊല്ലം നഗരസഭാ ചെയർമാനും സ്പോർട്സ് സംഘാടകനും CPM നേതാവുമായ ശ്രീ. കെ. തങ്കപ്പൻ ഉദ്ഘാടനം ചെയ്യുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു. Staff Adviser Prof. അബ്ദുൾ വാഹിദ്സാർ സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പാൾ Prof. Lt. Col. ബഷീർകണ്ണ് സാർ സന്നിഹിതനായിരുന്നു. സ്പോട്സ് റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് ശ്രീമതി. സുഭദ്ര ടീച്ചർ ചടങ്ങിനെ അഭിസംബോധന ചെയ്തു.

പൂർവ്വവിദ്യാർത്ഥി സമ്മേളനം

പ്രിൻസിപ്പാൾ Prof. Lt. Col. ബഷീർകണ്ണ് സാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. Prof. അബ്ദുൾ വാഹിദ് സാർ അബ്ദുൽ മനാഫ്സാർ എന്നിവർ സംസാരിച്ചു.

ഫൈനൽ ഇയേഴ്സ് ഡേ

സമ്മേളനം ബഹു.പ്രിൻസിപ്പാൾ Prof. Lt. Col. ബഷീർകണ്ണ് സാർ ഉദ്ഘാടനം ചെയ്തു. ആട്സ് ക്ലബ്ബ് സെക്രട്ടറി ബി. ബിജു അദ്ധ്യക്ഷത വഹിച്ചു. നിസാം, അസിം എന്നിവർ യാത്രമൊഴി ചൊല്ലി. പ്രശാന്ത്, സഫീർ എന്നിവർ മറുമൊഴി ചൊല്ലി. യൂണിയൻ ജനറൽ സെക്രട്ടറി വി. ദീപക്രാജ് കൃതജ്ഞത പറഞ്ഞു.

യൂണിയൻ സമാപനസമ്മേളനം

ഉപഹാരം 96

1996 മാർച്ച് 2ന്, രാവിലെ കോളേജ് യൂണിയൻ ചെയർമാൻ പി. കെ മുഹമ്മദ് സവാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം Prof. സുധീഷ് ഉദ്ഘാടനം നിർവ്വഹിച്ചു. ബഹു. പ്രിൻസിപ്പാൾ Prof. Lt. Col. ബഷീർകണ്ണ് സാർ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. പടങ്ങിൽ SFI സംസ്ഥാനസെക്രട്ടറി സി. എച്ച് ആഷിക്കും MSF നേതാവ് ഷാജി വയനാടും ആശംസകൾ നേർന്നു. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി ദീപക്രാജ് കോളേജ് യൂണിയൻ റിപ്പോർട്ട് അവതരിപ്പിക്കുകയും തുടർന്ന് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. 12 മണി മുതൽ കേരള യൂണിവേഴ്സിറ്റി മിമിക്രി, മോണോആക്ട് വിജയികളായ കിളിമാനൂർ സജാദ്, കൊല്ലം സഫീർ, രഞ്ജിത്ത്, വിനു (കോട്ടയം കലാഭവൻ) എന്നിവർ അവതരിപ്പിച്ച മിമിക്സ് പരേഡ് നടന്നു. 3 മണിമുതൽ 5 മണിവരെ തിരുവനന്തപുരം സിങ്ങിങ്ങ് ബേഡ്സിന്റെ ഗാനമേളയോടുകൂടി ഉപഹാരം' 96ന് തിരശ്ശീല വീണു.

നന്ദി- കടപ്പാട്

ഈ വർഷത്തെ കലാലയയൂണിയൻ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമാപനം കുറിക്കുന്ന ഈ വേളയിൽ ഞങ്ങൾക്ക് പ്രചോദനവും കരുത്തും പകർന്നു നല്കിയ പ്രത്യേകിച്ച് ബഹു.പ്രിൻസിപ്പാൾ Prof. Lt. Col. ബഷീർകണ്ണ് സാർ, വൈക്കം ചന്ദ്രശേഖരൻനായർ, സ്റ്റാഫ് അഡ്വൈസർ അബ്ദുൾ വാഹിദ് സാർ മറ്റു മുഴുവൻ അദ്ധ്യാപകരോടും ഓഫീസ് സ്റ്റാഫിനോടും

"നീ എന്തെന്ന് നീ കാണുന്നില്ല.
നീ കാണുന്നത് നിന്റെ നിഴലാണ്."

രവീന്ദ്രനാഥ് ടാഗോർ

Welcome to

Your Choice

Ice Cream Parlour

Opposite T.K.M. Arts College,
Kollam. Phone: 711444

For Lazza Ice Creams and Cool Drinks
Also Contact for Photostat Copies

Compliments from:

Hotel New Ramees

Y.M.C.A. Road, Kollam. 1.

For Chineese, Western & Kerala Foods
Ramees Special: Cada & Rabbit
We also provide fresh Juices and Ice Creams

Phone : 76887

ഞങ്ങൾക്കുള്ള നന്ദിയും കടപ്പാടും വർണ്ണാനാതീതമാണ്. ഇതിനെല്ലാം പുറമേ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് നിറഞ്ഞ മനസ്സോടെ സമ്പൂർണ്ണ സഹകരണവും നല്കിയ ഞങ്ങളുടെ പ്രിയപ്പെട്ട പ്രവർത്തകരോടും മുഴുവൻ വിദ്യാർത്ഥി വിദ്യാർത്ഥിനി സുഹൃത്തുക്കളോടും നല്ലവരായ നാട്ടുകാരോടും ഞങ്ങൾക്കുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. നിങ്ങൾക്ക് നല്കിയ വാഗ്ദാനം ഒരു വലിയ അളവ് വരെ പാലിക്കാൻ കഴിഞ്ഞു എന്നുള്ള വിശ്വാസം ഒരായിരം പൂക്കൾ ഒരുമിച്ച് വിരിയണം എന്ന സാമൂഹ്യബോധത്തിന്റെ അടിത്തറയിൽ ഉറച്ചു നിന്നു കൊണ്ട് വിദ്യാർത്ഥികളെക്കുറിച്ചുള്ള ശരിയും ശാസ്ത്രീയവുമായ കാഴ്ചപ്പാടിന് അനുസൃതമായ രീതിയിലാണ് ഈ കോളേജ് യൂണിയൻ പ്രവർത്തനം ഞാനും എന്റെ കൂട്ടുകാരും നടത്തിയിട്ടുള്ളത്.

ഒരു ഓർമ്മപ്പെടുത്തൽ

പ്രതിഷേധിക്കുന്നവന്റെ നാവ് അരിയാൻ വെമ്പൽ കൊള്ളുന്ന അധികാരിവർഗ്ഗം ലോകത്തിന് പുതുമയല്ല ഹിറ്റ്ലറുടെയും മുസ്സോളിനിയുടെയും ശ്രേണിയിലേക്ക് പുത്തൻ നാമം കൂടി കൂട്ടിചേർക്കാനുള്ള ശ്രമം ശങ്കയായി ഓരോ ഭാരതീയന്റെയും മനസ്സിൽ നിറയുന്നു.

സുഹൃത്തുക്കളെ നമ്മുടെ പോരാട്ടം നമുക്ക് വേണ്ടിയാണ് ആർക്കും പണയപ്പെടുത്താത്ത ചിന്തകളും പതറാത്ത പാദങ്ങളുമായി മുന്നേറുന്ന നമ്മൾക്ക് അടിയേറ്റ് പിറകോട്ട് വീഴുമ്പോൾ ഇരുകൈയ്യും നീട്ടി സ്വീകരിക്കാൻ നമ്മുടെ നാട്ടിൽ ജനലക്ഷങ്ങൾ ഉണ്ടായിരുന്നു എന്ന ബോധമാണ് നമ്മുടെ പോരാട്ട വിജയമായി നാം കാണുന്നത്. അതിനായുള്ള പോരാട്ടത്തിൽ ശരിയുടെ പക്ഷത്തിൽ അണിചേരുക എന്ന ആഹ്വാനത്തോടെ ഈ കലാലയ യൂണിയന്റെ 95-96 വർഷത്തെ പ്രവർത്തനറിപ്പോർട്ട് നിങ്ങളുടെ സജീവപരിഗണനക്കായി, അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ഒത്തിരിസ്നേഹത്തോടെ,
അഭിവാദനങ്ങളോടെ
ദീപക്‌രാജ്.വി,
കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി

എന്തുകൊണ്ട്?

1. മിന്നാമിനുങ്ങ് മിന്നുന്നത് എന്തുകൊണ്ട്?



മിന്നാമിനുങ്ങ് അഥവാ ഫയർ ഫ്ളൈ എന്നചെറുഷഡ്പദത്തിന്റെ ഉദരത്തിന ടിയിലായി പിന്നോട്ടു മാറി അതിന്റെ പ്രകാശ സ്ഫുരണകേന്ദ്രം സ്ഥിതി ചെയ്യുന്നു. ഈ കേന്ദ്രത്തിൽ ഒരിനം സവിശേഷകോശങ്ങൾ ഉണ്ട്. ഈ കോശങ്ങൾക്കുള്ളിൽ ലൂസിഫെറിൻ എന്ന രാസവസ്തു ലൂസിഫെറേഡ് എന്ന ഉത്തേജക വസ്തുവിന്റെ സാന്നിദ്ധ്യത്തിൽ വായുവിലെ ഓക്സിജനുമായി കൂടിചേർന്ന് ഓക്സീകരണ വിധേയമാവുന്നു. ഇതു മൂലം ഉത്ഭവിക്കുന്ന ഊർജ്ജമാണ് പ്രകാശമായി മാറുന്നത്

അവൾ

ചേലത്തുമ്പൊന്ന് മുറുക്കിയുടുത്തവൾ
ഒഴിഞ്ഞൊരാ വയറൊന്ന് തലോടവേ
ശുഷ്ക്കമാം പഴയൊരു ശാഖി പോലെ
ചുക്കിചുളിഞ്ഞൊരാ മേനി നോക്കി
അമ്പിളി പ്രഭവിതറിയ ആകാശ–
മലരുകൾ ആക്ഷേപമായ് ഹസിച്ചുവോ?
വിശപ്പൊഴിഞ്ഞിട്ടില്ലിവൾ – ഇന്നേയ്ക്കു
തികച്ചും രണ്ടു ദിനമായി
കഴിഞ്ഞ മദ്ധ്യാനത്തിലേതോ സൽക്കാ–
രത്തിലാരോ കളഞ്ഞൊരാ ഉച്ചിഷ്ട ഭോജനം
തികഞ്ഞൊരാർത്തിയോടെ, ആത്മ
സംതൃപ്തിയോടെ ഭക്ഷിച്ചതാണവൾ
കനവിന്റെ കണികകൾ മാഞ്ഞുപോയ്
അവൾ തൻ അന്തരംഗം
കനിവിനായ് കേഴുന്നത് കാണുന്നില്ലയോ?
അമ്മയായ്, പുത്രിയായി, പെങ്ങളായ് കളത്രാദി മിത്രമായി
കാമുകീഭാവമായി, നിന്നന്തരാത്മാവിലേയ്ക്ക
മ്മിഞ്ഞപ്പാലായി, സ്നേഹാർദ്ധമായൊരു തഴുകലായി
വിഷാദങ്ങളിലൊരു സാന്ത്വനമായി
കുളിരേറുമൊരോർമ്മയായി, സർവ്വ
ഭാവവും സമർപ്പിച്ചു നിനക്കിവൾ
ഒരു നാൾ നിന്നിലെ മോഹവും മോഹഭംഗവും മിവളായിരുന്നു.
ഇന്നവൾ തൻ ദയനീയാവസ്ഥ കാണാൻ
കണ്ണുണ്ടെങ്കിലും കഴിയില്ല നിനക്ക് – കാരണം
നീയൊരു മനുഷ്യനല്ലേ –
സ്വാർത്ഥനായ വെറുമൊരു പുരുഷൻ



അബ്ദുൾ സലാം എ. II Maths

Union Inauguration



Welcome Speech
Prof. Lt. Col. Basheer Kannu

Inaugural Address




Presidential Address
Chairman
Mohammed Savad



Prof. N. A. Karim



Arts Club Inauguration
Prof. Ezhacherry Ramachandran



Felicitation
Dr. Sulekha



Vote of Thanks
Deepak Raj (Gen. Sec.)



Audience

The leading Parallel College in Kollam

Mohan and Krishnan

Near S.N. College, Kollam, Phone. 78980

Classes for

PDC., B.A., B.Sc., B.Com.,
M.Com (Parallel & Going)

LAB FACILITIES FOR PDC., B.Sc, (Main & Sub.)

Your future, we make brighter

MAX Computers

TRAINING DIVISION.
Near S.N. College, Kollam

Courses Offered: dBASE III+, FOXBASE, FOXPRO, CLIPPER, WORDSTAR, WORDPERFECT, LOTUS 1-2-3, DATA ENTRY, 'C', ACCOUNTING PACKAGE.

Diploma Courses: D.C.A, D.C.M, P.G.D.C.A, D.O.A.

Convenient timing for College - going students

Santha

ഇന്നലെകൾ

റാണി നായർ I P.D.C

ഞാൻ ഇന്ന് ഓടിത്തളർന്ന ഒരു കുതിരയാണ്. പണ്ട് ഞാൻ എന്നും പടക്കളത്തിൽ വീറോടും വാശിയോടും കൂടി പൊരുതുമായിരുന്നു. അതു കൊണ്ട് തന്നെ അന്തിമ വിജയം എനിയ്ക്ക് തന്നെയായിരുന്നു. പക്ഷേ ഇന്ന് ഞാൻ ഒരു കാര്യം മനസ്സിലാക്കുന്നു. അന്തിമമായ വിജയം എന്നത് ഒരു മിഥ്യ മാത്രമാണ്. അത് ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ഒഴുകുന്നു. എന്റെ എല്ലാ ശക്തിയുമായിരുന്ന എന്റെ ഏട്ടൻ പോയതോട് കൂടിയാണ് ഞാൻ ഇതെല്ലാം മനസ്സിലാക്കിയത്.

ഞാനീ ജനാലയൊന്ന് അടച്ചോട്ടെ! എനിയ്ക്കീ ബസ്സിന്റെയും കാറിന്റെയും ഒക്കെ ശബ്ദം അലോസരമുണ്ടാക്കുന്നു. എനിയ്ക്ക് നമ്മുടെ ഗ്രാമത്തിലെ ആറ്റിന്റെ തീരമാണ് ഏറെ പ്രിയം. ഞാനും ഏട്ടനുംകൂടി അവിടെയിരുന്ന് കാണിച്ചിട്ടുള്ള കുസൃതികൾക്ക് കണക്കില്ല. ഈ ആറ്റിന്റെ തീരത്തായിരുന്നു ഞങ്ങളുടെ കുടുംബക്ഷേത്രം. പക്ഷേ ഇപ്പോൾ നാടിന്റെ ഐശ്വര്യമായിരുന്ന ആ ക്ഷേത്രമവിടില്ല. അതും നശിച്ചു. എന്റെ കൊച്ചുഗ്രാമവും നശിച്ചു. ഇനി മണ്മറയാൻ എന്റെ ചില്ലറ ഓർമ്മകൾ മാത്രം. ങ്ഹാ! അങ്ങനെയും ഒരു കാലമുണ്ടായിരുന്നുവെന്ന് ആരെങ്കിലും എപ്പോഴെങ്കിലും ഓർക്കുമോ?

ഹോ! ഈ നഗരത്തിലെ ചൂട് സഹിക്കാൻ വയ്യ. പണ്ട് ഞങ്ങൾ അവധിക്കാലത്ത് മുത്തശ്ശി കാണാതെ ചീനഭരണികളിൽ നിന്നും ഉപ്പുമാങ്ങകൾ എടുക്കും. ഇന്നത്തെ കാലത്ത് ആർക്കെങ്കിലും നല്ല രീതിയിൽ ഉപ്പുമാങ്ങയിടാൻ അറിയുമോ? എന്റെ കൊച്ചുമകളിന്ന് രാവിലെ കൂടി "ഗ്രാൻമാ ഇതാ പിക്കിൾസ്" എന്നും പറഞ്ഞു ഒരു സാധനം എന്റെ കൈയിൽ കൊണ്ടുതന്നു. എന്താണോ എന്തോ? വായിലോട്ട് വെയ്ക്കുമ്പോഴേ ഓക്കാനം വരുന്നു. ഈ കുട്ടിയോട് 'മുത്തശ്ശി' എന്ന് വിളിക്കാൻ പറഞ്ഞാൽ എന്റെ മരുമക്കൾ സമ്മതിക്കില്ല. ഇപ്പോൾ ഇതാണത്രേ പരിഷ്കാരം. പണ്ട് ഞാനും പരിഷ്കാരത്തിന്റെ പിറകെ കുറച്ച് ഓടിയതാണല്ലോ. അതുകൊണ്ട് തന്നെ ഞാൻ ഒന്നും പറയുന്നില്ല. പക്ഷേ എന്റെ മരുമകളുടെ പരിഷ്കാരം കാരണം കുഞ്ഞുങ്ങൾക്ക് കുടലിന്നസുഖം ഒന്നും ഉണ്ടാകാതിരുന്നാൽ മതിയായിരുന്നു. എന്താണിപ്പോൾ പലഹാരം എന്ന് പറഞ്ഞ് തിന്നുന്നത്? പണ്ട് തറവാട്ടിലുണ്ടാക്കുമായിരുന്ന മാമ്പഴത്തിരയെക്കുറിച്ചോർക്കുമ്പോൾ തന്നെ വായിൽ വെള്ളം വരുന്നു. ഇനി അതൊന്നും ഓർക്കാതിരിക്കുന്നതാണ് നല്ലത്. കാരണം.. കഴിഞ്ഞ കാര്യങ്ങളെപ്പറ്റി ഇനി എന്തിനോർക്കുന്നു? ഭാഗത്തിൽ തറവാട് ലഭിച്ച ചേച്ചി അത് പൊളിച്ച് കളഞ്ഞിട്ട് ഒരു കുറ്റൻ ഇരുനില മാളിക വച്ചു. പിന്നെന്തിന് ഞാൻ മാത്രം പഴയ ഓർമ്മകളുമായി ഇരിക്കുന്നു.?

പണ്ട് ഞാനെന്റെ മക്കളേയും അനന്തിരവരേയും വരച്ച വരയിൽ നിർത്തിയിരുന്നു. ഇന്ന് ഞാൻ... എന്റെ അമ്മായിക്ക് സുഖമില്ലാതിരുന്ന അവസരത്തിൽ ഞാൻ തന്നെയാണ് അവരുടെ സമീപത്തിരുന്ന് ശ്രുശ്രൂഷിച്ചത്. എന്റെ എല്ലാ സാമൂഹിക പ്രതിബദ്ധതകളും അപ്പോൾ ഞാൻ മറന്നു. പക്ഷേ ഇപ്പോഴെന്റെ മക്കളോ മരുമക്കളോ ആരും തന്നെ

I.A.S

Near T.K.M. Arts and Science College,
Karicode

The pioneer of all the Educational Institutions that are now seen at Karicode. The highest result maker with its well experienced Masters of Arts, Science and Commerce.

Classes:-

P.D.C, All groups parallel and going
B.A., B.Sc., B.Com.
New introduction: - B.A. Malayalam Main


Director

Courteous Service ! Moderate Price !
Car parking facility



Ambadi Super Market

A Narayanan Shopping Complex,
Kadappakada, Kollam-8. Ph: Shop: 76649 Resi: 76687



Impeccable Quality Provision, Grocery etc.
Novel Presentations Articles & All Stationery items



എന്റെ സമീപത്തില്ല. അവർ എവിടെ പോകുന്നതിനും എനിക്ക് വിഷമ മില്ല. ഇതും ഒരു യോഗമാണ്. സഹിക്കയല്ലാതെ എന്ത്. ചെയ്യാൻ!

മധ്യവയസ്കയായ ഞാൻ സാമൂഹ്യരംഗത്ത് പ്രവർത്തിച്ചതിന്റെ പേരിൽ എന്തൊക്കെ കേട്ടു; എന്തൊക്കെ സഹിച്ചു. നമ്മുടെ ഈ സമൂഹത്തിലുള്ള പല അഴിമതികളും എന്റെ പേന പുറത്ത് കൊണ്ട് വന്നു. അത്കൊണ്ട്തന്നെ സമൂഹത്തിലെ പല ഉന്നതന്മാരും എന്റെ ശത്രുക്കളായി. അവർ എനിക്കെതിരെ പലതും പ്രചരിപ്പിച്ചു. എന്റെ ഏട്ടനെക്കൂടി അവർ വെറുതെ വിട്ടില്ല. അദ്ദേഹത്തിന്റെ നേർക്ക് അവർ ആരോപണങ്ങളുടെ ശരവർഷമെയ്തു. പാവം! നിശിതമായ ഈ വിമർശനങ്ങൾ താങ്ങാനാവാതെയാണ് അദ്ദേഹം... അതോടെ ഞാൻ തളർന്നു. ഒന്നും എഴുതുവാനോ പറയുവാനോകൂടി ശക്തിയില്ലാത്തവളായി. ഞാൻ എന്റെ കർമ്മമേഖലയിൽ നിന്നും പിന്തിരിയുവാൻ തീരുമാനിച്ചു. അതായിരുന്നു എന്റെ ശത്രുക്കൾക്കും വേണ്ടിയിരുന്നത്. എനിക്കേറ്റ വിമർശനങ്ങൾ സഹിക്കാനാകാതെയാണ് അദ്ദേഹം മരിച്ചതെന്ന വസ്തുത വളരെ വൈകിയാണ് ഞാനറിഞ്ഞത്. അതെന്നെ ഒരു വിഷമവൃത്തത്തിലാക്കി. പക്ഷേ പിന്നീട് ഞാൻ ഉണർന്നു. എന്റെ ഒറ്റ ശത്രുക്കളെയും ഞാൻ വെറുതെവിട്ടില്ല. സമൂഹത്തിനെ വിഴുങ്ങാനായി പല്ലിളിച്ച് കൊണ്ട് വന്ന എല്ലാ ഛിദ്രശക്തികളെയും ഞാൻ തകർത്തു; എന്റെ തൂലികയുപയോഗിച്ച്. എന്റെ ഭാവങ്ങളെ ഏറ്റവും തീവ്രമാക്കി ഞാനെഴുതി. അതുകൊണ്ടെന്തുണ്ടായി– പല ഉന്നതന്മാർക്കും ഉറക്കമില്ലാത്ത രാവുകൾ; പലർക്കും വെളിയിലിറങ്ങാനാവാത്തവസ്ഥ. ഞാൻ ഏറ്റവും കൂടുതൽ സന്തോഷിച്ച അവസരമാണത്.

ഇനി അതൊന്നും ഓർക്കണ്ട! ഞാനിന്ന് ഒറ്റയ്ക്കാണ്. ഈ ഏകാന്തതയെ ഞാനിപ്പോൾ ഇഷ്ടപ്പെടുന്നു. പക്ഷേ കാലന്റെ കാലൊച്ചയ്ക്കായി ഒറ്റയ്ക്ക് കാതോർക്കുക... കാവിലമ്മേ എനിയ്ക്ക് ശക്തി തരണമേ. ഏകാകിയും ദുർബലയുമായ ഈ വൃദ്ധയ്ക്ക്.....

PRIME
INDIA
Quality par Excellence
Jawahar Jn., Kollam-1. Phone : 77606.
Centre for Advanced Training in Med/Engg. Entrance Exams
ONE YEAR FULL TERM INTENSE TRAINING IN MED/ENGG
ENTRANCE FOR BOTH REGULAR AND REPEATERS IN PHYSICS & CHEMISTRY
Director R. SASEENDRAN

The Perfect Partner for a Promising Future
PRIME GUIDANCES
Jawahar Junction, Kollam-691 001. Phone: 77606
100% RESULT ORIENTED CLASS ROOM TUITION FOR
PDC/XI/XII : PHYSICS & CHEMISTRY
DEGREE : PHYSICS (Main & Subsidiary)
AND ENGINEERING PAPERS
Prime People - the Professional Pacesetters
Director R. SASEENDRAN

Prisma

നിങ്ങൾക്ക് ആവശ്യമുള്ള എന്തും എന്തും
ഒരു വീട്ടമ്മയ്ക്ക് വീട്ടിലേക്ക് ആവശ്യമുള്ള ഏത് സാധനങ്ങളും ഇഷ്ടപ്രകാരം തെരഞ്ഞെടുക്കുന്നതിന്
സമീപിക്കുക

പി. കെ. ഫാമിലിഷോപ്പ്

വിംപി കോപ്ലക്സ്
കരീക്കോട്, കൊല്ലം.

ചെഗുവേര വിപ്ലവത്തിന്റെ ഇതിഹാസം

പ്രശാന്ത് വി. പി. II Physics

നാൽപ്പതു വയസ്സ് തികയുന്നതിനുമുമ്പ് അമേരിക്കൻ സാമ്രാജ്യവാദികളുടേയും അവരുടെ കൂലിപ്പടകളുടേയും വഞ്ചനക്കും ക്രൂരതയ്ക്കും വിധേയനായി രക്തസാക്ഷിയായി തീർന്ന മേജർ ഏനാസ്റ്റ് ചെഗുവേര (1928–67) ഇതിനകം തന്നെ ഇരുപതാം നൂറ്റാണ്ടിലെ ഇതിഹാസപുരുഷൻമാരിൽ ഒരാളായി മാറിയിരിക്കുന്നു. 1967 ഒക്ടോബർ 9–ാം തീയതിയാണ് നീചൻമാർ ചെഗുവേരയുടെ വിലപ്പെട്ട ജീവൻ അപഹരിച്ചത് കാലം കൊടുങ്കാറ്റിന്റെ വേഗതയോടെ പായുകയാണ്. സമകാലീന ജീവിതത്തിൽ അരങ്ങു തകർത്താടിയ പലരും വിസ്മൃതിയുടെ ചക്രവാളത്തിൽ ഒന്നിനു പിറകെ ഒന്നായി മറയുന്നു. എന്നാൽ ചെഗുവേരയുടെ സ്മരണ കാലം ചെല്ലുന്തോറും ഒന്നിനൊന്ന് തിളക്കം കൂടിവരികയാണ്. ഇപ്പോഴും ലോകമെങ്ങുമുള്ള സ്വേച്ഛാധിപതികളും യാങ്കികളായ കിരാതരും ചെഗുവേരയുടെ നാമസ്മരണ മാത്രയിൽ ഞെട്ടിത്തെറിയ്ക്കുന്നു. ചെഗുവേരയുടെ ഒരു ജീവചരിത്രകാരൻ ഇങ്ങനെ പറയുന്നു. "ലോകത്തിലെ സമ്പന്നരാഷ്ട്രങ്ങൾക്കും പല ദരിദ്രരാഷ്ട്രങ്ങളിലും ഭരണം നടത്തുന്ന അഴിമതി നിറഞ്ഞ സർക്കാറുകൾക്കും മൃതമായ ചെ ഭീകരനും ചൈതന്യവാനുമായ ഒരു ശത്രുവത്രെ" ഇങ്ങനെയാണ് ആൻഡ്രൂസിങ്ക് ഇയർ പറഞ്ഞിട്ടുള്ളത്.

1997 ഒക്ടോബർ 9 ലോകമെങ്ങുമുള്ള വിപ്ലവകാരികളുടെ ആവേശമായി ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേയ്ക്ക് വിപ്ലവത്തിന്റെ തീജ്വാലയായി സംക്രമിച്ച മേജർ ഏണസ്റ്റോ ചെഗുവേരയുടെ മുപ്പതാം രക്തസാക്ഷിദിനം. ഇരുപതാം നൂറ്റാണ്ടിലെ ഇതിഹാസ പുരുഷൻമാരിൽ ഒരാളായിതീർന്നു ചെഗുവേരയുടെ സ്മരണ എത്രകാലം ചെല്ലുന്തോറും പ്രസക്തി വർദ്ധിക്കുകയാണ്.

അതിധീമനായ വിപ്ലവകാരി ഉന്നതനായ വിപ്ലവതത്വശാസ്ത്രജ്ഞൻ മാനവപുരോഗതിക്കും മോചനത്തിനും വേണ്ടി രക്തസാക്ഷിത്വം വരിച്ച ഐതിഹാസിക പുരുഷൻ, വിജയകരമായ ക്യൂബൻ വിപ്ലവത്തിൽ കാസ്ട്രോയുടെ വലംകൈയായി പ്രവർത്തിച്ച പോരാളി, വിപ്ലവത്തിനുശേഷം സോഷ്യലിസ്റ്റ് നിർമ്മാണത്തിന് ഗണ്യമായ സംഭാവന നല്കിയ പ്രതിഭാശാലി, അമേരിക്കൻ ഭൂഖണ്ഡത്തിൽ അനുദിനം പടർന്ന് കയറുന്ന വിപ്ലവത്തിന്റെ ആദ്യ പഥികൻ, എന്നീ നിലകളിലെല്ലാം ഇരുപതാം നൂറ്റാണ്ടിന്റെ വിപ്ലവചൈതന്യത്തിന്റെ പ്രതീകമാണ് മേജർ ഏണസ്റ്റോ ചെഗുവേര.



Phone: Shop: 77921

Gayathre
READY MADES


Main Road, Quilon - 691 001, Kerala.
C.S.T. 12116786 K.G.S.T. 12111786

Books
Books, Books
Books, Books, Books
For Books

CRS BOOK CENTRE

Vimpy Shopping Complex,
Karicode.

Our brother concern
VASANTHA BOOK STALL
SN College Jn.,
Kollam



ഒരു പരേതന്റെ ഡയറിക്കുറിപ്പ്

(സംഭവ കഥ)

1996 ആഗസ്റ്റ് 10 ചരിത്രമുറങ്ങുന്ന കൊല്ലം നഗരത്തിൽ അന്തരിച്ച ജനാബ് തങ്ങൾകുഞ്ഞ് മുസലിയാർ സ്ഥാപിച്ച ടി. കെ. എം. കോളേജിലെ ബഹുമാന്യനായ പ്രിൻസിപ്പാൾ ലഫ്: കേണൽ ബഷീർ കണ്ണ് സാറിന്റെ ഫോൺ ശബ്ദിച്ചു. ഹലോ ടി. കെ. എം. കോളേജല്ലേ. 'അതെ' രണ്ടാംവർഷ ബികോം വിദ്യാർത്ഥിയുടെ ബന്ധുവിന്റെയായിരുന്നു ആ ശബ്ദം. കൊല്ലം റാണാ ഹാളിനുമുന്നിൽ സംഭവിച്ച ബൈക്ക് ആക്സിഡന്റിൽ ബികോം വിദ്യാർത്ഥി അന്തരിച്ചു. താൻ പ്രിൻസിപ്പാൾ ആയിരുന്ന ആ കോളേജിലെ ഒരു വിദ്യാർത്ഥിയുടെ മരണം പ്രിൻസിപ്പാളിനെ എത്രത്തോളം വേദനിപ്പിക്കുമോ അത്രത്തോളം തന്നെ ആ മനസ്സിനെ വേദനിപ്പിച്ചു. ആ വിദ്യാർത്ഥി കോളേജ് യൂണിയൻ ഭാരവാഹിയും കാമ്പസിലെ മിമിക്രിതാരവും കൂടിയാണെന്ന് കൊമേഴ്സ് വിഭാഗത്തിലെ അദ്ധ്യാപകർ മുഖേന അറിഞ്ഞപ്പോഴാണ് സൂസ്മേദവദനനായി തന്റെ മുന്നിൽ പലവട്ടം എത്തിയിട്ടുള്ള ആ വിദ്യാർത്ഥിയുടെ മുഖം പ്രിൻസിപ്പാളിന് ഓർമ്മ വന്നത് അതുകൊണ്ടുതന്നെ ആ ദുഃഖവാർത്ത ആ വലിയ മനസ്സിന്റെ നടുക്കം വർദ്ധിപ്പിച്ചു. വീണ്ടും ഫോൺ ശബ്ദിച്ചു. ടി. കെ. എം. കോളേജല്ലേ? അതെ. ഉദ്യോഗം വർദ്ധിപ്പിച്ചുകൊണ്ടുള്ള നിമിഷങ്ങൾ അത്യാഹിതം സംഭവിച്ച വിദ്യാർത്ഥിയുടെ മൃതദേഹം എപ്പോഴെത്തുമെന്ന് അറിയാനായി സായാഹ്നപത്ര മോഫീസിൽ നിന്നുള്ളഫോൺ. വേദനയോടെ 'അറിയില്ല.'

പ്രിൻസിപ്പാളിന്റെ മുറിയിൽ നിന്നും ഓഫീസ് സ്റ്റാഫുകളിലേക്കും അവിടെനിന്നും മുഴുവൻ അദ്ധ്യാപകരിലേക്കും ആ വാർത്ത പടർന്നു. പ്രിൻസിപ്പാളിന്റെ നിർദ്ദേശപ്രകാരം കോളേജ് യൂണിയൻ ഭാരവാഹികൾ അടിയന്തിരമായി സമ്മേളിച്ചു. നൊമ്പരത്തോടെ ആത്മസുഹൃത്തുക്കളും യൂണിയൻ ഭാരവാഹികളും അടങ്ങിയ ഒരുകൂട്ടംപേർ സാധാരണ അപകടമരണം സംഭവിച്ചാൽ പോസ്റ്റുമാർട്ടത്തിന് ശവശരീരം കൊണ്ടുപോകാറുള്ള മോർച്ചറിയിലേക്ക് പാഞ്ഞു. പക്ഷേ ഉച്ചയ്ക്ക് 12 മണിവരെ ആ പേരിൽ ഒരു വിദ്യാർത്ഥിയുടെ മരണവും റിപ്പോർട്ട് ചെയ്തിട്ടില്ല. മുഴുവൻ പേരുടേയും ആശങ്കവർദ്ധിപ്പിച്ചു. ഒടുവിൽ അവർ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് ശവശരീരം കൊണ്ടുപോയിട്ടുണ്ടാകും എന്ന നിഗമനത്തിൽ വേദനയോടെ ടി. കെ. എമ്മിന്റെ മണ്ണിലെത്തി. സംഭവിച്ചതെന്തെന്ന് കുറെവ്യക്തമായി അറിയാനായി ഒരുകൂട്ടംപേർ അന്തരിച്ച വിദ്യാർത്ഥിയുടെ ആത്മസുഹൃത്തായ രജ്ഞിത്കുമാറിന് ചുറ്റുംകൂടി . രജ്ഞിത് കുമാറിനും തന്റെ സുഹൃത്ത് രാവിലെ വീട്ടിൽനിന്നും ഇറങ്ങിയതായി മാത്രം അറിയാം. ഏതായാലും അവനെന്തോ സംഭവിച്ചിട്ടുണ്ട്. അല്ലെങ്കിൽ അതിരാവിലെ എന്നും കാമ്പസിലെത്തുന്ന അവൻ എന്തേ ഇതുവരെ എത്തിയില്ല. എന്ന് വേദനയോടെ പറഞ്ഞ ശേഷം വിവരങ്ങൾ കൂടുതൽ അറിയാനായി ഓഫീസ് മുറിയിലേക്ക് പാഞ്ഞു. ഇതിനിടെ കൊല്ലത്തെ പ്രമുഖ ആശുപത്രികളായ ശങ്കേഴ്സിലും, ഉപാസനയിലും പോയവർ വ്യക്തമായ ഒരു വിവരവുമില്ലാതെ തിരികെ കാമ്പസിലെത്തി. കാമ്പസ് മുഴുവൻ ആകെ ഒരു മൂകാന്തരീക്ഷം. അങ്ങിങ്ങ് റീത്ത്നായുള്ള പിരിവുകളും. ഇതിനിടെ ഒരു വിരുതൻ അന്തരിച്ച വിദ്യാർത്ഥിയുടെ സുന്ദരിയും സൽസ്വഭാവിയും, സൂസ്മേദവദനയുമായ സ്നേഹഭാജനത്തെ തേടിപ്പിടിച്ച് 'എന്തെ ഇന്ന് ആളിനെ കണ്ടിലല്ലോ' എന്നൊരു കമ്മ്യൂട്ടേഷൻ. എരിതീയിൽ എണ്ണയൊഴിച്ച് ആ വിരുതൻ മുങ്ങി. എങ്കിലും ആത്മാർത്ഥയുടെയും സ്നേഹത്തിന്റെയും



YOU'VE ALWAYS WANTED A GREAT CAREER.

We give it to you in just 2 years.

APTECH

SHOWS YOU HOW

We've already created over 50,000 flourishing careers. At Godrej, Tata, Shaw Wallace, PAL-Peugeot, Bajaj, Brooke Bond, Pond's, etc., you'll be sure to meet ex-Aptechites. All of them riding the fast lane to career success. And enjoying the type of life that you have always dreamed about.

We have achieved this with our wide variety of courses. Particularly our 2-year Info-Power course that prepares you to be a world-class programmer. If you want to study further, you can do another 2 years and earn an international B.Tech. degree sitting right here in India.

To be a success in today's world, you too need a career that you can excel in and which rewards you handsomely. Recognising this and understanding your ambitions, Aptech has created the highly sophisticated and scientific Aptech Career Guidance Drive. Grab this unique opportunity that the Aptech Career Guidance Drive offers you. Walk into any Aptech centre and meet our highly professional yet friendly counsellors. Special computerised aptitude tests and counselling sessions will help you realise your individual potential and identify the right career for you. It will then guide you to choose from a wide range of computer courses that can help you in the profession of your choice.

So, if you are at the cross-roads of life, wanting to ensure the right career path, come to the Aptech Career Guidance Drive and let us help you take off on a great career.

Aptech, the leaders of IT education in Asia: Aptech has never been content merely moving with the times. Our corporate philosophy has always been to stay one step ahead. This has seen us emerge as the true Asian giant of IT education. Today, we have;

- Over 600 centres in 8 countries
- Collaborations with international Universities like open University of British Columbia, Canada; Pace University-USA; University of Northumbria, UK.
- Our very own website on the Internet: Astrocity.
- Pioneered tele-education in India.
- ISO 9001 certification for Education Support Services.
- Launched the first-ever IT course on the Internet in India.
- International B.Tech. degree in India.
- 5 successful divisions that virtually span all aspects of IT education.
- 4000% Growth in 10 years.

** International B.Tech. degree is awarded by the Open University of British Columbia, to Aptech 4-year students who clear the Open University of British Columbia exam.*

APTECH

COMPUTER EDUCATION

We *change* lives

IInd Floor, Rukiya Buildings,
Near Kottakal Arya Vaidyasala
Beach Road, Kollam-1.
Phone : 741540

Classes

വിലയറിയാവുന്ന ഒരുകൂട്ടം മനസ്സുകളിൽ കടിച്ചമർത്തിയ വേദന.

സമയം ഉച്ചയ്ക്ക് രണ്ട് മണി. കൊല്ലം മുളങ്കാടകം ദേശീയപാതയ്ക്ക് സമീപം ഒരു വീടിന് മുന്നിൽ കുറെ വിദ്യാർത്ഥികൾ കൂട്ടംകൂടി നില്ക്കുന്നു. ചിലർ ആകാംശയോടെ വീടിനുള്ളിലേക്ക് നോക്കി തന്നെ നില്ക്കുന്നു. മുകമായ അന്തരീക്ഷം. അവർ പതിഞ്ഞ സ്വരത്തിൽ പിറുപുറുക്കുന്നു. "ഉടനെകൊണ്ട് വരുമായിരിക്കും അല്ലേ" ആ അറിയില്ല. വീടിന്റെ പരിസരത്ത് അധികം പേർ അറിഞ്ഞിട്ടില്ലെന്നാണ് തോന്നുന്നത്. ഒരു വെള്ള അംബാസിഡർ കാറ് അവരുടെ മുന്നിൽ വന്ന് ബ്രേക്കിട്ടു. എല്ലാവരും കാറിനുള്ളിലേക്ക് എത്തിവലിഞ്ഞ് നോക്കി. കാറിന്റെ സീറ്റിന് സൈഡിൽ ഇരുന്നയാൾ ചെറുപുഞ്ചിരിയോടെ ചോദിച്ചു. 'തുരവനന്തരുത്തേയ്ക്ക് പോകുന്ന വഴി...' 'ഒ' നേരെ പോയാൽ മതി. സിദ്ധിഖ് ദീർഘനിശ്വാസത്തിൽ പറഞ്ഞു. വീണ്ടും ആകാംശയുടെ നിമിഷങ്ങൾ

നിമിഷനേരത്തിനകം ഒരു ഇരുചക്രവാഹനം അവർക്കരികിലെത്തി. പിന്നിലിരുന്ന ആൾ വാഹനത്തിൽ നിന്നിറങ്ങി നടന്നു. റോഡിനരികിൽ നിന്നിരുന്ന വിദ്യാർത്ഥികൾ മുഴുവൻ ശ്വാസമടക്കിപ്പിടിച്ച് വിശ്വസിക്കാനാവാത്ത പോലെ... ബൈക്കിൽ നിന്നിറങ്ങിയ വ്യക്തിയെ അത്ഭുതത്തോടും, സഹതാപത്തോടും, ആശ്ചര്യത്തോടും നോക്കി. അതാ മരിച്ചെന്ന് പറയപ്പെട്ട അവരുടെ സഹപാഠി. ഏവരും അടുത്തേക്ക് ചെല്ലാൻ ആദ്യം ഒന്നറച്ചു. പിന്നെ മെല്ലെ തൊട്ട് നോക്കി... ഇല്ല കുഴപ്പമില്ല. പിന്നെ ഈ കേട്ടതെല്ലാം...

ഒന്നുമറിയാതെ, മരണം പോയിട്ട് ദേഹത്തൊരുപോറൽ പോലുമില്ലാത്ത ആ പാവം വിദ്യാർത്ഥി എല്ലാവരോടുമായി. ചിരിച്ച് കൊണ്ട് ചോദിച്ചു.

"എന്താ അളിയാ എല്ലാവരുംകൂടി..."

എ! എന്താ...

നടന്നതെല്ലാം അറിഞ്ഞ് കഴിഞ്ഞപ്പോൾ അവന് വിസ്മയം മാത്രം. തങ്ങളുടെ പ്രിയസുഹൃത്തിന് റീത്ത് സമർപ്പിക്കാനെത്തിയവർ പ്രിയപ്പെട്ട 'പരേതനെ' ജീവനോടെ കോളേജിലേക്കാനയിച്ചു. ക്യാമ്പസിലെ പുകമറ നീങ്ങി 'പരേതൻ പ്രത്യക്ഷനായി'

കലാലയജീവിതത്തിൽ ഒരു നാൾ ക്യാമ്പസ്സിൽ എത്താതെ പിതൃസഹോദരന്റെ മകന്റെ പിറന്നാളിൽ പങ്കെടുക്കാൻ പോയി എന്ന ഒരൊറ്റതെറ്റ് കൊണ്ട് ആ വിദ്യാർത്ഥി പരേതനായി. ഏതായാലും ഒടുവിൽ റ്റി. കെ. എമ്മിന്റെ ക്യാമ്പസിൽ പരേതന് പുനർജന്മം.

നഷ്ടപ്പെട്ടത് തിരിച്ച് കിട്ടിയ പ്രിയപ്പെട്ടവളുടെ നയനങ്ങളിൽ സന്തോഷാശ്രുക്കളാൽ ഈറനണിയുന്നു. പലർക്കും ഓർമ്മകളിൽ നടുക്കം സൃഷ്ടിക്കുന്ന ആ വിപ്ലവത്തിന് തുടക്കം കുറിച്ചത് ഏതോ അപരൻ 1 രൂപ 35 പൈസ മുടക്കി വിളിച്ച ഫോൺ കാൾ. എന്തിനെന്നറിയില്ല? ആ കോളിളക്കം നാമ്പെടുത്ത മസ്തിഷ്കം ഇപ്പോഴും അജ്ഞാതമായി കഴിയുന്നു.

ഒരുവനായി.... അപരനായി..

ഒരിക്കലും ഒരുവനും ആഗ്രഹിക്കാത്ത ഒരു മൃത്യു, തന്റെ ജീവചരിത്രത്തിൽ തുന്നിച്ചേർത്ത ചെകുത്താന്റെ മനസ്സുള്ള ആ കറുത്ത രൂപത്തെ ജീവനുള്ള ആ ആത്മാവ് ഇന്നും തേടുന്നു. എന്തിനെന്നോ?

തന്റെ ഓർമ്മയുടെ താളുകളിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്താവുന്ന അപൂർവ്വങ്ങളിൽ അപൂർവ്വമായി ഒരു മരണം തനിക്ക് സമ്മാനിച്ച് ആ ദിവ്യാത്മാനിനെ ഒന്ന് ജീവനോടെ കണ്ടാൽ...

ഒന്ന് തൊഴാൻ...

അത്രമാത്രം...

സഫീർ എസ്.
II B.Com.

BEST JOKE

SINGULAR & PLURAL

The teacher asked the students, "Is trousers singular or plural?"

A smart boy stood up and said, "Sir, the upper part is singular and the lower part is plural."



"ഞാനൊരു ദുഃഖപുത്രി"

കളിച്ചുകൊണ്ടന്നാകടലിന്റെ തീരത്ത്
കുറിച്ചുവച്ചതോർക്കുന്നു. "ഞാനൊരു ദുഃഖപുത്രി".
കാലചക്രം കറങ്ങവേ ഞാനോർത്തില്ലൊരിക്കൽപോലും
ആവാക്യമെന്നിൽ യാഥാർത്ഥ്യമാകുമെന്ന്

കൊഞ്ചിക്കുഴഞ്ഞുകളിച്ചുള്ള ശൈശവം
മതിമറന്നാടിപ്പാടിയ കൗമാരം;
സുന്ദരസുരഭില സ്വപ്നങ്ങളുംകൊണ്ട്
യൗവ്വനകാലവും കടന്നുപോയി
അപ്പോഴേഞാനറിഞ്ഞുള്ളൂ ജീവിതമെന്ന
നടുകടലിൻ അഗാധതയെ.


ഇതുവരെയെത്തുന്നുവെൻ ചിന്ത അപ്പോഴോ
തോന്നുന്നുലോകമൊരുമായയായി.
കുറ്റങ്ങൾ സമ്മതിയ്ക്കും കാലമാണത്.
കുഞ്ഞുങ്ങളേ നിങ്ങളറിയുന്നുണ്ടോ?
നിങ്ങൾതൻജീവിത രഥചക്രം പായുമ്പോൾ
തിരിഞ്ഞുനോക്കാൻ നിങ്ങൾക്കാകുമെങ്കിൽ
ഓർക്കുമോനിങ്ങളീ ദുഃഖപുത്രിയെ?

ഷെമീറാ ബി.
I.P.D.C.




Kala Prathibha :
Safeer. S
(TKM College)

K.U. Mimicry Winner



Kilimanoor Sajad

Kerala University Winners



Renjith Kumar (Mimicry), Safeer. S. (Monoact)



Receiving Bishop Jerome Memorial Overall Championship Trophy

Best Complir :nts:

Abhilash Jewellery

Bishop Jerome Nagar, Kollam.

Best Compliments from:

ASHOK

BOOKS & STATIONERS


Main Road, Kollam.

Phone : 741676

Books, Guides, College text book, General Books, Forms,
Office Stationeries, Computer Stationeries, Art Materials,
Engineering Instruments etc.

ജീവിതം ഏകാന്തമാകുമ്പോൾ

കിരൺ II B.Com.



തിനുമുടിക്കാനായി എവിടുന്നെങ്കിലും കയറി വന്നോളും ശകുനങ്ങൾ. പോയി ആ തൊഴുത്ത് ഒന്ന് വൃത്തിയാക്കെടാ.

ദിവസവും കേൾക്കുന്നതായതുകൊണ്ട് ഞാനത്രകാര്യമാക്കിയില്ല. തിന്നാൻ തുടങ്ങിയ പഴമ്പോറ് ബാക്കിയെടുത്ത് പട്ടിയ്ക്ക് നൽകി ഞാൻ തൊഴുത്തിലേക്കുപോയി.

ഇത് മനയ്ക്കൽ തറവാട്, കോലംകോട്ട് ഗ്രാമത്തിന്റെ പ്രൗഢി വിളിച്ചോതുന്ന കൊട്ടാര സദൃശമായ തറവാട്. തറവാട് മുറ്റം നിറയെ പൂക്കൾ അവ പരത്തുന്ന മണം. ആ മണം ശ്വസനേന്ദ്രിയത്തിൽ എത്തിക്കനൊരു ഇളം കാറ്റും കാറ്റിനെ സഹായിക്കാൻ. ഒരു അരുവിയും അതിന്റെ വളക്കൂറ് ഉള്ള ഒരുപാടവും ഇതെല്ലാം മനയ്ക്കൽ തറവാടിന് സ്വന്തം അവിടത്തെ പരേതനായ ജഡ്ജിയദ്ദേഹത്തിന്റെ സമ്പാദ്യം.

"എടാ, രാമുവേ നീയാമാളവികയുടെ കാര് തുടച്ചില്ലേ?"

"ഞാൻ ദാവരുന്നേ."

"ചാകുന്നേന് മുൻപിങ്ങ് എത്തുമോടാ"

ഞാൻ മനഃപൂർവ്വമാ അവരുടെ കാറു തുടയ്ക്കാതിരിക്കുന്നത്. അങ്ങോട്ട് ചെല്ലുമ്പോൾ അവരുടെ ഭാവവും മട്ടുമൊക്കെ കാണുമ്പോൾ എനിയ്ക്ക് ദേഷ്യം വരും. പോക്ക് കണ്ടാൽ വിചാരിക്കും വല്ല ഡോക്ടറോ എൻജിനീയറോ ആണെന്ന്. പ്രീഡിഗ്രിക്ക് ഇത് എത്രാമത്തെ സെപ്റ്റംബറാണെന്ന് ആ കൂട്ടിക്കിപോലുമറിയില്ല. എന്റെടുത്തെന്തിനാ അവരിങ്ങനെ ചാടികയറുന്നത്. ഞാനുമീവീട്ടിലെ ഒരംഗമല്ലേ. അതിനർത്ഥമില്ലല്ലോ. ശരിയാ അല്ലെങ്കിലും പുറംപോക്കിന് വിലയില്ലല്ലോ. കണ്ണിൽ നിന്നെന്തോ പോഴിഞ്ഞതുപോലെ ഒരു കണ്ണീർതുള്ളിയാണ് വിലയില്ലാത്തവ.

എടാ പൊട്ടാ നീയിങ്ങ് വന്നേ മാർക്കറ്റിൽ പോന്നേന് മുമ്പ് നീയാ ഷൂസൊന്ന് പോളീഷിട്ടെ. അവിടെയെങ്ങാനും വെച്ച് തേയ്ച്ചാൽ നിന്നെ ഞാൻ.....

****

ഭഗവാനേ 12 മണിയായോ മൂന്ന് മണിയാവുമ്പോൾ വിളിച്ചുണർത്തുകയും ചെയ്യും ഞാൻ ചെന്നാ പുവൻകോഴിയെവരെ രാവിലെ കൂവിക്കുന്നത്. പക്ഷേ അന്നെനിയ്ക്ക് ഉറക്കം വന്നില്ല. അല്ലെങ്കിലും ഉറങ്ങാറില്ല മൂന്നുമണിയും നോക്കിയാണ് കിടക്കുന്നത് തന്നെ. എങ്കിലും അതിൽ നിന്ന് വ്യത്യസ്തമായിരുന്നു അന്ന് തറവാട്ടിൽ വിരുന്ന് വന്നവർ ഞാനാരെന്ന് ചോദിച്ചു. അതിവിടെ ജോലിക്ക് നിൽക്കുന്ന ചെറുക്കനാ. എനിയ്ക്ക് ഇടിച്ചുകയറി പറയണമെന്നുണ്ടായിരുന്നു, "തറവാട് കാരണവരുടെ (ജഡ്ജി) അറ്റാക്കായ ദിവസത്തിന്റെ ബാക്കിപത്രമാണെന്ന്." പക്ഷേസാധിച്ചില്ല.

കാര്യങ്ങൾ സമാനശക്തിയ്ക്ക് അപ്പുറത്തേയ്ക്ക് മാറിയപ്പോൾ എനിക്കവിടെ നിൽക്കാൻ കഴിഞ്ഞില്ല. മനസ്സിലെ അടിമ, അവൻ ചങ്ങല തകർത്തു ഇറങ്ങിവന്നു. അന്ന് ആ തറവാടിനോട് വിടചൊല്ലി എല്ലാവരുമുള്ള 'ആരുമില്ലാത്ത' ആ തറവാടിനോട് വിടചൊല്ലി. അന്തമില്ലാതെ

Best Printing... Quick Service...

M A N A M A

AL - MANAMA COLOUR LAB

Municipal Building, Tower Jn., Kollam - 1.
Phone : 70056, 745821

world-class fashion wear

for the whole family

Panchame
READY WEAR

**Parry & Co. Junction, Main Road,
Kollam. Phone: 746775**

ഏറെ നടന്നു. നടന്നവഴിയിൽ സഹയാത്രികരെയോ നടവഴികളേയോ കാലത്തെയോ അവൻ കണ്ടില്ല. അവസാനം നഗരമതിർത്തിയിലെ ഒരു ഹോട്ടലിൽ എത്തിച്ചേർന്നു. ഭാഗ്യംപോലെ അവിടെ ഒരു ജോലിയും ലഭിച്ചു. അവിടത്തെപോലെ ഇവിടെ എച്ചിലായിരുന്നെങ്കിലും ബന്ധുക്കാരുടെ എച്ചിൽ പാത്രങ്ങളെക്കാൾ എളുപ്പമാണ് അന്യരുടെ ഈ പാത്രങ്ങൾ കഴുകുന്നതെന്ന് തോന്നി.

പക്ഷേ ദിവസങ്ങൾക്കകം ഒരു പനിപിടിപെട്ടു. നല്ലവനായ ഹോട്ടൽ മാനേജർ എന്നെ ഒരു ഹോസ്പിറ്റലിലെത്തിച്ചു. എന്നും രോഗം പിടിപെടണമേ എന്ന് ഞാനാശിച്ചു. കാരണം ഹോസ്പിറ്റലിൽ ധാരാളം പഴവർഗ്ഗങ്ങൾ എന്നെയും കാത്തിരുന്നു. എല്ലാം കൂടാതെ എനിയ്ക്കു വേണ്ടി ഒരു നഴ്സിനെ തന്നെ അവർ നിയമിച്ചു. എല്ലാം ആ നല്ലവനായ മാനേജരുടെ ചിലവായിരുന്നു. എനിയ്ക്ക് നല്ലകാലം തുടങ്ങിയതായി തോന്നി. അതിനിടെ ആ നേഴ്സുമായി ഞാൻ ഏറെ അടുത്തു. ഒരു സഹോദരിയോടുള്ള സ്നേഹം എനിക്കതിനോട് തോന്നി. ഒരുനാൾ എന്നെയവർ ഓപ്പറേഷന് വിധേയനാക്കി. കാര്യമെന്തെന്ന് ഞാനറിഞ്ഞില്ല. അറിയണമെന്ന് തോന്നിയില്ല.


പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ പെട്ടെന്നൊരു ദിനം എന്നെയവിടെനിന്ന് ഡിസ്ചാർജ്ജ് ചെയ്തു. ആ പ്രിയ സഹോദരിയോട് യാത്രപോലും ചോദിക്കാൻ കഴിഞ്ഞില്ല. ദിവസങ്ങൾക്കകം ഞാൻ വീണ്ടുമാഹോട്ടലിൽ ജോലിക്കെത്തി. അവിടെ എന്നെയും പ്രതീക്ഷിച്ചൊരു ലെറ്റർ കിടപ്പുണ്ടായിരുന്നു. എനിയ്ക്കു വിശ്വസിക്കാൻ കഴിയാത്ത ഒരു ലറ്റർ എന്റെ അമ്മയുടെ മൂത്ത മകളാണ് ആ സഹോദരിയെന്ന് ഞാനാകെ തളർന്നുപോയി.

എത്രയും പെട്ടെന്ന് അവളെ കണ്ടെത്തണമെന്നാഗ്രഹിച്ച് അന്ന് തന്നെ ഞാനാ ഹോസ്പിറ്റലിലെത്തി. അപ്പോഴേയ്ക്കും തന്നേക്കാൾ ആകാംക്ഷയുള്ള അവൾ എന്നേയും തിരക്കി അവിടെ നിന്നും പോയിരുന്നു. അവളെ തിരക്കാൻ ഒരു സ്ഥലവും ബാക്കിയില്ലാതായെങ്കിലും അതിനിടെ വീണ്ടും പനിപിടിപെട്ടു. നല്ലവനായ മാനേജർ എനിയ്ക്ക് 2000 രൂപ തന്നിട്ട് എതിലോ ഒക്കെ ഒപ്പ് വയ്പ്പിച്ചു. കാര്യമെന്തെന്ന് തിരക്കുവാൻ ഞാൻ തുനിഞ്ഞില്ല. അങ്ങനെ ഞാനൊരു സ്വകാര്യ ഹോസ്പിറ്റലിൽ അഡ്മിറ്റുചെയ്യപ്പെട്ടു. സ്വകാര്യ ഹോസ്പിറ്റലിലെ എല്ലാ 'കലാപരിപാടി'കളും എനിയ്ക്കുനേരെയും ഉണ്ടായി. എക്സറേ, സ്കാൻ, രക്തം, കഫം എല്ലാം അവർ ടെസ്റ്റു ചെയ്തു. വെറുമൊരു പനിയ്ക്ക് വേണ്ടി. പക്ഷേ ജീവിതത്തിന്റെ താളസങ്കല്പങ്ങളെ മുഴുവൻ തകിടം മറിക്കുന്നതായിരുന്നു ആ സ്കാൻ റിപ്പോർട്ട്. ഞാനാകെ ഞെട്ടിപ്പോയി.

'വൃക്ക ഒന്നേ ഉള്ളെന്നും അത് തകരാറിലാണെന്നും' കയ്യിലുണ്ടായിരുന്ന കാശ് തീർന്നപ്പോൾ അവർ ആഹോസ്പിറ്റലിൽ നിന്ന് തെരുവിലേയ്ക്കു തള്ളിവിട്ടു. എല്ലാം നഷ്ടപ്പെട്ടതായി എനിയ്ക്കുതോന്നി. ജീവിതം പൈശാചികംപോലെ അനുഭവപ്പെട്ടു. സങ്കല്പങ്ങളെല്ലാം തലകീഴായി മറിഞ്ഞു. മനസ്സിൽ ദൈവത്തിനെ കല്ലെറിഞ്ഞു. സൃഷ്ടികർത്താവിനെ ശപിച്ചു. നടന്നുനടന്ന് ഏതോ ഒരു കടത്തിണ്ണയിൽ വന്ന് കിടപ്പായി.

ഓർമ്മകളിൽ ജീവിച്ച ആ രാമേട്ടനെ എന്റെ സഹോദരനായി ഒരു ദിനം പോലും കാണാൻ കഴിഞ്ഞില്ലല്ലോ എന്ന ദുഃഖത്തോടെ അനേക ദിവസത്തെ അലച്ചിലിന് ശേഷം അവൾ തന്നെ ഹോസ്പിറ്റലിലേയ്ക്ക് ജോലിയ്ക്കായി പോയി. ആ ദിനത്തിന് വളരെയേറെ തണുപ്പനുഭവപ്പെട്ടു. യാത്രയ്ക്കിടയിൽ സഹയാത്രികരേയോ, സ്ഥലമോ, സമയമോ അവൾ ശ്രദ്ധിച്ചില്ല. പക്ഷേ പെട്ടെന്ന് അവളെ എന്തോ പിടിച്ചു നിർത്തി. ഒരു കടയുടെ മുന്നിൽ എന്തോ കാഴ്ചകാണുന്നത്പോലെ കുറെ പേർ വട്ടംകൂടി നിൽക്കുന്നു. കണ്ടവർ കണ്ടവർ പിരിഞ്ഞുപോകുന്നു. അവളെ ഒരു മാസ്മര ശക്തി അങ്ങോട്ടേയ്ക്ക് നയിച്ചു. രണ്ടു പേരെ തട്ടിമാറ്റി അവളുടെ ദൃഷ്ടി അതിനകത്തേക്ക് പോയി. വിശ്വസിക്കാനായില്ല. കൈകാലുകൾ തളരുന്നതായി തോന്നി. തലകറങ്ങി വീഴാൻ തുടങ്ങിയപ്പോൾ ആരോ ഒന്ന് താങ്ങി അടുത്ത ഹോസ്പിറ്റലിലാക്കി.

ഈ വലിയ ഭൂമിയിൽ ഉറ്റവരും ഉടയവരും ആരുമില്ലെന്ന് മനസ്സിലാക്കിയ ആ അനാഥൻ അവരെയൊക്കെതേടി യാത്രയായി. അവരെയൊക്കെ കാട്ടികൊടുക്കാനായി ആരോകൊണ്ടുപോയി... ഏതോ ലോകത്തേക്ക്...



കിളിയും
ഉറുമ്പും
ഞാനും




അദൃഷ്ട വി. എസ്.


എത്ര സുന്ദരം! പിച്ചവെച്ചല്ലയോ
കൊച്ചുറുമ്പുകൾ പോകുന്നു ജാഥയായ്
തളളലില്ലാതെ വാശിയുമില്ലാതെ
പോവതെങ്ങോട്ടവയെന്നു തേടി ഞാൻ
ഞാവലിൻ പഴം തിന്നുവാനല്ലയോ
കൊച്ചുറുമ്പു വരിയിട്ടതിങ്ങനെ
കണ്ടു ഞാവൽപ്പഴമൊന്നു ദൂരെയായ്
ചെന്നവർ മധുരം നുണഞ്ഞീടവേ
പാറിപ്പറന്നൊരു പൈങ്കിളിയപ്പഴം
കൊക്കിലാക്കിപ്പറക്കാൻ തുടങ്ങയായ്
നഷ്ടമായി മധുരം, ഉറുമ്പുകൾ–
മൗനമായ് വിതുമ്പാൻ തുടങ്ങവേ
കിട്ടിയകല്ലു പൊക്കിയെടുത്തു ഞാൻ
ദുഷ്ഠനാം കിളി താഴെ പതിക്കയായ്
എന്നെ നോക്കിക്കിടന്നു പിടക്കുമാ
പാവം തത്തയെ കണ്ടു വിറച്ചു ഞാൻ
എന്തിനെന്തിനീ പാവം കിളിയെ നീ
കൊന്നിടുന്നുവെന്നെൻ മനം ചോദ്യമായ്
എന്തു തെറ്റാണ് ചെയ്തതാ പൈങ്കിളി
തന്റെ ഭക്ഷണം തേടിയണഞ്ഞതോ
ചെയ്ത ക്രൂരതയോർത്തെന്റെ മാനസം
വേദനിച്ചു പ്രതിജ്ഞ എടുത്തു ഞാൻ
'കോപത്തി'ന്നു വഴിപ്പെട്ടു മേലിൽ ഞാൻ
ക്രൂരനാകാൻ തുനിയില്ല നിശ്ചയം.

Co-operative Student Nominees

Naufal



Sajith




Proof Readers


Imam Shah



Niyas



Rajesh



Sanil



Best Compliments:

Chani

Bishop Jerome Nagar, Kollam.
Phone : 743973

For Books, Toys, Stationery, Computer Supplies & Photostat

5% Discount for Computer Books.

Compliments from:

Hotel ARAMANA

Karikode, Kollam. 5.

For tasty foods, soft drinks etc.,

പരിശ്രമം വിജയത്തിലേക്കുള്ള വഴി

ദിലീപ് എം. ആർ. I P.D.C. B. Batch

"പരിശ്രമം ചെയ്യുകിലെന്തിനേയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെ നൽകിയത്രേ.
മനുഷ്യനെപ്പാരിലയച്ചതീശൻ"

ഈ വരികൾ എല്ലാവർക്കും സുപരിചിതമാണല്ലോ "ത്യാഗ മെന്നതേ നേട്ടം" അതായത് ഏതൊരു മഹത്തായ നേട്ടത്തിന്റെ പിന്നിലും ഒരു ത്യാഗത്തിന്റെ കഥ കാണാം. ത്യാഗത്തിലൂടെ അല്ലാതെ (സ്ഥിരപരിശ്രമത്തിലൂടെയല്ലാതെ) വൻ വിജയങ്ങൾ കൈവരിക്കുവാൻ കഴിയുകയില്ല. വിദ്യാഭ്യാസം, ശാസ്ത്രം, രാഷ്ട്രപുരോഗതി എന്നിവയുടെ എല്ലാം പിന്നിലുള്ള തന്ത്രം പരി ശ്രമം തന്നെ എന്ന് നമുക്ക് നിസ്സംശയം പറയാൻ കഴിയും. മേൽപ്പ റഞ്ഞ രീതിയിൽ പരിശ്രമം ചെയ്യണമെങ്കിൽ ഏകാഗ്രതയോടും സമചിത്തതയോടും ആത്മവിശ്വാസത്തോടും ഏത് പ്രവർത്തിയേയും നേരിടണം. ഇത്തരം പ്രവർത്തനങ്ങളിലൂടെ വിജയം കൈവരിച്ച അനേകം മഹാൻമാരെ നമുക്കറിയാം. ജീവിത വിജയത്തിലേക്കുള്ള ഏക മാർഗ്ഗം സ്ഥിര പരിശ്രമമാണ്. ആലസ്യം വിതയ്ക്കുന്നവർക്ക് ഇത് മാത്രമേ വിജയിച്ചെടുക്കാ നാവൂ. "A failure is a stepping stone to success" (പരാജയം വിജ യത്തിന്റെ ചവിട്ടുപടിയാണ്.) അതായത് പരാജയത്തിൽ പതറാതെ ആത്മവിശ്വാസത്തിലൂടെ പരിശ്രമിച്ചാൽ അസാധ്യമായി യാതൊ ന്നുമില്ല എന്ന് നമുക്ക് ഈ പഴഞ്ചൊല്ല് കാണിച്ചുതരുന്നു. തന്റെ പരിമിതികൾ മറന്നുകൊണ്ട് കഠിനാദ്ധ്വാനം ചെയ്താൽ മാത്രമേ ആ വ്യക്തിക്ക് വിജയം കയ്യടക്കാനാകും. വിദ്യാർത്ഥികൾക്ക് വായനയും പഠിപ്പും ഒരു വിനോദമായി അല്ലെങ്കിൽ തപസ്യയായി കണക്കാക്കിയാൽ പരിശ്രമത്തിന്റെ രുചിയെന്തെന്ന് അവർക്ക് മന സ്സിലാക്കാൻ കഴിയും. കാപട്യമില്ലാത്ത പരിശ്രമം ഒരു വ്യക്തിയെ ഉയർച്ചയിലേക്ക് നയിക്കുന്നു.

കൃഷി ചെയ്താൽ ഫലം ഭക്ഷിക്കാം. എല്ലുമുറിയെ പണി യെടുത്താൽ പല്ലുമുറിയെ തിന്നാം. എന്നീ നാടൻ പഴഞ്ചൊല്ലു കൾ ഇവിടെ യോജിക്കുന്നതാണ്. അലസനായ ഒരാൾക്ക് ഒരി ക്കലും വിദ്യ കിട്ടുകയില്ല. നിർദ്ധനനായ ഒരാൾക്ക് മിത്രങ്ങൾ ഉണ്ടാകുകയില്ല. ചങ്ങാതിയില്ലാത്തവന് ഒരിക്കലും സുഖം കിട്ടു കയില്ല. അതിനാൽ മനുഷ്യ ജീവിതത്തെ നിഷ്ഫലമാക്കി തീർക്കുന്ന ഒന്നാണ് ആലസ്യം എന്നോർക്കണം. അതിനാൽ അലസത കൈവെടിഞ്ഞ് ഉത്സാഹപൂർവ്വം വിദ്യയഭ്യസിച്ചാൽ വിജയം സുനിശ്ചിതമാണെന്ന് ഉറപ്പ് മനസ്സിൽ വളർത്തിയെടു ക്കാം. സ്വാതന്ത്ര്യത്തിന്റെ മാധുര്യം അനുഭവിക്കണമെന്ന് നിശ്ച യമുള്ള ജവഹർലാൽ നെഹ്രു പറഞ്ഞത് ഇപ്രകാരമാണ്. "പക ലിന്റെ വെളിച്ചം അറിയണമെങ്കിൽ രാത്രിയുടെ ഇരുട്ട് അനുഭ വിച്ചേ മതിയാകൂ." "പൂവിന്റെ ഗന്ധം അറിയണമെങ്കിൽ മുള്ളിന്റെ രുചി അറിഞ്ഞേ മതിയാകൂ." എന്നീ വാക്യങ്ങളിലൂടെ നമുക്ക് ബോധ്യമാകുന്നത് വിജയത്തിന്റെ മാഹാത്മ്യം അറിയണമെങ്കിൽ പരിശ്രമം എന്ന വാക്ക് മറക്കാതിരിക്കണം. "വേരുറച്ചാൽ പിന്നെ അതിവേഗം വളരുന്ന ചെടിയാണ് സ്വാതന്ത്ര്യം" എന്ന് ജോർജ്ജ് വാഷിംഗ്ടണ്ണിന്റെ വാക്യത്തെ ഉദ്ധരിച്ചുകൊണ്ട് പറയുമ്പോൾ പരി ശ്രമം എന്ന വസ്തുത വേരുറച്ചാൽ വിജയം എന്നത് അതിവേഗം വളരുന്ന ചെടിയാണെന്ന് നമുക്ക് ഊഹിച്ചുകൂടെ?

ലോകപ്രസിദ്ധനായ അമേരിക്കൻ പ്രസിഡന്റായിരുന്നല്ലോ എബ്രഹാംലിങ്കൺ. അദ്ദേഹം മൂന്ന് പതിറ്റാണ്ടോളം കാലം പരാ ജയമേറ്റുവാങ്ങി. 1839 ൽ താൻ ആരംഭിച്ച വ്യാപാരം പരാജയ പ്പെട്ടു എന്നുകണ്ട ലിങ്കൺ പിന്മാറിയില്ല. തുടരെ തുടരെ സൈന റ്റിലും രാഷ്ട്രീയത്തിലും പരാജയത്തിന്റെ കയ്പുനീർ മോന്തി. എന്നാൽ അയാൾ പിന്മാറിയില്ല. സ്ഥിര പരിശ്രമവും ആത്മവി ശ്വാസവും കൊണ്ട് അദ്ദേഹം അമേരിക്കൻ പ്രസിഡന്റ് സ്ഥാന ത്തേയ്ക്കുയർന്നു. ഇത് എക്കാലത്തും മറ്റുള്ളവർക്ക് അനുകര ണീയമായ പാഠമായി നിലകൊള്ളുന്നു.

നമ്മുടെ നാട്ടിലുമുണ്ട് ഇതിന്റെ തെളിവുകൾ, മഹാത്മ ഗാന്ധിയുടെ നേടിയ സ്വാതന്ത്ര്യം പരാജയങ്ങൾ ഏറ്റുവാങ്ങി യാണ് സമരം തുടങ്ങിയതെങ്കിലും അഹിംസ, സ്ഥിരത, ജനങ്ങൾ നൽകിയ സഹകരണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഇന്ത്യയെ വിജയസോപാനത്തിൽ എത്തിച്ചു. ഇവിടെ പരിശ്രമ ത്തിന്റെ രുചി എടുത്തുപറയേണ്ടല്ലോ? സ്ഥിരമായി സമരത്തിൽ നിന്നും ഒരു ചുവടുപോലും പിന്നിലേയ്ക്ക് വയ്ക്കാൻ ഗാന്ധിജി തയ്യാറായില്ല. എവറസ്റ്റ് കീഴടക്കിയ ടെൻസിംഗിന്റെ കഥ നമുക്ക റിയാം. കഠിനമായ മഞ്ഞിലും തണുപ്പിലും പ്രതികൂല സാഹച രൃങ്ങളെ നേരിട്ടുകൊണ്ടും ആ സാഹസികൾ പർവ്വതാരോ ഹണരംഗത്ത് നടത്തിയ പരിശ്രമങ്ങൾ ആർക്കാണ് അറിഞ്ഞു കൂടാത്തത്. അദ്ദേഹം എവറസ്റ്റ് ജേതാവായ വാർത്തയാണ് ഒരു സുപ്രഭാതത്തിൽ ലോകം കേട്ടത്.

Yes, it lives
in the sea.
But it is
not a fish



THE CHAPTER

[A First Grade Study Centre]
S.N. College Junction, Kollam - 1 Phone: 743949 Fax: 741813

PDC
BCom
MCom
CA
ICWAI
ACS
LLB


BANK / PSC COACHING
COMPUTER TRAINING

പരിശ്രമത്തിന് വിശ്വസ്തമായ മറ്റൊരുദാഹരണമാണ് പാണ്ഡവന്മാർ നേടിയ മഹാഭാരത വിജയം. ജപ്പാന്റെ കാര്യത്തിൽ പരിശ്രമം എടുത്ത് പറയേണ്ടതില്ലല്ലോ. 1945 ൽ തകർന്ന ക്രിത്യമ ആ ജപ്പാൻ ഇന്ന് ഇന്ത്യയെക്കാൾ എത്രമുന്നിൽ? ഇന്ത്യൻ ശാസ്ത്രജ്ഞൻമാർ പരിശ്രമംമൂലം ശാസ്ത്ര സാങ്കേതിക രംഗത്ത് ജ. ട. ഘ. ഡ. തുടങ്ങിയ ക്രൃത്രിമ ഉപഗ്രഹങ്ങൾക്ക് ബഹിരാ കാശം കാണാൻ വഴി ഒരുക്കി.

ഇതുവരെ പറഞ്ഞ തീരിയിൽ പരിശ്രമം ചെയ്യണമെങ്കിൽ ഏകാഗ്രത ആവശ്യമാണ്. വിദ്യാർത്ഥികൾ മനസ്സ് ഒരു പ്രത്യേക ബിന്ദുവിൽ കേന്ദ്രീകരിച്ചുകൊണ്ട് മനസ്സിനെ നിയന്ത്രിക്കുക. മടിച്ചു പിൻവാങ്ങാതെ സ്ഥിരമായി പരിശ്രമിക്കുകയും കഠിനാ ധ്വാനം ചെയ്യുകയും ചെയ്യുന്ന ഒരാൾക്ക് ജീവിതവിജയം കൊയ്തെടുക്കാൻ കഴിയും. യാതനകളും വേദനകളും അനുഭ വിച്ച് ഉണ്ടാകുന്ന ഫലത്തിൽ വളരെയധികം സന്തോഷം ഉണ്ടാ കും. "നീ നിന്റെ കർമ്മം ചെയ്യുക ഫലം താനേ വന്നുകൊള്ളും." ഓർക്കുക Time and tide waits for no man!



TELEPHONE-GIANT



No, the four men at the lift did'nt get into wonder land like Alice – they just stand on the biggest working telephone of the world at Thun, Switzerland. Made out of Pine–Wood, it is 8.8 metre long, 6.6 metre wide, 3.84 metre high and about 6 tons heavy and fourty times bigger than the original. This glant is intended to be registrated in the' **Guinness book of World Records.'**

തൃണപുഷ്പങ്ങൾ

വൈശാഖൻ കെ. ബി.
ഇസ്‌ലാമിക് ഹിസ്റ്ററി (3-ാം വർഷം)



പൂക്കുന്ന പുല്ലും; ഉപാലംഭോദ്ഭവം
പൂക്കുന്നു മെല്ലെ നിൻ വാക്കിലും നോക്കിലും
കാറ്റിന്റെ താളം തിരയ്ക്കുന്നു. സത്യവും
മിഥ്യയും ചേർന്നപോൽ നാം തൊട്ടുരുമ്മുന്നു!

ഉണരും ഡിസംബറിൻ പുലരിയിൽ വെയിൽ കാഞ്ഞു.
കുളിരിന്റെ സുഖമുണ്ട് തിരജം തൃണങ്ങളിൽ
കരുണ തൻ വിഷ്ണുവാണാകാശമെന്നോർത്ത്
കനിയാതെ പദമുന്നി നമ്മൾ നടക്കവേ

ചില പൂക്കൾ ചിരിക്കുന്നു, ചിലപൂക്കൾ ചതയുന്നു
ചില പൂക്കൾ ചിരി തന്നെ മരണമെന്നോതുന്നു.
ഇടയിലെന്തത്ഭുതം, ഇടിയിലും തകരാതെ-
യൊരു മലർതല വീണ്ടുമുയരുന്നു വശ്യമായ്

ഉയരുമി ശിരസ്സിന്റെയുടമയൊരു തൃണമെന്ന്
പരമ പുച്ഛത്തോടെ നീ വിമർശിക്കവെ
'അതു മാത്രം നീ'യെന്ന് കാറ്റിന്റെ പാഠകം
"അഖിലവും വിഷ്ണുവാം ഞാൻ" എന്നു വാനവും!

NSS

NSS Officers

Sri. Chandran



Sri. Hashimudeen



Sri. Mohanan



10 days Camp Inauguration:
Prof. Lt. Col. Basheer Kannu



Essay Writing Winner : Amal Shah. FMNC.. Klm.



Social Work : NSS Volunteers



JOBS ARE WAITING, ARE YOU READY?

UNIVERSAL

MED/ENGG ENTRANCE COURSES

Entrance Training Short Term, Duration : 45 days,
Eligibility : PDC/XII
Entrance Training Long Term, Duration : 1 year,
Eligibility : IPDC/XI
Tuition + Entrance Coaching
for I PDC / +1 & II PDC / +2
Full time Entrance Coaching
Daily Classes.

ENGINEERING COURSES

i) Diploma in Telecommunication & Computer Networking (DTCN)

Govt. of India recognised Electronics & Telecommunication Diploma + Professional Diploma in Telecommunication & Computer Networking (DTCN)

Eligibility :	Duration :
SSLC	3 years

ii) Diploma in Applied Electronics & Computer Maintenance. (DAE & CM)

Eligibility :	Duration :
SSLC	1 year

- Job oriented Electronics training
- Hands - on training in advanced electronics

iii) Certificate in TV/VCR Technology.

Eligibility :	Duration :
DIP/ITI	3 months

iv) Diploma in Computer Hardware Maintenance (DCHM)

Eligibility:	Duration :
PDC/ITI	6 months

- Job oriented Computer Hardware course.

v) Diploma in Refrigeration & Air-conditioning

Eligibility:	Duration :
SSLC pass / fail	10/6 months.

- Short term job oriented course.

viii) Electrical Wireman
(Govt. approved)

Eligibility:	Duration :
SSLC pass / fail	1 year.

CAREER DEVELOPMENT COURSES

(i) PDC IV Gr & Computer + Competitive Exams
(ii) B.Com + Computer + Competitive Exams.

These courses simultaneously prepare the students to successfully take the competitive examinations leading to admissions for LLB, BBA, MCA, MCJ etc. and employment tests to the post of Clerks, Inspectors, Assistant Accountants and the like conduc ted by KPSC, UPSC, BSRB, RRB etc.

For those who have completed SSLC/PDC/Degree etc. there are special long term & short term coaching (postal & classroom) for all types of entrance, employment tests & interviews.

Vacation programme for high school students on Internet/ Computer/Electronics Fundamentals.

Methods of Learning & Remembering Assessment of Intelligence, Interest & Aptitude.

Written/Spoken English & Public Speaking.

Personality Development.

COMPUTER COURSES

i) Vacation Courses

Certificate in Computer Awareness

1. CCA Level I
   Duration : 1 month
2. CCA Level II
   Duration : 1 month
3. CCA Level III
   Duration : 1 month

ii) Govt. Recognized courses

1. Post graduate Diploma in Computer Application (PGDCA) (Equivalent to 'A' level (DOEACC)
   Duration : 18 months
2. Diploma in Computer Application (DCA) (Equivalent to 'O' level (DOEACC)
   Duration : 12 months

iii) New Courses

1. Advanced Diploma in Computer application & Management
   Duration : 6 months
2. Diploma in Computerised Office Automation (DCOA)
   Duration : 3 months
3. Certificate in html & JAVA SCRIPT Programming
   Duration : 1 month (4days/week)

MANAGEMENT COURSES

Diploma in Travel & Tourism
Eligibility : PDC
Duration : 4 months

NOW, MAKE SURE YOU ARE AT THE MOST ADVANTAGEOUS POSITION

UNIVERSAL

SKP Buildings, Beach Road, Kollam. Ph: 76359

Bishop Jerome Nagar, Kollam. Ph: 73465

വരുന്നു.. പുതിയ ബഹുമതിയുമായ് എയിഡ്സ്

എയിഡ്സ് ദുരുഹതകൾ ഒളിഞ്ഞിരിക്കുന്ന ഈ മഹാവ്യാധിയുടെ വിളനിലമായി ഇന്ത്യ മാറിയിരിക്കുകയാണെന്ന് ഐക്യരാഷ്ട്രസഭയുടെ പഠനറിപ്പോർട്ട് നാം ഗൗരപൂർവ്വം വീക്ഷിക്കേണ്ടിയിരിക്കുന്നു. 1996 ജൂലൈയിൽ വാൻകൂറിൽ നടന്ന ഇൻറർനാഷണൽ കോൺഫറൻസ് ഓൺ എയിഡ്സിൻെറ പ്രഖ്യാപനം ഞെട്ടിക്കുന്ന ഒന്നാണ്. ലോകത്തിലെ എറ്റവും കൂടുതൽ HIV ബാധിതർ ഇന്ത്യയിലാണെന്നവർ കണ്ടെത്തി!!! (ഏകദേശം 2 മുതൽ 5 ദശലക്ഷം വരെ രോഗബാധിതർ) ഇവർ ഒരു ബഹുമതി കൂടി തരുന്നു. ഈ നൂറ്റാണ്ട് കഴിയുമ്പോൾ, ലോകത്തിൻെറ 'എയിഡ്സ്' തലസ്ഥാനം ഇന്ത്യ!!! ഇന്ത്യയിൽ 1987 ൽ ഒരു ശതമാനം H.I.V ബാധിതരെ കണ്ടെത്തിയപ്പോൾ 93 ൽ അത് 53 ഇരട്ടിയായി വർദ്ധിച്ചു. (96ലെ ഒന്നു ഊഹിക്കുക). ഇന്ത്യയിലെ എയിഡ്സ് തലസ്ഥാനം എന്നറിയപ്പെടുന്ന ബോബെയിൽ 51 ശതമാനം വേശ്യവൃത്തിയിൽ ഏർപ്പെട്ടവർ രോഗവാഹകരാണ്. രോഗകാര്യത്തിൽ കേരളത്തിന് ഇന്ത്യയിൽ 5-ാംസ്ഥാനമാണ്. (ഒന്നിലും പിറകിലല്ലാത്ത മലയാളികൾ ഇതിലും മുന്നിൽ തന്നെ.) കേരളത്തിൽ 200 ൽ ഒരാൾ എച്ച്. ഐ. വി. ബാധിതനാണെന്ന് റ്റി.വി.എം. എയിഡ്സ് സെൽ അധികൃതർ പറയുന്നു. (ഈ കണക്ക് ശരിയാകണമെന്നില്ല.) നിർഭാഗ്യവശാൽ രോഗത്തിൻെറ പ്രത്യേകതകൊണ്ട്, യഥാർത്ഥ കണക്കുകൾ ഒരിക്കലും ലഭിക്കുന്നില്ല. 1987 ൽ ആണ് കേരളത്തിൽ ആദ്യമായി എച്ച്.ഐ.വി ബാധിതരെ കണ്ടെത്തുന്നത്. 88ൽ 3 പേർക്കും 89ൽ 5 പേർക്കും 90 ൽ 7 പേർക്കും എച്ച്.ഐ.വി ബാധിച്ചതായ് കണ്ടു. 91 ആകുമ്പോഴെക്കും അത് ഇരട്ടിയായി. 92 ലാണ് തിരിച്ചറിഞ്ഞ എയിഡ്സ് രോഗി മരിച്ചത്.



യാതൊരുകാരണവശാലും രോഗാണു ബാധകൂടാതിരിക്കാനുള്ള ശ്രമം നടത്തുമെന്ന് പ്രഖ്യാപിച്ചെങ്കിലും പേടിപ്പെടുത്തുന്ന രീതിയിലാണ് അത് പടർന്നത്. 96 സെപ്റ്റംബർ 30 വരെ കൂടുതൽ എച്ച്.ഐ.വി. ബാധിതർ കോഴിക്കോട്ടാണ് 365 പുരുഷൻമ്മാരും 105 സ്ത്രീകളുമടക്കം 470 പേർ. തൊട്ടടുത്ത് തൃശൂർ ജില്ലയാണ് ഇവിടെ 91 സ്ത്രീകളും 368 പുരുഷൻമ്മാരുമടക്കം 459 പേർ. റ്റി.വിഎമ്മിൽ 64 സ്ത്രീകളടക്കം 355 പേർ എച്ച്.ഐ.വി ബാധിതരാണ്. വയനാട് കാസർക്കോട് ഇടുക്കി എന്നീ ജില്ലകളിൽ എച്ച്.ഐ.വി. ബാധിതർ വളരെ കുറവാണ്. എയിഡ്സ് ശരിക്കും ഒരു ലൈംഗികരോഗമാണ്. വഴിവിട്ട ബന്ധത്തിലൂടെയാണ് 90 ശതമാനവും രോഗം വരുന്നത്. ഇതിന് പുറമേ രക്തത്തിൻെറയും രക്തവസ്തുക്കളുടെയും കൈമാറ്റം, സിറിഞ്ച് മാറിമാറി ഉപയോഗിക്കൽ, അവയവ കൈമാറ്റം, മുലപ്പാൽ എന്നിവയിലൂടെയും രോഗം പകരുന്നു. സ്വവർഗ്ഗരതിക്കാരിൽ രോഗപകർച്ചാ സാധ്യത എറെയാണ്. രോഗാണു ബാധിതയായ അമ്മയിൽ നിന്നും കുഞ്ഞിലേക്കും രോഗം പടരാം. ലോകത്തിലേ എയിഡ്സ് രോഗികളിൽ 2%

Best Compliments

N.K PAINTS

N.K Building, Ramankulangra,
Kollam-691003.

Dealers in all kinds of Paints & Hardware

With the best compliments from:

BHASKAR COLLEGE

Chemammukku, Kollam. Phone : 740952

Classes:

P.D.C, B.A., B.Sc., B.Com., M.A., M.Com.
(Going, Parellel & Session)

M.B.B.S., Engg. Entrance Classes
(Short term & Long term)

Spoken English

Best Laboratories for B.Sc. & P.D.C

Principal

ശതമാനവും കുട്ടികളാണ്. ഇന്ത്യയിലെ ഒരു കൊല്ലം ജനിക്കുന്ന കുട്ടികളിൽ 80000 പേർക്ക് എയിഡ്സ് രോഗബാധയുണ്ടാകാമെന്ന് മുംബയിലെ ഒരു ശിശുരോഗവിദഗ്ദ്ധൻ അഭിപ്രായപ്പെടുന്നു. 38000 ഗർഭിണികളെ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ 340 പേർ എച്ച്.ഐ.വി ബാധിതരാണെന്ന് കണ്ടു. മുന്നിൽ ഒരു ശതമാനവും വൈറസ് ബാധ കണ്ടു.

കേൾക്കാനിഷ്ടമില്ലാത്ത ഒരു കണക്കാണിത്. തിരുവനന്തപുരത്തെ ചില ആശുപത്രികളിൽ അനധികൃത ഗർഭച്ഛിദ്രം നടത്തിയതിൽ 30 ശതമാനത്തോളം അവിവാഹിതകളാണ്. ഇതിൽ ഭൂരിഭാഗവും കോളേജ് വിദ്യാർത്ഥിനികളാണ് എന്നത് ഞെട്ടിപ്പിക്കുന്ന സത്യമാണ്. കോട്ടയത്തെ ഒരു കോളേജിൽ നടത്തിയ പഠനത്തിൽ വിദ്യാർത്ഥികളിൽ നല്ലൊരു ഭാഗവും രതിവേഴ്ചയിൽ ഏർപ്പെടുന്നത്രേ!!! ലോകത്തെ ആകമാനം കിടുകിടെ വിറപ്പിക്കുന്ന എയ്ഡ്സ് വൈറസ് ശരിക്കും ഒരു ദുർബലനാണ്. പക്ഷെ ശരീരത്തിനു പുറത്താണ് അതെന്ന് മാത്രം. അവൻ ശരീരത്തിനകത്തെത്തിയാൽ എറ്റവും അപകടകാരിയായി മാറുന്നു. ഒരു മില്ലി മീറ്ററിന്റെ പതിനായിരത്തിലൊന്ന് മാത്രം വലിപ്പമുള്ള ഈ വൈറസ് തിളച്ച വെള്ളത്തിൽ 54 സെക്കൻറിലധികം ജീവിച്ചിരിക്കില്ല. മാത്രമല്ല, ഒരു ശതമാനം ബ്ലീച്ചിംഗ് പൗഡർ കലക്കിയ വെള്ളത്തിലും ഭീകരൻ നിർജ്ജീവമാകും. എന്നാൽ രക്തത്തിലൂടെ വൈറസ് 6 മണിക്കൂർ കഴിയുമ്പോഴേക്കും ഇത് ലഭിച്ച വ്യക്തിക്ക് വളരെ കൃത്യമായി വേറൊരാൾക്ക് രോഗം പടർത്താൻ കഴിയും. അപ്പോഴും അയാളിൽ രോഗലക്ഷണം കാണില്ല. ചില സന്ദർഭങ്ങളിൽ യാതൊരു വിധമായ രോഗലക്ഷണവും കാണിക്കാതെ 12 വർഷത്തോളം വൈറസ് ശരീരത്തിൽ അതിന്റെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കും. രോഗലക്ഷണം തുടങ്ങിയാൽ രോഗി അധികകാലം ജീവിച്ചിരിക്കില്ല. മരിക്കുന്നത് ക്ഷയം ബാധിച്ചോ, കാൻസർ, വയറിളക്കം അങ്ങനെ മറ്റു വല്ലതും കൊണ്ടോ ആവാം.

മറ്റുള്ള രോഗാണുക്കളെ അപേക്ഷിച്ച് എച്ച്. ഐ. വി. ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തിലെ പ്രധാന കോശമായ ടി ലസിറ്റാ കോശങ്ങളെയാണ് ആക്രമിക്കുന്നത്. ഇവ ടി4 ശ്വേതരക്താണുവിൽ തുളച്ചുകയറി സ്വയം ഒരു എൻസൈം പുറപ്പെടുവിക്കുന്നു. എയിഡ്സ് വൈറസ് ഒരു ആർ.എൻ.എ. വൈറസ്സാണ്. നേരത്തെ പുറപ്പെടുവിച്ച എൻസൈം കൊണ്ട് എച്ച്.ഐ.വി. അതിന്റെ ആർ.എൻ.എ യെ ഡി.എൻ.എ ആക്കിമാറ്റുന്നു. അങ്ങനെ ശ്വേതരക്താണുവിലെ ഡി.എൻ.എ. യും വൈറസ്സിലെ ഡി.എൻ.എ. യും ഒന്നാകുന്നു. ഇത് സ്വയം പെരുകുകയും, അതിന് ആനുപാതികമായി ശരീരത്തിന്റെ കാവൽഭടന്മാരായ പ്രതിരോധകോശങ്ങൾ നശിക്കുകയും ചെയ്യുന്നു. അങ്ങനെ രോഗത്തിന്റെ ആരംഭം കുറിക്കുകയായി. ടി 4 കോശങ്ങൾ തകരുമ്പോൾ ശരീരത്തിനകത്തും പുറത്തും സൂക്ഷുപ്തിയിലായ രോഗാണുക്കൾ ശരീരത്തെ കൂടിച്ചു കുടയുന്നു. നേരിയ ജലദോഷം പോലും മാറാവ്യാധിയാകുന്നു. വേദനാ ജനകവും ദയനീയവുമാണ് എയിഡ്സ് രോഗിയുടെ അന്ത്യം. പൂർണ്ണരോഗിയായാൽ 10 മാസങ്ങൾക്കകം മരണം നിശ്ചയം. രോഗിസമൂഹത്തിൽ പൂഴുത്തപട്ടിയെ പ്പോലെ ആട്ടിയകറ്റപ്പെടുന്നു. ജനങ്ങൾക്ക് ഇന്നും ഈ ഗുരുതരാവസ്ഥയെക്കുറിച്ച് ബോധം വന്നില്ല. വിദ്യാർത്ഥികൾക്കിടയിലെ ബോധവല്ക്കരണത്തിന് തടസ്സമാകുന്നത് പ്രധാനമായും ഇവിടെ നില്ക്കുന്ന സദാചാരബോധമാണ്. സെക്സ് എന്ന് കേൾക്കുന്നത് എന്തോ വൃത്തികേട് പോലെയാണ്. അങ്ങനെയാണെങ്കിൽ ഈ രോഗം എങ്ങനെ ഉണ്ടായി?

(കടപ്പാട് :The Campus Time)

Estd. 1870
(H.O. Kochi-2)

With best compliments from:

S.N.GUNA SHENOY & BROS

HARDWARE MERCHANTS
Main Road,
Kollam - 691001. Ph: 79579, 79679, 73110.


&

Rupesh & Company

IRON & STEEL
Lekshminada, Kollam - 691 013.

The super market for all building materials

A Gunavan Group Enterprise



മിറോസ് എൽ. II P.D.C

സ്വപ്ന ഗോപുരം

ഗേറ്റിനരുകിൽ എത്തിയപ്പോൾ തിരിഞ്ഞു നോക്കാതിരിക്കുവാനായില്ല. അരികിലേക്ക് ഓടിവരുന്ന നിമ്മിമോളെ വാരിയെടുത്ത് റോസാദളം പോലുള്ള ഇളം ചുണ്ടിൽ തെരുതെരെ ഉമ്മ വച്ചപ്പോൾ 'വസ്ത്രം അഴുക്കാക്കണ്ട' എന്നു പറഞ്ഞ് ഭാര്യ നിമ്മിമോളെ പിടിച്ചുമാറ്റി. എന്നാലും തന്റെ പൊന്നുമോളെ വാരിയെടുത്ത് മുത്തം കൊടുക്കാതിരിക്കുവാൻ അയാൾക്ക് എങ്ങനെ കഴിയും?

അയാൾ വീട്ടിലുള്ളപ്പോഴെല്ലാം നിമ്മിമോളും അയാളോടൊപ്പം കാണും പുറത്തോട്ടെങ്ങാനും ഒന്നു പോകണമെന്നു വച്ചാൽ അവൾ മുൻപേ നിൽക്കും. ഒളിച്ചു പോവുകയാണ് പതിവ്. പക്ഷേ പതിവുപോലെ അന്ന് ഒളിച്ചുപോകാൻ അയാൾക്ക് തോന്നിയില്ല. നാലഞ്ചു ദിവസങ്ങൾക്ക് ശേഷമേ അയാൾ മടങ്ങിവരികയുള്ളൂ! പലതരം കളിപ്പാട്ടങ്ങളും മുന്നു ചക്രമുള്ള കുഞ്ഞിസൈക്കിളും വാങ്ങികൊണ്ട് വരാമെന്ന് ഏറ്റതുകൊണ്ടാണ് നിമ്മിമോൾ അടങ്ങി നിൽക്കുന്നത്. സൈക്കിളെന്നു വച്ചാൽ നിമ്മിമോൾക്ക് ജീവനാണ്. സൈക്കിൾ സവാരി അവൾക്ക് വളരെയധികം ഇഷ്ടമാണ്. അത്തരം ഒരു സൈക്കിൾ തന്റെ സ്വന്തമാകാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ നിമ്മിമോൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

റോഡിലേക്ക് ഇറങ്ങിയപ്പോൾ അയാൾ ഒരിക്കൽകൂടി തിരിഞ്ഞുനോക്കി. അപ്പോഴും കൊച്ചുരിപ്പല്ലുകൾ പുറത്തുകാട്ടി കുഞ്ഞികൈകൾ ഉയർത്തിക്കൊണ്ട് 'റ്റാറ്റാ' പറയുന്ന നിമ്മിമോളെ കണ്ടു. അനുജത്തിയും ഭാര്യയും അമ്മയും നിർന്നിമേഷരായി റോഡിലേക്ക് നോക്കി നിൽക്കയാണ്. തന്റെ പിറകേ റോഡിലേക്ക് ഓടിയിറങ്ങുന്ന നിമ്മിമോളെ ഭാര്യ വാരിയെടുത്തു തിരിഞ്ഞു നടക്കുന്നതുകണ്ടു. അയാൾ ആശ്വാസപൂർവ്വം നെടുവീർപ്പെട്ടു. സന്തോഷത്തിന്റെയും സംതൃപ്തിയുടേയും ഭാവങ്ങൾ അയാളുടെ ആത്മാവിൽ മിന്നിമറഞ്ഞു.

ചിന്തകൾ പലവർണ്ണത്തിലും ഭാവത്തിലും തലയ്ക്കുമുകളിൽ നുരയിട്ടുപൊന്തുകയാണ്. എല്ലാം നിറപ്പകിട്ടാർന്നവയെങ്കിലും മനസ്സിന്റെ കോണിൽ അജ്ഞാതമായൊരു അസ്വസ്ഥത നിഴൽ പാകിയിരിക്കുന്നു.

റെയിൽവേ സ്റ്റേഷനിലെത്തിയത് അയാൾ അറിഞ്ഞില്ല. ഉത്സാഹപൂർവ്വം ടിക്കറ്റുമെടുത്ത് അയാൾ ട്രെയിനിൽ ഓടികയറി. നിമിഷങ്ങൾക്കകം ട്രെയിൻ മെല്ലെ ഇഴഞ്ഞു നീങ്ങി. പിന്നിലേക്ക്

Carlow Man Shirts
Lan Win Shirts
Image Executive Shirts Rs. 169
New Port Jeans
Ruf & Tuf Jeans
Hoff Men Jeans
Gloria Exclusive Salwar Suits
Parker Cotton Shirts
Calven klein Jeans
T-Shirts, Midi Tops, Trousers & Nighties

IMAGE

Readymades

Main Road, Kollam.

ഓടിമറയുന്ന പച്ചകുന്നുകളുടേയും തിങ്ങി വളർന്നു നിൽക്കുന്ന റബ്ബർ മരങ്ങളുടേയും പാടങ്ങളുടേയും ഭംഗി ആസ്വദിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല. അയാൾ തന്റെ പുതിയ ബിസിനസ്സ് സ്ഥാപനത്തെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. എത്ര ജോലിക്കാർ വേണം? എവിടെ നിന്നാണ് തുടങ്ങേണ്ടത്? സ്ഥാപനം എവിടെയായിരിക്കണം.? നാട്ടിൽ വേണ്ട. എന്തോ, പുതിയ സാഹചര്യങ്ങളോടും, മാറുമുള്ള ഒരു പുതിയ പരിസ്ഥിതിയോടും ഇഴുകി ചേർന്ന് ജീവിക്കാൻ അയാളുടെ ഹൃദയം വെമ്പുന്നു. പട്ടണത്തിലെ പുതിയ പുതിയ ബന്ധങ്ങൾ, പുതിയ കാഴ്ചകൾ, കണ്ടുപഴകാത്ത എല്ലാം അയാളെ വളരെയധികം ആകർഷിച്ചിരുന്നു. ട്രെയിനിൽ നിന്നുമിറങ്ങി അതീവ സന്തോഷത്തോടുകൂടി ബസ്സ് സ്റ്റോപ്പിൽ വന്നു.

ബസ്സ് അയാളെയും കാത്ത് കിടക്കുന്നതുപോലെ തോന്നി. ബസ്സ് കുതിച്ചുപായുമ്പോഴും തന്റെ സ്വപ്നഗോപുരത്തിന് വർണ്ണംഭംഗി നൽകുകയായിരുന്നു അയാളുടെ മനസ്സ്. പട്ടണത്തിലെത്തി തന്റെ ചങ്ങാതിയുടെ വീടിനെ ലക്ഷ്യമാക്കി നടന്നു. നാലഞ്ചു ദിവസത്തേയ്ക്ക് അവിടെ താമസിക്കാനാണ് അയാളുടെ പ്ലാൻ. ഹോട്ടലിലെ താമസവും ഭക്ഷണവും അയാൾക്ക് ഇഷ്ടമല്ല.

എത്ര ധൃതികൂട്ടിയിട്ടും നാലഞ്ചു ദിവസം വേണ്ടിവന്നു അയാൾക്ക് ബിസിനസ്സ് സംബന്ധമായ കാര്യങ്ങൾ നിർവ്വഹിക്കുവാൻ. കൂട്ടുകാരനോടും കുടുംബത്തോടും യാത്ര പറഞ്ഞിറങ്ങി. പട്ടണത്തിൽ നിന്ന് നിമ്മി മോൾക്ക് സൈക്കിളും കളിപ്പാട്ടങ്ങളും, ഉടുപ്പുകളും വാങ്ങി ബസ്സിൽ കയറി. എത്രയും വേഗം നാട്ടിലെത്താൻ മനസ്സ് തിടുക്കം കൂട്ടി. വീട്ടിൽ നിന്നിറങ്ങിയിട്ട് ദിവസങ്ങൾ പലതു കഴിഞ്ഞു. നിമ്മിമോൾ പിണങ്ങിയിട്ടുണ്ടാവും.



തുടിക്കുന്ന ഹൃദയത്തോടെ ട്രെയിനിലിരിക്കുമ്പോൾ നിമ്മിമോളെ കുറിച്ച് ആലോചിച്ചു. താൻ ചെല്ലുമ്പോൾ അവൾക്ക് നൂറുകൂട്ടം പരാതികളുണ്ടാവും തന്നോടു പറയാൻ. "അമ്മ മോളെ അടിച്ചു; മുത്തശ്ശി കഥ പറഞ്ഞുതന്നില്ല, അപ്പുറത്തെ കണ്ണൻ ഇടിച്ചു." എന്നിങ്ങനെ പരാതികളുടെ എണ്ണം കൂടും. സൈക്കിൾ കാണുമ്പോൾ അവൾ തുള്ളിച്ചാടും. എത്രയും വേഗമൊന്ന് വീടെത്തിയിരുന്നെങ്കിൽ. ട്രെയിന് തീരെ വേഗതയില്ലെന്ന് അയാൾക്ക് തോന്നി.

ട്രെയിനിൽ നിന്നിറങ്ങി വീട്ടിലേക്ക് നടക്കുമ്പോൾ വഴിയോരത്തു പീടികയിലും ഇരിക്കുന്നവർ തന്നെ തുറിച്ചുനോക്കുന്നതുപോലെ തോന്നി. പരിചയക്കാരുടെ മുഖം മ്ലാനമാകുന്നുണ്ടോ? എല്ലാവരും അനുകമ്പാപൂർവ്വമല്ലേ തന്നെ നോക്കുന്നത്. എതിരെ വന്ന ഗോവിന്ദേട്ടൻ പതിവില്ലാതെ അടുത്തു വന്നു ചോദിച്ചു.

With best Compliments from:

Dhanya

SUPER MARKET

Main Road, Kollam. Phone : 740774.
Bishop Jerome Nagar, Kollam. Phone : 740474.

Compliments from:

Sree Ambika Fashion Jewellery

Main Road, Kollam. Phone : Shop : 740340

"അന്നു പോയിട്ട് സാർ ഇപ്പോഴാണോ വരുന്നത്.?"

'അതെ'

അയാളുടെ ഭാവവ്യത്യാസം കണ്ട് ചോദിച്ചു, 'എന്താ ചോദിച്ചത്?"

"ഒന്നുമില്ല... "

അയാൾ അതും പറഞ്ഞ് ഒഴിഞ്ഞുമാറി.

എന്താണ് അയാൾ അങ്ങനെ ചോദിച്ചത്? ഒരുപക്ഷേ വീട്ടിലെന്തെങ്കിലും–

ഇല്ല, ഒന്നുമില്ല, വെറുതെ മനസ്സ് അസ്വസ്ഥമാക്കണ്ട.

എതിരെ ആരാണ് വരുന്നത്?

യദുവല്ലേ അത്, അതേ യദുതന്നെ.

"നീ ഇപ്പോഴാണല്ലേ വരുന്നത്"

"അതേ.. എന്താ?"

"ഒന്നുമില്ല നീ വന്നേ...."

യദുമുൻപേ നടന്നു. 'ഓ'സമാധാനമായി. ഒന്നും സംഭവിച്ചില്ല. എന്തെങ്കിലുമുണ്ടെങ്കിൽ അവൻ പറയാതിരിക്കില്ല. വീട് അടുക്കാറായപ്പോൾ യദു തിരിഞ്ഞ് നിന്ന് അയാളുടെ കൈ ബലമായൊന്ന മർത്തിയിട്ടു അയാളുടെ മുഖത്തേയ്ക്ക് ഉറ്റുനോക്കി. അയാൾ ഗേറ്റിനരുകിലെത്തിയപ്പോൾ മുറ്റത്ത് പൊടിയൊരു പന്തൽ അവിടവിടെ കുറച്ചു കസേരകൾ! 'എന്താ എന്താണിത്?' വീട്ടിൽ എന്താണ് സംഭവിച്ചത്. അവിടെ നിന്നിരുന്നവർ അയാളെ സഹതാപത്തോടെ നോക്കി.

അയാൾ പതുക്കെ പടികയറി ഒരു കൂട്ടനിലവിളിയാണ് അയാളെ എതിരേറ്റത് ഒന്നും മനസ്സിലാകുന്നില്ല. അയാൾ വീടിനകത്തുകയറി ആകെയൊന്നുനോക്കി. അച്ഛനുണ്ട്, അമ്മയുണ്ട്... എല്ലാവരും ഉണ്ട്. അമ്മ കട്ടിലിൽ ഇരിക്കുന്നു ഭാര്യ അലമുറയിട്ടു കരയുന്നു.

എന്താണമ്മേ എന്നു ചോദിക്കും മുൻപ് അമ്മ നിലവിളിക്കിടയിൽ പറഞ്ഞു.

"നിമ്മിമോളു പോയി മോനേ, നമ്മളെ വിട്ടുപോയീ"

പിന്നെയും അമ്മ എന്തൊക്കെയോ പറഞ്ഞു. കരയുന്നു. തലയ്ക്കുള്ളിൽ ഒരു സ്ഫോടനം നടക്കുന്നതുപോലെ അയാൾക്ക് തോന്നി. താൻ ഉരുകിയോലിച്ചു പോകുന്നുവോ? ആരോതന്നെ കെട്ടി പിടിച്ചു കരയുന്നു. അനുജനാണോ? എല്ലാം അവ്യക്തമായിട്ടേ അയാൾക്ക് കാണാൻ കഴിയുന്നുള്ളു. കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ തോന്നി.

ആളുകൾ ഓരോന്നു പറയുന്നുണ്ട്. അയാൾക്ക് ഒന്നും മനസ്സിലാകുന്നില്ല. പക്ഷേ... ഒന്ന്... ഒന്നുമാത്രം അയാളുടെ ആത്മാവിൽ പതിച്ചു. തന്റെ എല്ലാമായിരുന്ന നിമ്മിമോൾ തനിക്ക് നഷ്ടമായിരിക്കുന്നു. താൻ യാത്രതിരിച്ച പിറ്റേന്ന് നിമ്മിമോൾ താൻ വരുന്നുണ്ടോയെന്ന് നോക്കുവാൻ റോഡിലേക്ക് ഓടിക്കയിറങ്ങി, ചീറിപാഞ്ഞുവന്ന ഒരു ലോറി നിമ്മിമോളുടെ ശരീരത്തിലൂടെ കയറിയിറങ്ങി. ആ നിമിഷം തന്നെ തന്റെ പൊന്നുമോൾ ഈ ലോകത്തോട് എന്നെന്നേക്കുമായി വിടപറഞ്ഞു.

എത്രനേരം അങ്ങനെ തുണും ചാരിയിരുന്നുവെന്നറിയില്ല. അയാൾ തെക്കുഭാഗത്തേക്ക് നോക്കിയപ്പോൾ നിമ്മിമോളുടെ കുഴിമാടത്തിൽ വാടിക്കരിഞ്ഞ പൂവുകളും റീത്തുകളും കിടക്കുന്നു. അയാളെണീറ്റ് പതുക്കെ അവിടേയ്ക്കു നടന്നു. തന്റെ സ്വപ്നങ്ങളെ കുഴിച്ചുമൂടിയിരിക്കുന്ന ആ കുഴിമാടത്തിനരുകിലിരുന്ന് കൊച്ചുകുട്ടികളെപ്പോലെ അയാൾ പൊട്ടിക്കരഞ്ഞു.

"നിമ്മിമോളേ....

എന്റെ പൊന്നുമോളേ..."

വർത്തമാനകാലം





ഷൈജു എസ്. II P.D.C.

കാലം ഇത്, സ്വപ്നം തകർക്കുന്ന കാലം
അശ്വരഥമേറിയീ മണ്ണിൻ മാറിടം
പിളർന്നതിൽ നിന്നൊഴുകും ചുടുനിണം
കൊണ്ട് തിലകം ചാർത്തിയിട്ടുൻമാദ
നൃത്തം ചവിട്ടുന്ന കാലം
വശ്യമാം പുഞ്ചിരി നൽകി വശത്താക്കി
മണ്ണിന്റെ മക്കളുടെ ചേതനയൂറ്റുന്ന
കപടരാഷ്ട്രീയ വേതാളങ്ങളെ സൃഷ്ടിച്ചകാലം
വേദാന്ത പൊരുളുകൾ വിറ്റതിൻ
ലാഭത്തിൽ മാളികകൾ തീർക്കുന്ന
കനൃകയുടെ സ്ത്രീത്വത്തിനും നഷ്ടധനമോരുമി-
നിയമത്തിൽ നൂലിഴകളിലൂഞ്ഞാടുമീകാലം
വിശപ്പിനാൽ കേഴുന്ന കുഞ്ഞിന്
മുലനൽകുമമ്മയുടെ മുലക്കണ്ണിൽ
വർഗ്ഗീയം പുരട്ടുന്നകാലം
കാലം, ഇത് ശാപക്കുരുന്നുകളെ തീർക്കുന്ന കാലം
കാലം നടത്തുമീ നാടകത്തിൽ
കോമാളിവേഷങ്ങളാടുന്ന മർത്യരേ
കേൾക്കുന്നുവോ നിങ്ങളീ മർത്യരോദനം
തിരുമീ ചുടുനിണച്ചാലുകൾ
തൂമന്ദഹാസം കൊഴിയുമാ ചുണ്ടിലെ
താരാട്ടിൻ മാധുര്യം നമ്മൾ നുണഞ്ഞില്ലേ.
ആ സ്നേഹാമൃതം നമുക്ക്-ശക്തി പകർന്നില്ലേ.
കാലം പതുക്കേ പുറകോട്ട് നീങ്ങുമ്പോൾ
കാണുന്നുവോ നിങ്ങളാർഷസംസ്കാരത്തേ
മർത്യനേ മർത്യനായ് കാണാൻ പഠിപ്പിച്ച
ആർഷസംസ്കാരത്തേകാണുന്നുവോ നിങ്ങൾ
അശ്വമേധം പോലെ കാലം കുതിക്കവേ
പിന്നിൽ കുതിക്കുമെൻ മക്കളേ കേൾക്കു
വിവശയായിയമ്മയോതുന്നു.
ഉണരൂ ഉയർത്തൂ നീയാർഷ സംസ്കാരത്തേ
ഉണർത്തൂ മനസ്സിലെ സ്നേഹബിംബങ്ങളേ
ഉണർവിന് വേണ്ടി തുടിക്കുമീയമ്മയ്ക്ക്
ഉണർവായ് ഉയിരായ് നീ ഉണരൂ
ഉയരട്ടേ പുതിയൊരു കാഹളം
സ്നേഹമേ മർത്യന്റെ സൗന്ദര്യം

N.C.C

Lt. M. Abdul Munaf



NCC Army Wing Officer

Lt. S.M. Naushad



NCC Naval WingOfficer



Receiving salutes on Independance day

M. Abdul Hakkim



Under Officer
(Army)

Balagopal B.



Attended the republic day parade 1995; best Cadet of Kollam group

KOLLAM
ILLAM OF TRADITION

പണിക്കൂലിയും പണിക്കുറവും സൗജന്യം



ഞങ്ങളുടെ ആകർഷണീയമായ
സ്വർണ്ണാഭരണ സമ്പാദ്യപദ്ധതിയിൽ
അംഗമാകുമ്പോൾ

Gold Bazar
ആലുവിള
ജ്വല്ലേഴ്സ്
ബിഷപ്പ് ജറോം നഗർ, കൊല്ലം.
ഫോൺ : 746590

സ്ത്രീകൾക്കും
കുട്ടികൾക്കും
പുരുഷന്മാർക്കും
അണിഞ്ഞൊരുങ്ങുവാൻ

Silk Bazar
ആലുവിള
സിൽക്സ്
ബിഷപ്പ് ജറോം നഗർ, കൊല്ലം.
ഫോൺ : 746591

ഞങ്ങൾ എല്ലാവിധ
ക്രെഡിറ്റ് കാർഡുകളും സ്വീകരിക്കുന്നതാണ്.

medicamill

Kaathu-203683

അണയും പ്രതീക്ഷ

മുഹമ്മദ് ഷഫീക്ക് II P.D.C



പ്രഭാതസൂര്യന്റെ രശ്മികളേറ്റ് ഇലകളിൽ തിങ്ങിനിന്നിരുന്ന മഞ്ഞുനീർത്തുള്ളികൾ സ്വർണ്ണമെന്നപോലെ വെട്ടിത്തളങ്ങി. വളരെ മടിയോടെ ആണെങ്കിലും പ്രസാദ് തന്റെ കിടക്ക വിട്ട് എഴുന്നേറ്റു. വാച്ചിൽ നോക്കിയപ്പോൾ സമയം 6.45 കഴിഞ്ഞു. പത്തു മണിക്ക് എറണാകുളത്ത് ഇന്റർവ്യൂ ഉള്ളതാണ്. പല്ലുതേക്കാനായി വെളിയിലേയ്ക്ക് വന്നപ്പോൾ അമ്മ ക്ഷേത്രദർശനം കഴിഞ്ഞ് പ്രസാദവുമായി വരുന്നതാണ് കണ്ടത്. മകന് ഇന്റർവ്യൂ ഉള്ള ദിവസങ്ങളിലെല്ലാം അമ്മ മുടങ്ങാതെ നടത്തുന്ന ഒരു ചടങ്ങായിരുന്നു ക്ഷേത്രദർശനം. അങ്ങനെയൊരു നിർബന്ധമുള്ളത് കൊണ്ട് അമ്മക്ക് ആഴ്ചയിൽ കുറഞ്ഞത് മൂന്നുതവണയെങ്കിലും രാവിലെ ക്ഷേത്രത്തിൽ പോകണം.

പ്രസാദ് കുളികഴിഞ്ഞ് വന്നപ്പോൾ പതിവ്പോലെ അമ്മ നെറ്റിയിൽ ചന്ദനം തൊടുവിച്ചു. ഇത്തവണയെങ്കിലും തന്റെ മകനൊരു ജോലി കിട്ടണേയെന്ന് മനമുരുകി പ്രാർത്ഥിച്ചു കൊണ്ടാണ് ചന്ദനം തൊടുവിക്കുന്നതെന്ന് ആ അമ്മയുടെ നിഷ്കളങ്കമായ മുഖം കണ്ടാലറിയാം. ഒരുക്കമൊക്കെ കഴിഞ്ഞ് സ്ഥിരമായികൊണ്ടു പോകാറുള്ള ബാഗുമായി പ്രസാദ് ഇറങ്ങി. ചേട്ടന് ഒരു ചെറിയ ജോലിയെങ്കിലും കിട്ടാൻ വേണ്ടി പ്രാർത്ഥിച്ചു പ്രാർത്ഥിച്ചു മടുത്ത സുശീലയും വത്സലയും പാതി മനമോടെ ചേട്ടനെ യാത്രയാക്കാൻ പടിവാതിൽക്കൽ വരെ ചെന്നു.

പച്ച പിടിച്ചുനിൽക്കുന്ന വയലുകൾക്കിടയിലൂടെ നടന്നപ്പോൾ ഇളം ചൂടുള്ള വെയിലേറ്റ് അവന്റെ നെറ്റിയിൽ വിയർപ്പ് കണങ്ങൾ സ്ഥാനം പിടിച്ചു. അവന്റെ മനസിലൂടെ പല ചിന്തകൾ കടന്നുപോയി. ബി. എ. യ്ക്ക് പഠിക്കാൻ തുടങ്ങുന്നതിന് പകരം ഒരു ചെറിയ കച്ചവടം തുടങ്ങിയിരുന്നെങ്കിൽ ഒരു സഹോദരിയെയെങ്കിലും കെട്ടിച്ചയക്കുവാൻ തന്നെകൊണ്ട് സാധിക്കുമായിരുന്നെന്ന് അവന് തോന്നി. പതിനായിരം രൂപയെങ്കിലുമുണ്ടായിരുന്നെങ്കിൽ കേശവൻ ബ്രോക്കറു പറഞ്ഞ ലോട്ടറിക്കാരനുമായുള്ള സുശീലയുടെ വിവാഹം നടത്താമായിരുന്നെന്ന് ഓർത്തപ്പോൾ അവന്റെ കണ്ണുകൾ അറിയാതെ നനഞ്ഞു. സ്വന്തക്കാരും ബന്ധുക്കളുമൊക്കെ ബംഗ്ലാവിലാണ് താമസമെന്നും സഞ്ചാരം കാറിലാണെന്നുമൊക്കെ പറയാനല്ലാതെ അവരെകൊണ്ട് മറ്റു ഫലങ്ങളൊന്നുമില്ല. ക്ഷയം ബാധിച്ച അച്ഛൻ ചികിത്സിക്കാൻ കാശില്ലാതെ മരിച്ചപ്പോൾ എല്ലാ പ്രാരാബ്ധങ്ങളും അവന്റെ തലയിലായി. എന്നെങ്കിലും തന്റെ ബുദ്ധിമുട്ടുകൾ മാറുമെന്നായിരുന്നു ലെതറിന്റെ ബാഗിൽ, കിട്ടിയിട്ടുള്ള സർട്ടിഫിക്കറ്റുകളുമായി ടൗണുകൾ തോറും അലയുന്ന പ്രസാദിന്റെ പ്രതീക്ഷ.

തന്റെ ചിന്തകളെ തടസ്സപ്പെടുത്തിക്കൊണ്ട് ആൽത്തറയിലുള്ള ബസ്റ്റോപ്പിൽ 'റാണി' വന്നു നിന്നു. ഏറെ പ്രതീക്ഷകളുമായി പ്രസാദ് വലതുകാൽ വച്ച് വണ്ടിയിൽ കയറി. കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെ ബസ്സ് പതുക്കെ ടൗണിലേക്ക് പൊയ്ക്കൊണ്ടിരുന്നു

ക്വിസ്

1. ഡ്രാക്കുള എന്ന കഥാപാത്രത്തെ സൃഷ്ടിച്ചതാര്?

   ബ്രാംസ്റ്റോക്കർ

2. ജനഗണമന ദേശീയഗാനമായി അംഗീകരിച്ചത് എന്നാണ്?

   1950 ജനുവരി 24ന്

3. അണ്വായുധ നിർമ്മാണത്തിൽ ചില നിയന്ത്രണങ്ങൾ വരുത്തുവാൻ അമേരിക്കയും സോവിയറ്റ് യൂണിയനും ചേർന്നുണ്ടാക്കിയ സന്ധി പരമ്പരയായ സാൾട്ട് (SALT) ന്റെ പൂർണ്ണനാമം?

   STRATEGIC ARMS LIMITATIONS TREATY

4. ഇന്ത്യയിൽ എർമെയിൽ സർവ്വീസ് നിലവിൽ വന്ന വർഷം?

   1920 ജനു - 22

5. അടുത്ത ഒളിമ്പിക്സ് എന്ന്? എവിടെ വച്ച്?

   2000 ൽ സിഡ്നിയിൽ (ഓസ്ട്രേലിയ)

6. ഗാന്ധിജിയെ ആദ്യമായി മഹാത്മാഗാന്ധിയെന്ന് വിളിച്ചതാര്?

   രവീന്ദ്രനാഥടാഗോർ

7. മദർതെരെസേയുടെ യഥാർത്ഥപേര്?

   ആഗ്നസ് ബൊജാസിയു.

8. ചാർളി ചാപ്ലിൻ ആദ്യമായി അഭിനയിച്ച സിനിമ?

   The Kid

9. കൃത്രിമോപഗ്രഹം ആദ്യമായി ശൂന്യാകാശത്തേക്കയച്ച രാജ്യം?

   ഫ്രാൻസ്

10. ആഡിയോമീറ്റർ ഉപയോഗിക്കുന്നത് എന്തളക്കാനാണ്?

    മനുഷ്യന്റെ ശ്രവണശക്തി

11. രക്തത്തിൽ ഹീമോഗ്ലോബിന്റെ കുറവുമൂലം ഉണ്ടാകുന്ന രോഗം?

    അനീമിയ

12. ഒറീസയുടെ പഴയ പേര്?

    കലിംഗ

13. തൊട്ടുമുമ്പത്തെ തലമുറയിൽ കാണാതിരുന്ന ചില സ്വഭാവവിശേഷതകൾ പുതിയ തലമുറയിലെ ഒരു സസ്യത്തിലോ ജീവിയിലോ പ്രത്യക്ഷപ്പെടുന്ന പ്രതിഭാസത്തിനു പറയുന്ന പേര്?

    അറ്റാവിസം

14. ഇംഗ്ലീഷ്ചാനൽ നീന്തികടന്ന ഇന്ത്യാക്കാരൻ?

    മിഹിർസെൻ

15. ഒരാൾ ഭയപ്പെടുമ്പോൾ ഉൽപ്പാദിക്കപ്പെടുന്ന ഹോർമോൺ എതാണ്?

    അഡ്രിനാലിൻ

16. ഹിറ്റ്ലർ രൂപികരിച്ച ആക്രമണസേനയുടെ പേര്?

    ബ്രൗൺഷേർട്സ്

ശേഖരണം : **സ്മിത.** S. II PDC


Club Secretaries




Salim
(Dramatic Club)




Naju
(Photographic Club)



Sathish
(Nature Club)



Zakir Hussain
(Tourism Club)



Nias
(RockClub)



Navas
(Cine Club)



Manu
(Book Club)



Ajmal
(Video Club)



Shiju
(Mock Club)



Vinod
(Painting Club)

Glorious Nineth Year in the field of
Post Graduate Education

ASWATHY

Kappalandimukku, Kollam-1

Our Classes

B.A., B. Com., M.A., M.Com.
B.A. M.A., SOCIOLOGY
HISTORY, HINDI, ECONOMICS,
MALAYALAM

Commerce Dept. Headed by: Prof. Balakrishnan Nair (Formerly of F.M.N.C., Kollam.)


Malayalam Dept. headed by Prof. Rema Devi, FMNC, Kollam.

A House for
Engineering Books, Drawing Equipments,
Office Items, Note Books Etc.,

Pentex Book Centre

Near T. K. M. College of Engineering,
Karikode.

ഗുരുദക്ഷിണ



അർദ്ധരാത്രി കഴിഞ്ഞിട്ടും ഇൻസ്പെക്ടർക്ക് പോലീസ് സ്റ്റേഷനിൽ നിന്നും പോകാൻ കഴിഞ്ഞില്ല. അതിമാവിലെ നടന്ന ലാത്തിച്ചാർജ്ജിനെ പറ്റിയുള്ള റിപ്പോർട്ട് തയ്യാറാക്കുകയാണ്. മേലധികാരികളുടെ അവസാനനിർദ്ദേശം കിട്ടിയിട്ടുവേണം അത് പൂർത്തിയാക്കാൻ. അവരാകട്ടെ മുകളിലുള്ള ഭരണാധികാരികളുടെ നിർദ്ദേശം പ്രതീക്ഷിച്ചിരിക്കുകയാണ്.

ഇൻസ്പെക്ടർ ഫ്ളാസ്ക്കിൽ നിന്നും ചൂടുള്ള ചായ കപ്പിലേയ്ക്ക് പകർന്നു. അതു കുടിക്കുവാനായി ചുണ്ടോടടുപ്പിച്ചപ്പോൾ വെളിയിൽ നിന്നും ഗാർഡിന്റെ ശബ്ദം മുഴങ്ങി.

"എന്തുവേണം?"

ഇൻസ്പെക്ടർ അറിയാതെ ഞെട്ടിപ്പോയി. അദ്ദേഹം കപ്പ് മേശപ്പുറത്ത് വെച്ചിട്ട് ചെവിയോർത്തു.

"ഇൻസ്പെക്ടറെ ഒന്നു കാണണം." ഒരു സ്ത്രീശബ്ദം.

"ഈ രാത്രീലോ? കാര്യം?"

"അതദ്ദേഹത്തിനോട് നേരിട്ടു പറയാനുള്ളതാ"

ആ സ്ത്രീ ശബ്ദം പരിചയമുള്ളതാണെന്ന് ഇൻസ്പെക്ടർക്ക് തോന്നി. അദ്ദേഹം ഉറക്കെ വിളിച്ചു:-

"വേലുപ്പിള്ളേ-!"

"ഉത്തരവ്!" വെളിയിലുണ്ടായിരുന്ന കോൺസ്റ്റബിൾ വിളികേട്ടു.

"ആ സ്ത്രീയെ ഇങ്ങു കൂട്ടിക്കൊണ്ടുവരൂ"

ഒരു മെലിഞ്ഞ സ്ത്രീ മുറിക്കുള്ളിൽ പ്രവേശിച്ചു. സ്ത്രീയെ വ്യക്തമായി ഇൻസ്പെക്ടർ കണ്ടപ്പോൾ അയാൾ അറിയാതെ ചാടിയെഴുന്നേറ്റ് അവരെ തുറിച്ചു നോക്കി. നിശ്ശബ്ദയായി അവർ അയാളുടെ നേർക്ക് കൈ നീട്ടി. ആ കൈയിൽ ഒരു പേനയിരിക്കുന്നത് കണ്ട് ഇൻസ്പെക്ടർ വീണ്ടും ഞെട്ടി. ഒരക്ഷരം മുരിയാടാൻ അയാൾക്കു കഴിഞ്ഞില്ല. പക്ഷേ ആ പേനയിൽ പലതും അയാൾ കണ്ടു. കഴിഞ്ഞ കാലത്തിന്റെ കലവറയിൽ നിന്ന് പല രംഗങ്ങളും അയാളുടെ മനസ്സിൽ പൊന്തി വന്നു.

ഒരു സാധാരണ വീടിന്റെ മുൻ വശത്തുള്ള തിണ്ണയിൽ പഴയ ചാരുകസേരയിൽ കിടക്കുന്ന അദ്ധ്യാപകൻ. ആ ചാരുകസേരയുടെ കൈയോട് ചേർന്നു നില്ക്കുന്ന ബാലനെ അയാൾ വലതുകൈകൊണ്ട് വാത്സല്യപൂർവ്വം പിടിച്ചിട്ടുണ്ട്. നേരിയ പുഞ്ചിരിയോടെ അയാൾ ചോദിക്കുന്നു:-

SREE NARAYANA OPEN EDUCATION CENTRE

Kollam

(Managed by the Sree Narayana Samskarika Samithy)

Courses Offered:

FOR MEDICINE & ENGINEERING ENTRANCE EXAMS

- Intensive ShortTerm Coaching Classes
- Long term Sunday Coaching Classes
- Daily Entrance Coaching Classes

P.G.CLASSES

M.A English

M.A Malayalam

M.A Politics

M.Sc. Mathematics & Net (Lecturership) Coaching Classes.

C.K. SASEENDRAN
Secretary

Phone: 741770

Dr. K. SUNDARESAN
Director

ഉപഭോക്താവ് നമ്മുടെ അതിഥിയാണ്

അദ്ദേഹം നമ്മെ ആശ്രയിച്ചു കഴിയുന്ന ആളല്ല.

നാം അദ്ദേഹത്തെ ആശ്രയിച്ചു
കഴിയുകയാണ് ചെയ്യുന്നത്.

അദ്ദേഹം നമ്മുടെ ജോലിയ്ക്ക് ഒരു തടസ്സമല്ല.

നമ്മുടെ ജോലിയുടെ ലക്ഷ്യം തന്നെ അദ്ദേഹമാണ്.

അദ്ദേഹം നമുക്ക് അന്യനല്ല.

നമ്മുടെ ഇടപാടുകളുടെ ഭാഗമാണ്.

നമ്മുടെ സേവനം ഒരു ഔദാര്യമല്ല.

സേവിക്കാൻ അനുവദിക്കുന്നത്

അദ്ദേഹം നമ്മോടുകാണിക്കുന്ന ഔദാര്യമാണ്.

ശ്രീനാരായണ ഗുരുദേവൻ

ഫാഷൻ സിറ്റി

Ph: 742946, 70170, 70112, 76756.

ടെക്സ്റ്റയിൽസ്

കൊല്ലം

"എന്തിനാ പപ്പു, ഇത്? അച്ഛനെ ബുദ്ധിമുട്ടിച്ച് മേടിപ്പിച്ചതല്ലേ? വേണ്ടായിരുന്നു.....!"

"സർ, എന്തെങ്കിലും ഗുരുദക്ഷിണയായി തരാതെ പോയാൽ?

"നീ പഠിച്ച് മിടുക്കനായി വല്യനിലയിലെത്തുമ്പോൾ ഞാൻ ഗുരുദക്ഷിണമേടിക്കാൻ വരാം. ഇപ്പഴിതു കൊണ്ടു പോയ്ക്കോ. ഹൈസ്ക്കൂളിൽ ചേരാൻ പോവുകല്ലേ! നിനക്ക് ഈ പേന ഉപകരിക്കും. എനിക്കെന്തിനാ ഫൗണ്ടൻ പേന?"

"അയ്യോ, അങ്ങനെ പറയരുത് സാർ, എന്നെ ഓർമ്മിക്കാനെങ്കിലും."

"നിന്നെ ഓർമ്മിക്കാൻ ഈ പേനവേണോടാ കുഞ്ഞേ?"

"എന്തായാലും സാറിതു വാങ്ങിയില്ലെങ്കിൽ ഞാൻ പോവില്ല"

"അവനെവെഷമിപ്പിക്കാതെ മേടിച്ചേ അവന്റെ സന്തോഷം കൊണ്ടു തരുന്നതല്യോ!" അടുത്തു നിന്നിരുന്ന അദ്ധ്യാപകന്റെ വക പറഞ്ഞു."

"ഓ അവളു വന്നില്ലാ പപ്പുവിന്റെ പക്ഷം ചേർന്നു പറയണ്!

"ആ കൊച്ചനെ നിർത്തി വെഷമിപ്പിക്കാതെ അതങ്ങോട്ട് മേടിച്ചേ"

"നിനക്കെന്താ ഇത്ര നിർബന്ധം?"

"എനിക്കൊരു നിർബന്ധോമില്ല. അവനുനാളെ മാവിലെ പോകണ്ടായോ? അതിനു മുമ്പ് എന്തെങ്കിലും ഒരുക്കാനൊണ്ടാകും! ചുമ്മാ ഇവിടെ നിർത്തി താമസിപ്പിച്ചാൽ."

"അതു ശരിയാ, പപ്പു യാത്രയ്ക്കെല്ലാമൊരുങ്ങിയോ?"

"ഒരുങ്ങിയേ - ഇനീ തയ്ക്കടേന്ന് ഷർട്ടുകൂടി കിട്ടിയാമതി"

"എന്നാവേഗം പോ- നിനക്ക് നിർബന്ധമാ ഞാനിതു മേടിക്കണമെന്ന്; അല്ലേ?"

"പിന്നേം തൊടങ്ങി! അവെനത്ര തവണ പറഞ്ഞു!"

"ശരി ഇങ്ങുതാ ഞാനിത് സൂക്ഷിച്ചുവെച്ചേയ്ക്കാം. നീ വല്യ ഉദ്യോഗസ്ഥനാകുമ്പോൾ നിനക്കു തന്നെ സമ്മാനമായി മടക്കിത്തരാം."

"പപ്പു പട്ടണത്തിപ്പോയാലും ശരിക്കു പഠിക്കണം. കേട്ടോ?"

ബാലൻ പേന ഗുരുവിന്റെ കൈയിൽ ഭക്തിപൂർവ്വം കൊടുത്തിട്ട് കാലുതൊട്ടു വന്ദിച്ചു. നോക്കിനിന്ന ഭാര്യയുടെ കണ്ണു നിറഞ്ഞു. അദ്ധ്യാപകൻ അവന്റെ ശിരസ്സിൽ കൈവച്ച് ഇടറിയ സ്വരത്തിൽ പറഞ്ഞു.

"ഈശ്വരനനുഗ്രഹിച്ച് നല്ല നിലയിൽ വരും!" ആ അനുഗ്രഹം ഫലിച്ചതിന് ഫലമാണ് അയാളുടെ ഇന്നത്തെനില. ഹൈസ്ക്കൂളിലും കോളേജിലും തോൽക്കാതെ പഠിച്ച് ബിരുദംനേടി. ഉടൻതന്നെ പോലീസ് ഉദ്യോഗവും കിട്ടി. പണക്കാരനായ അമ്മാവൻ പുത്രിയെ അയാൾക്ക് വിവാഹം കഴിച്ചു കൊടുക്കുവാൻ മടിച്ചില്ല. സ്വർത്തനും സ്വാധീനമുള്ള പോലീസുദ്യോഗസ്ഥനെന്നു പേരു സമ്പാദിക്കുവാൻ അയാൾക്ക് വിഷമമുണ്ടായില്ല. സബ് ഇൻസ്പെക്ടർ പദവിയിൽ നിന്ന് ഇൻസ്പെക്ടറായി വളരെ വേഗം പ്രമോഷനും കിട്ടി.

അടിപിടിയോ ബഹളമോ നടക്കുന്ന സ്ഥലത്ത് അയാളെത്തിയാലുടൻ അവിടം പെട്ടെന്നു ശാന്തമാകുകയാണ് പതിവ്. മേലുദ്യോഗസ്ഥന്മാർക്ക് എന്തുചെയ്യാനും അയാൾ സദാസന്നദ്ധനുമാണ്.

ഇപ്പോഴത്തെ ആ പഴയ പേന മുമ്പിൽ കണ്ടപ്പോൾ അന്ന് സാറു പറഞ്ഞ വാചകം മനസ്സിൽ മുഴങ്ങുന്നു.

"നീ പഠിച്ച് ഉദ്യോഗസ്ഥനാകുമ്പോൾ ഈ പേന നിനക്കു സമ്മാനമായി മടക്കിത്തരും."

അതാണോ സംഭവിക്കുന്നത്? സാറ് വാക്ക് പാലിക്കുകയാണോ? അയാൾ മുഖം കുനിച്ച്കൊണ്ട് സാവധാനം പറഞ്ഞു.

"ഈ പേന"

"ഇവിടെതരാൻ പറഞ്ഞു."

"സാറോ?"

"സാർ - സാറെവിടെ?"

"ഇവിടെയുണ്ട് ആശുപത്രിയിൽ"

"ങേ? ആശുപത്രിയിലോ? എന്നിട്ടെന്നെ അറിയിക്കാത്തതെന്ത്? എന്താണ് സുഖക്കേട്?

അതിനവൾ മറുപടി പറഞ്ഞില്ല. മുഖം കുനിച്ച് നിന്ന അവരുടെ കണ്ണുകളിൽ നിന്ന് ജലകണങ്ങൾ വീഴുന്നത് കണ്ട് അയാൾ പരിഭ്രമിച്ചു.

"പറയു-ഞാനല്ലേ ചോദിക്കുന്നത്? എന്റെ സാറിനെന്തുപറ്റി? ഏതാശുപത്രിയിലാണ്? പറയു അമ്മേ"

ആ സ്ത്രീ പൊട്ടിക്കരച്ചിലിന്റെ മുഖമുയർത്തി.

"നിന്റെ സാറ് ഇന്നു രാവിലെ നിന്റെ കൈകൊണ്ട് അടിയേറ്റു നിലത്തു വീണ് കയ്യൊടിഞ്ഞ് ആശുപത്രിയിൽ കിടക്കുകയാണ്."

ശിരസ്സിൽ അതിഭയങ്കരമായ അടിയേറ്റതുപോലെ ഇൻസ്പെക്ടർ പുറകോട്ടു മലച്ചു. അയാളുടെ മനസ്സിൽ രാവിലെ നടന്ന രംഗം വ്യക്തമായുയർന്നു. അദ്ധ്യാപകന്മാരുടെ സത്യാഗ്രഹം! ഘോഷയാത്ര! മുദ്രാവാക്യങ്ങൾ! പ്രകടനം! അവസാനം നടന്ന ലാത്തിച്ചാർജ്ജ്! അതിനു നേതൃത്വം നൽകിയ അയാളെ അദ്ധ്യാപകന്മാർ വളഞ്ഞപ്പോൾ സർവ്വതും മറന്ന അയാൾ തന്നെ ബാറ്റൺ വീശി നാല് വശവും നിന്നു മുന്നേറെ അടിച്ചോടിച്ചത്! അവരുടെ കൂട്ടത്തിൽ തന്റെ ഗുരുവുണ്ടായിരിക്കുമെന്ന് അയാളെങ്ങനെ ഊഹിക്കുവാനാണ്.!

"വിവരമറിഞ്ഞയുടൻ ഞാനിവിടെത്തി. ആശുപത്രിയിൽ ചെന്നുകണ്ടു. വലതു കൈ ഒടിഞ്ഞുപോയി" അവരുടെ കണ്ഠമിടറി.

"ഞാൻ... ഞാനറിഞ്ഞില്ലമ്മേ... സാറ് ആ കൂട്ടത്തിൽ..."

"പെൻഷനായിട്ട് മൂന്നു വർഷമായി. ഇതുവരെ പെൻഷനുവേണ്ടി ചെല്ലില്ല. ഇവിടെ വന്ന് നിന്നെക്കണ്ട് ശുപാർശചെയ്ത് കഴിയുന്നത്ര വേഗം പെൻഷനനുവദിപ്പിക്കാൻ വന്നതാണ്. ആഫീസിനകത്തു കടക്കാൻ വയ്യാത്തതുകൊണ്ട് പുറത്തിരിക്കുകയായിരുന്നു. അപ്പോഴാണ് നിന്നെ കണ്ടത്. മറ്റൊന്നുമാലോചിക്കാതെ തന്നെ സംശയം തോന്നി. അടുത്തു വന്ന സംശയം തീർക്കാമെന്ന് തീരുമാനിച്ചു. സാറന്മാർ അകത്തേക്ക് തള്ളിക്കയറുന്നത് കണ്ടപ്പോൾ പിറകെകൂടി. പിന്നെ നടന്നത് അറിയാമല്ലോ"

LEKSHMI AGENCIES

Kundara - 691 501

Ph: (0474) 522572, 522272. Fax: 523272

Stockists for:-

Eid Parry (India) Ltd.,
H & R Johnson (India) Ltd.,
Decora Sales Corp.,
Spatek Ceramics (India) Ltd.,
Garments India Ltd.,
Supreme Plastic Moulded Chairs
Diamond Steel Sinks.,
Mr. Butler's Soda Maker,
Usha Water Heater & Home Appliances
and all Sanitary wares

Attractive discount for dealers

Compliments from:-



ZIPATA COLOR LAB

"ക്ഷമിക്കണമമ്മേ... ഞാനെന്റെ ഡ്യൂട്ടി ചെയ്തതാണ്. സാറ് അവരുടെ ഇടയിലുള്ള കാര്യം..."

"അതിനെപറ്റി പരാതിയില്ല പപ്പൂ. പക്ഷേ സാറന്മാരെ ഒടിച്ചിട്ട ടിച്ചതു കണ്ടപ്പോൾ."

"അല്ലാതെന്തു ചെയ്യുമമ്മേ? ഞാനൊരു പോലീസുദ്യോഗസ്ഥനല്ലേ! മേലാവിൽ നിന്നുള്ള ആജ്ഞയനുസരിക്കാതെ പറ്റുമോ?"


"എന്തോ! എനിക്കറിഞ്ഞൂട പപ്പൂ. ഈ പേന ഇന്നു രാത്രി തന്നെ നിന്റെ കയ്യിലേല്പിക്കണമെന്നു നിർബന്ധം."

"ഈ പേന തന്നയച്ചതെന്തിനമ്മേ? അതാ എനിക്കു മനസ്സിലാകാത്തത്."

"ഇതിലും വലിയ ഗുരുദക്ഷിണ കിട്ടിയതുകൊണ്ട്? ഇത് മടക്കിത്തരികയാണെന്ന്! പോരെങ്കിൽ വലതുകൈ ഒടിഞ്ഞതുകൊണ്ട് ഇനി ഇതിന്റെ ആവശ്യവുമില്ലെന്ന്."

ഇൻസ്പെക്ടർ കഠിനമായി ഞെട്ടിപ്പോയി. അയാൾ പറഞ്ഞു." അയ്യോ അമ്മേ! ഞാൻ ഇന്നു രാത്രിതന്നെ ആശുപത്രിയിൽ വന്ന് സാറിനെ കണ്ട് കാര്യം പറയാം. നമുക്കൊരുമിച്ച് പോകാം. ഞാൻ അറിഞ്ഞില്ലമ്മേ... എന്റെ സാറിനെ... ഞാൻ... ആലോചിക്കാൻ പോലും വയ്യ! ഞാൻ സാറിന്റെ കാലുപിടിച്ചു കരഞ്ഞ് മാപ്പ് ചോദിക്കും.

"ഇല്ല പപ്പൂ. ഇതു തന്നിട്ട് ഉടനെ മടങ്ങിച്ചെല്ലണമെന്നാണു പറഞ്ഞത്. നീ കൂടെ വരാനൊരുങ്ങിയാൽ തടയണമെന്നും പറഞ്ഞു. നിന്നെ ഇനി കാണാൻ ഇഷ്ടമില്ലെന്നും പറഞ്ഞു.



"എന്ത്? ഞാനെന്തു പിഴച്ചു? അറിയാതെ ചെയ്ത തെറ്റിന്."

ഗുരുക്കന്മാരെ തല്ലിയ ശിഷ്യന്റെ മുഖം ഇനി ഒരിക്കലും കാണേണ്ടെന്ന് തീർത്തു പറഞ്ഞു കുഞ്ഞേ. അതുകൊണ്ടിതു വാങ്ങു - ഞാൻ പോകട്ടെ."

"അമ്മേ- എന്നോടിത്ര വെറുപ്പോ? ഞാനെന്തു ചെയ്യണമായിരുന്നു?"

"സാറന്മാരെ സ്വന്തം കൈകൊണ്ട് തല്ലാതിരിക്കാമായിരുന്നില്ലേ!" ആ ഗുരുത്വക്കേട് ഒഴിവാക്കാമായിരുന്നില്ലേ.

ഇൻസ്പെക്ടർ നിശ്ശബ്ദനായി.


"ഇതു വാങ്ങു പപ്പൂ. ഞാൻ പോകട്ടെ അദ്ദേഹം കാത്തു കിടക്കുകയാണ്. ദയവായി എന്നെ പറഞ്ഞയയ്ക്കൂ."

അവർ പേന നീട്ടി. അയാൾ യാന്ത്രികമായി അതു വാങ്ങി. അവർ പോകാനായി തിരിഞ്ഞു.


"അമ്മേ...!" അയാൾ നിസ്സഹായനായി നിലവിളിച്ചു.

"നീ നന്നായിരിക്ക് കുഞ്ഞേ!" തിരിഞ്ഞുനോക്കാതെ ഇടറിയ സ്വരത്തിൽ പറഞ്ഞിട്ട് നടന്നു മറഞ്ഞു.

പൊള്ളുന്ന ഏതോ വസ്തു കയ്യിലുള്ളതുപോലെ ഇൻസ്പെക്ടർക്ക് തോന്നി. അയാൾ ആ പേന മേശപ്പുറത്തിട്ടിട്ട് പരകഷീണനായി കസേരയിലേയ്ക്കുവീണു.



ഒരു ഉത്തമ സമൂഹ സൃഷ്ടിക്ക്.



എം. ഷംസുദ്ദീൻ

മനുഷ്യൻ മരിയ്ക്കുന്നു. ഫോട്ടോകൾ 'ജീവിയ്ക്കുന്നു. ഒരാൾ മരിച്ചുകഴിഞ്ഞാൽ പിന്നെ ജീവിച്ചിരിയ്ക്കുന്ന മാലോകർക്ക് വിലയിരുത്തലുകളുടെ ഊഴമായി. ഒരുപക്ഷെ ബാല്യം മുതൽ മരണത്തിന് തൊട്ടുമുൻപ് വരെയുള്ള പ്രവർത്തനപരമ്പരകളെ സംബന്ധിച്ച വിലയിരുത്തലുകൾ മറയില്ലാതെ നടത്തുവാൻ മറവിയില്ലാത്തവർക്ക് കഴിയും. അതുപോലെ, ജീവിതത്തിൽ മനുഷ്യന് കിട്ടുന്ന അംഗീകാരങ്ങൾ മനസ്സിന്റെ മായാത്ത കണ്ണാടിയിൽ നിത്യവസന്തമായി ഓർമ്മിയ്ക്കാനും അവ അയവിറക്കി ആനന്ദിയ്ക്കാനും കഴിയുന്നത് വലിയ സൗഭാഗ്യമാണ്. സ്കൂളിലും കോളേജിലും അങ്ങനെ കലാലയജീവിതത്തിലുടനീളം നീന്തിപ്പിടിയ്ക്കാൻ കഴിയുന്ന ഒത്തിരി നിധിപീഠങ്ങളുണ്ട്. അവ കൈപ്പിടിയിലൊതുക്കാൻ പ്രതീക്ഷമാത്രം പോരാ; പ്രതിജ്ഞയോടെ മുന്നേറുക തന്നെ വേണം. എങ്കിൽ മാത്രമേ നാം ലക്ഷ്യപ്രാപ്തരാകുകയുള്ളൂ.

സമൂഹത്തിൽ സമസ്ത വിഭാഗം ജനങ്ങൾക്കും സമയം വിലയേറിയതാണ്. (ഈ ആധുനിക, യാന്ത്രിക യുഗത്തിൽ പ്രത്യേകിച്ചും) അതിന്റെ വില അറിയാതെ സമയം ചെലവഴിച്ചുകളയുന്നവർക്ക് അവരുടെ സമയനഷ്ടത്തെക്കുറിച്ച് ബോധമുണ്ടാകുന്നത് എപ്പോഴാണ്? കലാശാലാ ജീവിതം കഴിഞ്ഞ് കോളേജ് കാമ്പസിന്റെ നടക്കല്ല് ചവിട്ടിനടന്നകലുമ്പോൾ, മനസ്സിന്റെ അഗാധതയിൽ നിന്നും അറിയാതെ ഒരു തേങ്ങൽ! ഒരു വലിയ സാമ്രാജ്യത്തിന്റെ 'അധിപനായിക്കഴിഞ്ഞ ഞാൻ ഇനിയും ഉയരങ്ങളിലേയ്ക്കോ? അതോ അഗാധമായ താഴ്ചയിലേയ്ക്കോ? പറന്നുയരുകയോ തളർന്ന് താഴുകയോ ആകാം. പറന്നുയരുക തന്നെയാണ് ലക്ഷ്യമെങ്കിൽ തന്റെ ചിറകുകൾ അതിന് സജ്ജമാണെന്നുറപ്പുവരുത്തുകയാണ് ആദ്യം വേണ്ടത്.

വിദ്യാലയത്തിൽ അദ്ധ്യാപകൻ തരുന്ന ടൈം ടേബ്ൾ വളരെ പ്രധാനപ്പെട്ടതാണെന്ന് കാണാം. ഓരോവിഷയവും നിശ്ചിത പീരിയേഡുകളിലായി നിശ്ചിത സമയത്തിനുള്ളിൽ അദ്ധ്യാപകൻ പഠിപ്പിച്ചു തീർക്കാനും വിദ്യാർത്ഥിക്ക് പഠിച്ചു തീർക്കാനും ഉള്ളതാണ്. ഈ സമയപ്പട്ടികയും അതിന്റെ പൊതുതത്വവും ഉദ്ദേശ്യലക്ഷ്യവും വളരെ വിലപ്പെട്ടതാണ്.

അദ്ധ്യാപകൻ തരുന്ന ടൈം ടേബ്ൾ പോലെ വിദ്യാർത്ഥികൾ അവരുടെ ദിനചര്യകൾക്ക് ഒരു ടൈം ടേബ്ൾ നിലനിർത്തി സൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. തന്റെ ഇതുവരെയുള്ള വിദ്യാഭ്യാസകാലഘട്ടത്തിൽ അതിനു കഴിഞ്ഞിട്ടുണ്ടോ? കലാലയം വിട്ടിറങ്ങുന്ന ഓരോ വിദ്യാർത്ഥിയും സ്വയം ചോദിക്കേണ്ട ചോദ്യമാണിത്. അഥവാ അത് പൂർണ്ണമായ അർത്ഥത്തിൽ പ്രാവർത്തികമാക്കാൻ ഇതുവരെ കഴിഞ്ഞില്ലെന്നാണ് ഉത്തരമെങ്കിൽ തന്റെ ശിഷ്ടജീവിതത്തിലെങ്കിലും അതിനായി യത്നിക്കേണ്ടത് അനിവാര്യതയായി കാണുമ്പോഴാണ് നാം ലക്ഷ്യബോധമുള്ളവരായിത്തീരുന്നത്.

ഒരു മനുഷ്യൻ 70 വയസ്സുവരെ ജീവിച്ചിരിക്കുന്നെങ്കിൽ അതിന്റെ 1/4 കാലം ബാല്യമായി കടന്നുപോയി. ഇതിന്റെ തന്നെ 1/3 കാലം നാം ഗാഢനിദ്രയിലാണ്. ജീവിതത്തിൽ ശേഷിച്ച 3/4 ഭാഗം സമയം എങ്ങനെ നീങ്ങുന്നു എന്ന് പരിശോധിക്കാം. വിവാഹം, വിനോദം, പൊതുപരിപാടികൾ തുടങ്ങി ജീവിതത്തിന്റെ നാനാമേഖലകളെയും സ്പർശിയ്ക്കുന്ന ചടങ്ങുകളിലെ നമ്മുടെ പ്രാതിനിധ്യം എന്നിവ മൂലം നടന്നുപോകുന്ന സമയങ്ങൾ തിട്ടപ്പെടുത്താനാവാത്തതാണ്. ഇവയൊക്കെത്തന്നെയും മനുഷ്യൻ ഒരു സാമൂഹ്യജീവിയെന്ന നിലയിൽ നാം പങ്കെടുത്തിരിക്കേണ്ടതൊ പങ്കെടുക്കൽ അനിവാര്യമാക്കപ്പെട്ടതൊ ആയ കാര്യങ്ങളാണെന്ന് കാണാം.

സമയനഷ്ടത്തെക്കുറിച്ച് പറയുമ്പോൾ നാം അറിഞ്ഞോ അറിയാതെയോ നഷ്ടപ്പെടുത്തിക്കളയുന്ന സമയത്തെക്കുറിച്ച് പറയാതെ വയ്യ. ഇങ്ങനെ നഷ്ടപ്പെടുത്തിക്കളയുന്ന സമയം നമുക്ക് സ്വന്തമായോ, സാമൂഹത്തിനോ ഒരു തരത്തിലും ഗുണം ചെയ്യുന്നില്ല എന്ന് മാത്രമല്ല, സമൂഹത്തിനാകെ ദോഷകരമായിത്തീരുന്ന വളരെയേറെ ദുഷിച്ച പ്രവണതകൾക്ക് വളമിടുകയും ചെയ്യുന്നവയാണ്. സാമൂഹ്യ വിരുദ്ധപ്രവണതകളാൽ സമൂഹം ഒറ്റപ്പെടുത്തി നിർത്തേണ്ടുന്ന വ്യക്തികളുമായുള്ള ചങ്ങാത്തം ഇതിൽ പ്രധാനപ്പെട്ടതാണ്. ഇത് ചൂണ്ടി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുമായും തനിക്ക് ചങ്ങാത്തമുണ്ട് എന്നവാദം ചിലർ ഉയർത്താറുണ്ട്. ഇത് സാമൂഹ്യപ്രതിബദ്ധതയുണ്ട് എന്ന വകാശപ്പെടുന്ന ഒരു സമൂഹത്തിന് ഭൂഷണമാണ് എന്ന സമ്മതിയ്ക്കുക വയ്യ. തിന്മയുടെ പ്രതിനിധിയായ ഒരാളെ നാം കൂട്ടുകാ

മനാക്കുമ്പോൾ, ഫലത്തിൽ അവന്റെ കൊള്ളരുതായ്മകളെ നാം അംഗീകരിയ്ക്കുകയാണ് ചെയ്യുന്നത്. ഇത് ജീവിത നന്മ വ്രതമാക്കിയ നാം ഓരോരുത്തരും ഒഴിവാക്കിയേ തീരൂ. ഇനി, മേല്പറഞ്ഞ വ്യക്തിയെ നാം എല്ലാപേരും ഒരുപോലെ അകറ്റിനിർത്തുന്നുവെന്ന് കരുതുക. അപ്പോൾ അവന് തന്റെ ചെയ്തികളിൽ ഒരു വീണ്ടുവിചാരത്തിന് അവസരമൊരുങ്ങുകയും തെറ്റുകൾ തിരുത്തി നല്ല സമൂഹത്തിന്റെ ഭാഗമായിത്തീരാനുള്ള സാഹചര്യം കൈവരുകയും ചെയ്യും. വിലമതിയ്ക്കാനാവാത്ത സമയം നമുക്കെല്ലാം ഒരുപോലെ പ്രയോജനപ്പെടുകയും ചെയ്യുന്നു. ഈ സിദ്ധാന്തത്തിലൂന്നി നിന്നാൽ മാത്രമേ കുറ്റകൃത്യങ്ങളില്ലാത്ത ഒരു മാതൃകാസമൂഹമായി നമുക്ക് സ്വയം മാറാൻ കഴിയൂ.

പഴയ ഗുരു-ശിഷ്യബന്ധത്തിന്റെ പവിത്രത മറ്റെന്നത്തെക്കാളും അപകടപ്പെട്ടിട്ടുള്ള ഒരു കാലഘട്ടമാണിത്. ഈ പ്രതിസന്ധിയെ തരണം ചെയ്യുവാൻ വിദ്യാർത്ഥിയും ഒരു പരിധിവരെ അദ്ധ്യാപകനും ആത്മാർത്ഥമായി പരിശ്രമിച്ചേ മതിയാവൂ. ഗുരുഭക്തിയും ബഹുമാനവും ആവശ്യത്തിനു മാത്രമുള്ള ഭയവും വിദ്യാർത്ഥിയുടെ സ്വഭാവഗുണങ്ങളെ അളക്കാൻ പോന്നവയത്രെ! വിദ്യാർത്ഥി അദ്ധ്യാപകനെ അനുസരിയ്ക്കുക, മകൻ അച്ഛനെ അനുസരിയ്ക്കുക, അങ്ങനെ അനുസരണയും പാവനമായ ഗുരുഭക്തിയും ഉള്ള വിദ്യാർത്ഥി, ഗുണസമ്പന്നമായ ഒരു സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്കുള്ള പ്രേരക ഘടകമാണെന്ന് നാം തിരിച്ചറിയുക. ധന്യമായ ഒരു ജീവിതത്തിനുടമയാകുവാൻ ഓരോ വിദ്യാർത്ഥിയ്ക്കും ഇതുമൂലം കഴിയുന്നു.

വിദ്യാർത്ഥി ജീവിതത്തിൽ, അവിസ്മരണീയങ്ങളായ നിരവധി മുഹൂർത്തങ്ങളുണ്ടാകാറുണ്ട്. ഉയർന്ന മാർക്ക് വാങ്ങി റാങ്ക് നേടുമ്പോഴും വിവിധ കലാ-കായിക രംഗങ്ങളിൽ [illegible] മ്പോഴും അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രീഭൂതനാകുമ്പോഴും ഒരു വിദ്യാർത്ഥിയ്ക്കുണ്ടാകുന്ന ആത്മാഭിമാനബോധം മേല്പറഞ്ഞ അവിസ്മരണീയതയ്ക്ക്, പ്രശംസാ പരിധിയ്ക്കുമപ്പുറം ഏടുത്തുയർത്തപ്പെടുന്നത്, ഒരുത്തമ സമൂഹത്തിന്റെ പ്രതിനിധികളായിത്തിരേണ്ടവരാണെന്ന അവബോധം ഓരോരുത്തർക്കും ഉണ്ടാകുമ്പോൾ മാത്രമേ സമൂലമായ സാമൂഹ്യമാറ്റമെന്ന പരിണാമ പ്രക്രിയയുടെ സ്നേഹസന്ദേശ വാഹകരാകാൻ ഒരു വിദ്യാർത്ഥിസമൂഹത്തിന് സാധിയ്ക്കുകയുള്ളൂ എന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് അവസാനിപ്പിയ്ക്കട്ടെ

[illegible]

അരുത്....DON'T READ THIS

കണ്ടില്ലേ അരുത് എന്ന് പറയുന്നത് മാത്രമേ നാം ചെയ്യൂ. അതാരുടേയും മനുഷ്യ സ്വഭാവം. അതുതന്നെ ഇതും. ഇത് വായിക്കരുത് എന്ന് എഴുതി.

അതുകൊണ്ടുതന്നെ നിങ്ങളിത് വായിച്ചു.

ഈ ഓർമ്മ 95 ന്റെ താളുകളിലെ ചിത്രങ്ങൾ മാത്രം നോക്കി നോക്കി. തള്ളിയ ബുദ്ധിരാക്ഷസൻമാർ വരികൾ വായിച്ചിട്ടുണ്ടാകും തീർച്ച.

കാരണം.

അരുത് എന്നൊരു വാക്ക് നാം കണ്ടു പോയി

അതുകൊണ്ട് അത് ചെയ്തല്ലേ മതിയാകൂ.....

മഴക്കാറ് നീങ്ങവേ...



സന്ധ്യയ്ക്കരി വാങ്ങിവരും കുറവൻതൻ
കൂടിലിലെരിയും കരിവിളക്കിൻ
ദീർഘനാളങ്ങൾ, തൻപൈതങ്ങളെ
വിഴുങ്ങുവാനായുന്നതുകണ്ടു

കണ്ണുതുറിച്ചുനോക്കിനില്ക്കേ
കാർമേഘങ്ങൾ വന്നണയുന്നതു
കരിവിളക്കിന്റെ ദീർഘനാളങ്ങളെ
വിഴുങ്ങുന്നതും കണ്ടയാൾ.

അതുകണ്ടുമന്ദഹസിക്കവേ
വാന്നൊലിക്കുന്ന വർഷം
തൻപൈതങ്ങൾക്ക്
ജലദോഷമാണന്നോർത്ത് നടുങ്ങുന്നു.

ഒന്നൊഴിഞ്ഞു നില്ക്കുവാൻ ഇല്ലിനി
ഇത്തിരികൂരയുള്ളോരു സ്ഥലംപോലും
വരമ്പുപൊട്ടിയ തിണ്ണയിലൂടെ
വെള്ളമിരച്ചിറങ്ങുന്നതു കണ്ടയാൾ

കീറത്തുണിയാൽ പൈതങ്ങളെ
മാറോടണയ്ക്കുന്ന കുറത്തിയെ നോക്കി
നെടുവീർപ്പിട്ടയാൾ
വർഷമൊന്ന് ശമിച്ചപ്പോൾ
ചാണകം മെഴുകിയെന്നുതോന്നുന്ന
നിലത്തിലൂടെ കാലുകൾ മെല്ലെ
വലിച്ചു വച്ചു നടന്നയാൾ

ഒന്നുതലചായ്ക്കാൻ ഇല്ലിനി
ഇത്തിരി നീർവറ്റിയ മണ്ണുപോലും
തന്റെ പൈതങ്ങളെ മാറോടണയ്ക്കുന്ന
കുറത്തിയ്ക്കരികെ നിന്നു
കണ്ണുനീരാൽ മന്ദഹസിച്ചയാൾ

കൈയിലിരിക്കും നാഴിയരി
അവൾക്കുനേരെ നീട്ടവേ
മഴക്കാറു നീങ്ങുന്നതും,
നിലാവുദിക്കുന്നതും
രജനി ചിരിക്കുന്നതും
കണ്ടു നിർവൃതിയടഞ്ഞയാൾ



അനില പി. എസ്. II P.D.C

കവിയരങ്ങ്

സ്വാഗതം



Prof. Lt. Col. ബഷീർകണ്ണ്

അധ്യക്ഷൻ



ബിജു

ആശംസ



വിമലാ മേനോൻ



ഉദ്ഘാടനം ശ്രീ. കിളിമാനൂർ മധു

കൃതജ്ഞത



ശ്രീ. മുഖത്തല ശ്രീകുമാർ



ദീപക് രാജ്

Felicitation: C.H. Ashik



Inauguration: Prof S. Sudeesh



Presidential Address: Chairman



Felicitation: Shaji Wayanad



Vote of Thanks: Deepak Raj (Gen. Sec.)



Audience



Annual Report: Principal



Inauguration



Lt. Col. Basheer Kannu
(Principal)



Yathramozhi : Nizam
Felicitation : Prof. Manaf,
Prof. Abdul Vahid



Yathramozhi: Abdul Hakkim, Biju.B.
Marumozhi : Prashanth V.P.

Women's Day



Inauguration
Prof. Rema Devi



Felicitation
Principal

Inauguration



Municipal Chairman K. Thankappan

Welcome Speech



Principal



Felicitation: Prof. Abdul Vahid



Prize distribution : Municipal Chairman

ആത്മരോദനം

എന്തിനെ നൽകിയെനിക്കിന്നീ നരജന്മം
തീരുമാനീ ജീവൻ നൽകാതിരുന്നെങ്കിൽ
അവജ്ഞയാണല്ലോ എനിക്കു നൽകുവതി
യുഗത്തിൽ മർത്ത്യ തലമുറകളിന്ന്!

പൂഴുക്കൾ നുരയ്ക്കുമീ ദേഹിയെയ
യെന്തിനീ എനിക്കു നൽകീ, വേ-
ദനയേറി അനുഭവിപ്പിക്കുവാനിന്നി-
യുമെന്തിനീ ജന്മമിന്നോ നീട്ടുന്നു.
അർത്ഥത്തിനോടാണാർത്തിയീവാനവ
ജന്മമാം അർത്ഥരഹിർക്കഹോ, യെന്തെ-
ല്ലാം സഹിക്കണമീ പാവമാം ഞാൻ,
മോഹിയെന്നെന്നെ മുദ്രകുത്തിപ്പോയില്ലേ...

എൻ ജീവിതത്തിൽ നല്ലകാലങ്ങളി-
ലെനിക്കെന്നും കൂട്ടായിരുന്നെൻ കളത്രവും
അവജ്ഞയുടെ തീക്കനലേറ്റ ചൊരിഞ്ഞെൻ
ആത്മചൈതന്യവും കെടുത്തീടുന്നുവല്ലോ.

ആശ്വാസിപ്പിക്കേണ്ടവർ അകറ്റി, നിർ-
ത്തുന്നെന്നെ അയ്യോ! ഇവൻ മാറാരോഗി
ആശുപത്രിയിലുപേക്ഷിച്ചു പോയവരിന്നി-
പ്പോഴിങ്ങോട്ട് തിരിഞ്ഞു നോക്കാറേയില്ല.

ആശുപത്രിതൻ രോദന ഭൂമി മാത്രം
ഇന്നെനിക്കേകയാശ്രയമീ ഭൂമിയിൽ ഒരായിരം വട്ടമെന്നോടു
തന്നെ ചോദിപ്പൂ...
എനിക്കെന്തിനു നൽകിയീ പാഴ്ജന്മം?

രഞ്ജി രാജൻ I P.D.C

കലാലയരാഷ്ട്രീയത്തിന്റെ ആവശ്യകത



പ്രശാന്ത് വി. പി. II DC (Physics)

കലാലയരാഷ്ട്രീയത്തിന്റെ പ്രസക്തിയെക്കുറിച്ച് വളരെയധികം ചർച്ചകൾ നടക്കുന്ന കാലമാണിത്. ക്യാംമ്പസ് രാഷ്ട്രീയം, കാമ്പസിൽ അനിവാര്യമാണോ അല്ലയോ, നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു. കാലിക പ്രാധാന്യമുള്ള വിഷയമാണ്.

മറ്റെന്തിനെക്കാളും ഉയർന്ന സ്ഥാനം കേരളത്തിൽ വിദ്യാഭ്യാസത്തിന് കൊടുക്കുന്നുണ്ട്. വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത് പഠനം മാത്രമല്ല. രാജ്യത്തിന്റെ സംസ്കാരം രാഷ്ട്രീയം എന്നിവയിൽ വേണ്ടത്ര വിജ്ഞാനം കൊണ്ട്, ബുദ്ധിസാമർത്ഥ്യവും വൈദഗ്ദ്യവുമുള്ള വ്യക്തികളെ സൃഷ്ടിക്കുക എന്നതാണ്.

രാഷ്ട്രീയ നിരോധനം കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടാകുമോയെന്ന് നമ്മൾ ചിന്തിക്കണം. സ്കൂളുകളിലും കോളേജുകളിലും പലപ്പോഴും അക്രമത്തിലേക്ക് ചെന്നെത്തുന്ന സംഘർഷത്തിനും സംഘട്ടനത്തിനും ഇതുവല്ല വ്യത്യാസവും വരുത്തുമോ. ഇല്ല എന്നുതന്നെ നമുക്ക് പറയാം. കാരണം കാമ്പസിനകത്തെ സംഘർഷവും സംഘട്ടനവും പുറത്തുള്ള സംഘർഷത്തിന്റേയും സംഘട്ടനത്തിന്റേയും പ്രതിഫലനമാണ്. കാമ്പസ് രാഷ്ട്രീയത്തിലെ കുറ്റ വാസന പുറത്തുള്ള കുറ്റവാസനയുടെ പ്രതിഫലനമാണ്. സ്കൂളുകളിലും കോളേജുകളിലും മാത്രമേ അക്രമത്തിലേക്ക് ചെന്നെത്തുന്ന സംഘർഷവും സംഘട്ടനവും നടക്കുന്നുള്ളൂ എന്ന് ആർക്കെങ്കിലും അവകാശപ്പെടാനാകുമോ?

വിദ്യാർത്ഥികളുടെ രാഷ്ട്രീയ സംഘടനാ പ്രവർത്തനത്തിന്റെ മറവിൽ അധ്യായന അന്തരീക്ഷം പാടെ തകർക്കുവാൻ ശ്രമിക്കുന്ന ചിലരുണ്ട്. ഇതിനെ ശക്തമായി എതിർക്കുകതന്നെവേണം. വിദ്യാലയത്തിലും കലാശാലകളിലും പഠനാന്തരീക്ഷവും സൗകര്യവും മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ വിവിധങ്ങളായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും വ്യക്തിത്വം വികസിപ്പിക്കുന്നതിനും ഉതകുന്നതായിരിക്കണം സംഘടനാ പ്രവർത്തനവും രാഷ്ട്രീയചിന്തയും.

കലാലയരാഷ്ട്രീയത്തിന്റെ രീതികളോട് എതിർപ്പ് കാണിക്കുന്നവർ സമൂഹത്തിൽ വളരെയധികം ഉണ്ട്. അക്കൂട്ടർ രാഷ്ട്രീയത്തിന് എതിരായികാണുന്ന കാര്യങ്ങൾ സമരവും അക്രമവുമാണ്. എന്നാൽ ഈ രണ്ടുകാര്യങ്ങളാണോ കാമ്പസ് മലിനീകരണത്തിന് കാരണമായി തീരുന്നത്? രാഷ്ട്രീയത്തെ ഒഴിച്ചു നിർത്തിയാൽ മറ്റ് കാര്യങ്ങളൊക്കെ നല്ലതാണ് എന്ന വിചാരിക്കുന്നവർ വിഡ്ഢികളാണ്. കാരണം രാഷ്ട്രീയേതരങ്ങളായ എന്തെല്ലാം ദുഷ്കൃത്യങ്ങളാണ് കാമ്പസിൽ നടക്കുന്നത്. റാഗിംങ്ങ്, മയക്കുമരുന്നിന്റെ ഉപയോഗം തുടങ്ങി എന്തെല്ലാം.? രാഷ്ട്രീയത്തെ ഇത്രയധികം വെറുക്കുന്നവർ എന്തുകൊണ്ട് ഇത്തരം പ്രവർത്തനങ്ങളെ എതിർക്കുന്നില്ല.

വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് എന്നും വിദ്യാർത്ഥിസംഘടനകൾ മുന്നിട്ടിറങ്ങിയിട്ടുണ്ട്. വിദ്യാർത്ഥിസംഘടനകൾ നടത്തിയ സമരങ്ങളിലൂടെ പല പ്രശ്നങ്ങൾക്കും പരിഹാരവും കണ്ടിട്ടുണ്ട്. കാമ്പസിൽ ഇന്ന് പേടിസ്വപ്നമായിക്കൊണ്ടിരിക്കുന്ന റാഗിംങ്ങിനെതിരെ വിദ്യാർത്ഥിസംഘടകൾ നടത്തിയ പ്രവർത്തനങ്ങൾ അക്രമവാസനയ്ക്കെതിരെ നടത്തിയ പ്രവർത്തനങ്ങളാണ്. ഇതിനെക്കുറിച്ചൊക്കെ വളരെ സൂക്ഷ്മതയോടെ ചിന്തിക്കുന്നവർക്ക് ഒരു കാര്യം മനസ്സിലാകും', മാഷ്ട്രീയം വേണ്ട എന്ന് പറയുന്നത് പാഴ്വാക്കാണെന്ന്. എന്നിട്ടുപോലും ചില ബുദ്ധിജീവികളും നിയമജ്ഞരും ഇതിനെതിരെ ശബ്ദമുയർത്തുന്നത് എന്തിനാണെന്ന് അറിയില്ല.

സമരത്തിന്റെ കാര്യമെടുത്താൽ നമ്മുടെ സ്വാതന്ത്ര്യ സമരത്തിൽ ഗാന്ധിജി കൈക്കൊണ്ട മാർഗ്ഗാണ് വിദ്യാർത്ഥികൾ ഇന്ന് പിന്തുടരുന്നത്. ഇന്ത്യ ഒരു ജനാധിപത്യരാഷ്ട്രമാണ്. വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ശ്രമിക്കുന്ന ഒരു സംഘടന അതു നിർവ്വഹിക്കുന്നത്–സമരമുറകളിലൂടെയായിരിക്കും, വിദ്യാർത്ഥികളുടെ ഉന്നമനത്തിന് ഹാനികരമായ സർക്കാർ തീരുമാനങ്ങൾ പലപ്പോഴും സമരത്തിന് കാരണമാകുന്നു. അങ്ങനെ വിദ്യാർത്ഥികൾ ക്ലാസ്മുറികൾ ബഹിഷ്കരിച്ച് തെരുവിലിറങ്ങുമ്പോൾ അതിനെ അടിച്ചമർത്താനായി പോലീസിനെ നിയോഗിക്കുന്നു; വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ പലരും ഇതിൽ രക്തസാക്ഷികളായിതീരുന്നു. ഇതുകൊണ്ടാണ് സഹവിദ്യാർത്ഥിപ്രവർത്തകന്റെ ചോരയിൽനിന്ന് സംഘടന വളരുന്നു എന്ന ആക്ഷേപം ഉണ്ടാകുന്നുണ്ട്.

വിദ്യാർത്ഥികളുടെ സംഘടനാ പ്രവർത്തനം നിരോധിക്കണമെന്ന് പറയുന്നവരും സംഘടനാപ്രവർത്തനത്തിന്റെ പേരിൽ അധ്യായന അന്തരീക്ഷം തകർക്കുന്നവരും ഒരേ തെറ്റാണ് ചെയ്യുന്നത്. ഇത് രണ്ടിൽ നിന്നും ഭിന്നമായി പുത്തൻ തലമുറയുടെ ലക്ഷ്യബോധവും വ്യക്തിത്വവും സംഘടനാപാടവവും അക്കാദമിക്ക് നിലവാരവും ഉയർത്തുവാൻ ഉതകുന്നതരത്തിൽ സ്കൂളുകളിലേയും കോളേജുകളിലേയും അന്തരീക്ഷം ക്രമീകരിക്കുന്നതിനുള്ള ശക്തമായ നിലപാടാണ് സ്വീകരിക്കേണ്ടത്.



ലിയനാർദോ ഡാവിഞ്ചി

ഇറ്റലിയിലെ ഫ്ളോറൻസ് എന്ന സ്ഥലത്ത്
ജനിച്ചു. ചിത്രകാരനും,
ശില്പിയെന്നതിലുമുപരി
ഒരു എഞ്ചിനിയറിങ്ങ് വിദഗ്ദനും
വാസ്തുശില്പിയും
സാഹിത്യ അഭിരുചിയുമുള്ള ഒരു മഹത്
പ്രതിഭയും ആയുരുന്നു അദ്ദേഹം.
ഡാവിഞ്ചി നവോത്ഥാന പ്രസ്ഥാനത്തിന്
ഗണ്യമായ സംഭാവനകൾ നല്കിയിട്ടുണ്ട്.
വ്യവസായ പ്രമുഖനായ
ഫ്രാൻസിസ്കോ-ഡി-ഗോയിക്കോ
മൂന്നാം ഭാര്യയായ ലിസയുടെ ചിത്രമാണ്
വിശ്വപ്രസിദ്ധമായ
മൊണാലിസ.

College Champion



Dileep Kumar

George Joseph Memorial Trophy Winners



TKM College Football Team

Lady Champion



Jayalekshmi

Prize Distribution



Prof. Jawahar Niza

Cricket Captain



Siyad

Kalari Captain




Anees

Weight Lifting Champion




Shahaludeen

Judo Champion-



Sajid



Teacher's Discuss Throw Competition - a view



Best Body Builders

സമത്വസങ്കല്പം

സജിത എസ്.
ബി. എ. ഒന്നാം വർഷം ആംഗലേയ സാഹിത്യം

ഒരുപക്ഷേ ഈ വിഷയത്തെക്കുറിച്ചായിരിക്കണം ഏറ്റവും കൂടുതൽ ഇന്ന് ചിന്തിക്കുന്നത്. സ്ത്രീപുരുഷ സമത്വം എന്ന സങ്കല്പം തലമുറകൾ കൈമാറിവന്ന ഒന്നാണ്. സ്ത്രീയും പുരുഷനും തുല്യരാണെന്ന വാദം തികച്ചും തെറ്റുതന്നെയാണ്. സ്ത്രീയ്ക്ക് പുരുഷനോടൊപ്പം തന്നെ പരിഗണന സമൂഹം നൽകുന്നുണ്ടോ, തലമുറകളായി ഈ ചോദ്യം പിന്തുടരുന്നു. ഉത്തരം കിട്ടാത്ത പലചോദ്യങ്ങളുമായി സ്ത്രീകളുടെ പ്രശ്നങ്ങൾ ദിനരാത്രങ്ങൾക്കൊപ്പം കൊഴിഞ്ഞുപോകുന്നു. അതിനോടൊപ്പം പല സ്ത്രീകളുടെയും ജീവിതം അവിടെ എരിഞ്ഞടങ്ങുന്നു. ഈ പ്രശ്നങ്ങൾ ജനങ്ങൾക്ക് എന്നും ഒരു ചൂട് വാർത്തയായി മാത്രം അവശേഷിക്കുന്നു. സമത്വം എന്നത് എക്കാലവും ചിന്തിക്കുന്ന ഗൗരവമേറിയ ഒരു പ്രശ്നമാണ്. ജീവിതവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളിലും സ്ത്രീപുരുഷന് തുല്യമായി നിൽക്കുന്നു. പുരുഷനോടൊപ്പം വർത്തിക്കുന്ന സ്ത്രീയ്ക്ക് ഏത് മേഖലയിലായാലും അവഗണന മാത്രമേ ലഭിക്കുന്നുള്ളു. എല്ലാ മേഖലയിലും തുല്യപങ്കാളിത്തം വേണമെന്നവകാശപ്പെടുന്നവരാണ് ഇന്നത്തെ തലമുറയിലെ സ്ത്രീകൾ. സ്ത്രീയ്ക്കും പുരുഷനും നിയമത്തിൽ തുല്യ പ്രാധാന്യമാണുള്ളത്. പിന്നെ എന്തിന് സ്ത്രീയുടെ അവകാശങ്ങൾ നിഷേധിക്കപ്പെടണം. പുരുഷനോടൊപ്പം ഏതുമേഖലയിലും ജോലി ചെയ്യാൻ തയ്യാറാണെന്ന് ഇന്നത്തെ തലമുറയിലെ സ്ത്രീകൾ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. പുരുഷന്റെ അവകാശങ്ങൾക്ക് മുൻഗണന നൽകുകയും സ്ത്രീകളുടെ അവകാശങ്ങളെ നിഷേധിക്കുകയും ചെയ്യുന്ന സമ്പ്രദായം എല്ലാം ഇതേ രീതിയിൽ തന്നെ തുടരണം എന്നവാശി പൗരാണിക തലമുറയിൽ നിന്നും കൈമാറിവന്നതാണ്.

ഗാന്ധിജിയും, ടാഗോറും മറ്റും സ്ത്രീകൾക്ക് ഉന്നതമായ സ്ഥാനമാണ് നൽകിയിരുന്നത്. പക്ഷേ ഇന്ന് സ്ത്രീയെ ഒരു അബലയായിമാത്രം വരച്ചുകാട്ടുന്നു. സ്ത്രീ ആയത്കൊണ്ട് മാത്രം അവൾക്ക് പല കടുത്തപീഢനങ്ങളും അനുഭവിക്കേണ്ടിവരുന്നു. കല്യാണ മാർക്കറ്റിൽ വിലപറയുന്ന ഒരു വസ്തുവായി അവളിന്ന് അധഃപതിച്ചിരിക്കുന്നു. സ്ത്രീപീഢന കേസുകൾ ഇന്ന് ക്രമാതീതമായി വരികയാണ്. അത് വെറുമൊരു പത്രവാർത്തയായി മാത്രം ഒതുങ്ങുന്നു. വാസഗൃഹത്തിലെ ഇഷ്ടാനുവർത്തിയായും ഭോഗ

വസ്തുവായും പരിണമിക്കപ്പെട്ടവൾ സമൂഹത്തിലെ വിശ്വാസങ്ങൾക്കും വിധിവാചകങ്ങൾക്കും വിലക്കുകൾക്കും നാട്ടുനടപ്പുകൾക്കും വേണ്ടി സ്വയം സമർപ്പിക്കപ്പെടുകയാണ്.

തനിക്ക് ഇഷ്ടപ്പെട്ട ആളെ സ്വീകരിക്കുവാനോ ഇഷ്ടപ്പെട്ട ജോലി സ്വീകരിക്കുവാനോ സ്വന്തമായി അഭിപ്രായം പറയുവാനോ പുരുഷനെപ്പോലെ സ്വതന്ത്രമായി സഞ്ചരിക്കുവാനോ സ്വാതന്ത്ര്യമില്ലാത്തപക്ഷം എത്രതുല്യരാണെന്ന് വാദിച്ചാലും സമത്വമെന്ന സങ്കല്പം തന്നെ ഇവിടെ അർത്ഥമില്ലാതായിതീരുന്നു. പണ്ട് സ്ത്രീയെ ലക്ഷ്മിയായി സമൂഹം കരുതിയിരുന്നു. പക്ഷേ ഇന്ന വളുടെ ബലഹീനതകളെ ചൂഷണം ചെയ്ത് അബലയായി മാത്രം സ്ത്രീയെ ചിത്രീകരിക്കുന്നു. സ്ത്രീത്വം ഇന്ന് എവിടെയും അപമാനിക്കപ്പെടുകയാണ്. വിനോദസഞ്ചാരികളുടെ പാചകശാലയിൽ ഇന്ന് വെന്തെരിയുന്നത് സ്ത്രീകളുടെ പച്ചമാംസമാണ്.

സുസ്മിതാസെന്നിനെയും ഐശ്വര്യാറായിയെയും പൂജാ ബേഡിയെയുമൊക്കെ പലരും നേട്ടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്ന്വെച്ച് ഇന്നത്തെ സ്ത്രീകളെല്ലാം അതുപോലെ ആകാൻ കഴിയുകയില്ല എന്ന സത്യം എത്രത്തോളം അർത്ഥവത്താണ്. ഫാഷൻ ഷോ സംഘടിപ്പിച്ചതുകൊണ്ടോ, വിശ്വസുന്ദരിപ്പട്ടം നേടിയതുകൊണ്ടോ മാത്രം ഒരിക്കലും സ്ത്രീകളുടെ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. അവൾക്ക് ഒരിക്കലും സ്വാതന്ത്ര്യം ലഭിക്കുന്നുമില്ല. ഇന്ന് വളരെയേറെ വനിതാ സംഘടനകൾ രൂപം കൊണ്ടിട്ടുണ്ട് ഇവയുടെയെല്ലാം ലക്ഷ്യം ഒന്നുതന്നെയാണ്. "സ്ത്രീ സ്വാതന്ത്ര്യം"

സ്ത്രീ സ്വാതന്ത്ര്യം എന്ന സങ്കല്പം നമുക്ക് സ്വപ്നം കാണാവുന്ന ദൂരത്തിൽ എന്നും മാറിനിൽക്കുന്നു. എന്നും സ്ത്രീയ്ക്ക് പ്രശ്നങ്ങളാണ്. സ്ത്രീകളുടെ മനസിൽതന്നെയാണ് തങ്ങൾ അബലകളല്ല എന്നും പുരുഷനോടൊപ്പം തന്നെ തുല്യമാണ് എന്നുമുള്ള ചിന്ത ഉടലെടുക്കേണ്ടത്. ജീവിതത്തെ ഒരു നാണയത്തോട് ഉപമിച്ചാൽ അതിന്റെ ഇരുവശമാണ് സ്ത്രീയും പുരുഷനും. അതിൽ നിന്നുതന്നെ സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം എത്രവലുതാണ് എന്നും, സ്ത്രീ ഇല്ല എങ്കിൽ പുരുഷന് നിലനിൽപ്പില്ല എന്നും നമുക്ക് മനസ്സിലാക്കാം. മനുസ്മൃതിയിൽ മനു പറഞ്ഞിരിക്കുന്നത്.

"പിതാ രക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവനേ
പുത്രോ രക്ഷതി വാർദ്ധക്യേ" എന്നാണ്.

അതായത് കൗമാരത്തിൽ പിതാവും യൗവനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ പുത്രനും സ്ത്രീയെ സംരക്ഷിക്കണമെന്നാണ്. അവളൊരിക്കലും അനാഥയാകരുത് എന്ന് മാത്രമാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അവൾ അബലയാണെന്നും അവൾക്ക് സ്വാതന്ത്ര്യം വേണ്ട എന്നും ഇതിന് അർത്ഥമില്ല. ഈ സങ്കല്പം ഓരോ തലമുറയും അവരുടേതായ യുക്തിയിൽ സൗകര്യപൂർവ്വം വിശദീകരിച്ചപ്പോൾ സ്ത്രീയെന്ന സങ്കല്പത്തിന് അവിടെ അവർ ഒരു പുതിയ അർത്ഥം നൽകുകയായിരുന്നു. നീ കേവലം "ഒരു സ്ത്രീ" മാത്രമാണ് എന്ന് സമൂഹം അവളെ വിലക്കുന്നു.

"സമത്വം" എന്നതുകൊണ്ടുദ്ദേശിക്കുന്നത് സ്ത്രീയ്ക്ക് സമൂഹത്തിലെ വിലക്കുകളിൽ നിന്നുള്ളമോചനം മാത്രമല്ല. സ്ത്രീവിദ്യാഭ്യാസം ഇന്നത്തെ സമൂഹത്തിൽ അത്യന്താപേക്ഷിതമായ ഒന്നാണ്. സ്ത്രീപീഢനങ്ങൾ ഏറെയും അനുഭവിക്കേണ്ടിവരുന്നത് സമൂഹത്തിൽ താഴേക്കിടയിലുള്ള സ്ത്രീകളാണ്. സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാൻ വനിതാ സെൽ രൂപീകരിച്ചതുകൊണ്ടോ, ചർച്ചകൾ നടത്തിയതുകൊണ്ടോ, വനിതാസംഘടനകൾ രൂപീകരിച്ചതുകൊണ്ടോ വനിതകൾക്ക് നിയമസഭയിൽ മൂന്നിലൊന്ന് സംവരണം ഏർപ്പെടുത്തിയതുകൊണ്ടോ മാത്രം മാറ്റിയെടുക്കാവുന്ന ഒരു പ്രശ്നമല്ല ഇത്. സമത്വം എന്നത് ഓരോ മനുഷ്യന്റെയും മനസ്സിൽ ഉണ്ടാകേണ്ടതാണ്. ഇനിയെങ്കിലും അവളെ 'അബലയായി' വരച്ചുകാട്ടാതിരിക്കുക. തുളസിക്കതിരിന്റെ വിശുദ്ധിയുള്ള ഹൃദയത്തോട്കൂടിയ, കഥയിലെ നായികാ സങ്കല്പങ്ങളിലൂടെയും കാളക്കൂറ്റന്റെ ശക്തിയുള്ള പുരുഷന്റെ മുമ്പിൽ വാടിതളർന്ന താമരതണ്ടുപൊലെയുള്ള പരസ്യചിത്രത്തിലെ നായികാ സങ്കല്പങ്ങളിലൂടെയും വളർന്നുവരുന്ന പുത്തൻ തലമുറയ്ക്ക് വേണ്ടി 'സമത്വമെന്ന' വാക്കിന്റെ അർത്ഥം ശരിക്കും വ്യക്തമാക്കേണ്ടതുണ്ട്.

വസന്തത്തിന്റെ പുനർജന്മം.

രഞ്ജി രാജൻ ആർ. I P.D.C.

നേരം പുലർന്നു വരുന്നതേയുള്ള സഞ്ചരിക്കുന്ന തീവണ്ടിയിലിരുന്ന് അയാൾ പുറത്തേക്കു നോക്കി. ഒടുവിൽ ഒരു ദീർഘനിശ്വാസത്തിനു ശേഷം അയാൾ ചിന്തിച്ചു. സ്റ്റേഷനടുക്കാറായിരിക്കുന്നു. തന്റെ എല്ലാമെല്ലാമായിരുന്ന ഒടുവിൽ താൻ ഇട്ടെറിഞ്ഞുപോയ തന്റെ ഈ ഗ്രാമത്തിലേക്ക് ഒരു തിരിച്ചു വരവ് തീരെ പ്രതീക്ഷിച്ചിരുന്നില്ല. വിധിയുടെ നിയോഗത്താൽ വീണ്ടും എത്തിയിരിക്കുന്നു. വണ്ടി സ്റ്റേഷനിൽ എത്തി. അവിടെ നിന്നും ഒരു ടാക്സിയിൽ കയറി. അതിലിരുന്നുകൊണ്ട്. അയാൾ തന്റെ ഗ്രാമത്തെ വീക്ഷിക്കുകയായിരുന്നു. അനേകം മാറ്റങ്ങൾ ഈ ഗ്രാമത്തെയും വേട്ടയാടിയിരിക്കുന്നു. ഉള്ളിലൊരുവേദനതോന്നി. പട്ടണത്തിന്റെ കാപട്യം എന്നെയെന്നപോലെ ഈ ഗ്രാമത്തെയും കയ്യടക്കിയോ.

ടാക്സി ഡ്രൈവറോട് ആ ക്ഷേത്രത്തിനടുത്ത് നിർത്തുവാൻ പറഞ്ഞു. ക്ഷേത്രത്തിനു മുന്നിലെത്തിയപ്പോൾ ഒരു നിമിഷം അവിടെനിന്നു. അതിനുശേഷം ആ ക്ഷേത്രത്തിനോട് ചേർന്ന ഇടുങ്ങിയ വഴയിലൂടെ വീട്ടിലേക്കു നടന്നു. വീട്ടിന്റെ പുരയിടത്തിലേക്ക് കാലെടുത്തു വച്ചപ്പോൾ തന്നെ കാണായി ഒരു സ്ത്രീ തുളസിത്തറയിൽ നിൽക്കുന്നു. മുഖം വ്യക്തമല്ല. ആരായിരിക്കും അത് മുണ്ടും നേര്യതുമാണ് വേഷം തുളസിക്കതിർ ചൂടിയിട്ടുണ്ട്. കണ്ടിട്ട് പ്രഭാതത്തിൽ കുളികഴിഞ്ഞ ഒരു ഗ്രാമീണ കന്യകയെപ്പോലെ.

കാൽപെരുമാറ്റം കേട്ടിട്ടാവണം ഏതോ പ്രേരണപോലെ അവൾ പെട്ടെന്ന് തിരിഞ്ഞു. ആ ചുണ്ടുകൾ തൽസമയം മന്ത്രിച്ചു ഉണ്ണിയേട്ടൻ. ഈ സമയം എനിക്കാപെൺകുട്ടിയെ മനസ്സിലായിക്കഴിഞ്ഞു മായ. ശങ്കു അമ്മാമയുടെ ഏക മകൾ. സുന്ദരമായ ആ അധരങ്ങളിൽ ഒരു നാണത്തിൽ കുതിർന്ന ഒരു പുഞ്ചിരി മിന്നിമറഞ്ഞു. ഉണ്ണിചോദിച്ചു എന്റെ അമ്മ. പെട്ടെന്നവളുടെ മുഖം ദുഃഖത്തിൽ ആണ്ടു. പതിഞ്ഞസ്വരത്തിൽ പറഞ്ഞു. അമ്മ കിടപ്പിൽ ആണ്. ഉടൻ തന്നെ ഉണ്ണിയുടെ കയ്യിലിരുന്ന പെട്ടിയും ബാഗും വാങ്ങി മായ ഉള്ളിലേക്കു കയറി. പിറകേ ഉണ്ണിയും.

അവൾ അമ്മയുടെ മുറിയിലേക്കു കടന്നു. മനസ്സിലാക്കാൻ അമ്മയ്ക്ക് അൽപം സമയമെടുക്കേണ്ടിവന്നു. അമ്മ വളരെ ശോഷിച്ചിരിക്കുന്നു. മായ അപ്പോഴേക്കും അമ്മയെ ഉയർത്തിയിരുത്തി. അൽപനേരം നോക്കിയിരുന്നശേഷം ഗദ്ഗദത്തോടെ ഇടറിയ സ്വരത്തോടെ അമ്മ പറഞ്ഞു. ഉണ്ണി, അച്ഛന്റെ ശ്രാദ്ധത്തിനെങ്കിലും നീ വരുമെന്നു കരുതി. അപ്പോഴാണ് ആ ഞെട്ടിക്കുന്ന വാർത്ത ഉണ്ണി അറിഞ്ഞത് അച്ഛൻ മരിച്ചിരിക്കുന്നു. തന്നെയൊരു നോക്കുകാണാതെ പാവം വളരെയേറെ ദുഃഖിച്ചിരിക്കും.

അപ്പോഴേക്കും മായ ഒരു ഗ്ലാസ്സ് ചായകൊണ്ടുവന്നു. അമ്മയുടെ അരികിലിരുന്ന് അതു കൂടിച്ചു. അമ്മ പറഞ്ഞുന്നാപിന്നെ ഉണ്ണിപോയ്ങ്ട് ന്നുകുളികയ്യാ. ഉണ്ണി എഴുന്നേറ്റു കുളിഴിഞ്ഞുവന്നപ്പോൾ മായയെ അവിടെയെങ്ങും കണ്ടില്ല. ആ രാത്രി അവനുറങ്ങാൻ കഴിഞ്ഞില്ല. കഴിഞ്ഞകാലത്തെകുറിച്ച് ചിന്തിച്ചു. അദ്ധ്യാപകനായി പട്ടണത്തിൽ ജോലികിട്ടിയപ്പോൾ പോയതാണ് ഏതാനും നാൾ എഴുത്തുകളിലൂടെ നീണ്ടുനിന്നു ഈ ഗ്രാമവുമായുണ്ടായിരുന്ന ബന്ധം. പിന്നീടതും ഇല്ലാതായി ഒടുവിൽ വന്നത് മായയുടെ ഒരു കത്തായിരുന്നു. അവൾക്ക് വിവാഹാലോചനകൾ വന്നു തുടങ്ങി എന്ന് ഉണ്ടായിരുന്നു. അതിനുപോലും മറുപടി അയയ്ക്കാഞ്ഞതിനാലാകാം, പിന്നീടവളും നിർത്തി. അങ്ങനെ ചിന്തകളിലൂടെ ഉണ്ണി നേരം വെളുപ്പിച്ചു.

പുലർച്ചെതന്നെ എഴുന്നേറ്റു കുളിച്ച് അമ്മയുടെ അനുമതിയോടെ ക്ഷേത്രത്തിലേക്ക് തിരിച്ചു. ക്ഷേത്രത്തിലേക്ക് പ്രവേശിച്ചപ്പോഴാണ് കണ്ടത് മായ ക്ഷേത്രത്തിൽ നിൽക്കുന്നു. തന്നെക്കാൾ മുൻപേ ആയിരിന്നു പണ്ടും അവൾ ക്ഷേത്രത്തിൽ എത്തിയിരുന്നത്. മായയും ഉണ്ണിയെ കണ്ടു. അവർ ഒരുമിച്ചാണ് ക്ഷേത്രത്തിൽ നിന്നും വീട്ടിലേക്ക് യാത്രതിരിച്ചത്. അപ്പോൾ ഉണ്ണിയോർത്തു മായയുടെ വീട്ടിലേക്കൊന്ന് പോയില്ല. ഒന്നും ചോദിച്ചതുമില്ല. അവനൽപം കുറ്റബോധം തോന്നി. ഉണ്ണിചോദിച്ചു, മായേ ഇപ്പോൾ വീട്ടിലാരൊക്കെയുണ്ട്. അവൾ പറഞ്ഞു. അച്ഛൻ മാത്രമേയുള്ളു. സുഭ്രേ അമ്മായി അമ്മ മരിച്ചിട്ട് 3 വർഷമായി. അമ്മാമയെ കണ്ടതേയില്ലല്ലോ. അച്ഛനും കിടപ്പിലാണ്. അവർ വീട്ടിലെത്തി. അൽപം കഴിഞ്ഞപ്പോൾ മായവന്നു പ്രാഭാതഭക്ഷണം കഴിക്കാൻ വിളിച്ചു. കഴിക്കാനായി ചെന്നപ്പോഴേയ്ക്കും അവൾ അമ്മയേയും പിടിച്ചുകൊണ്ടുവന്നിരിന്നു. അപ്പോഴാണ് ഗ്രാമത്തിലെ സ്കൂളിലേക്ക് സ്ഥലമാറ്റം കിട്ടിയതായി അറിയിച്ചത്. അമ്മയുടേയും മായയുടേയും മുഖം സന്തോഷം കൊണ്ടു വിടർന്നു. അമ്മ പറഞ്ഞു അപ്പോ ഉണ്ണിയിനി ഞങ്ങളെ വിട്ടെങ്ങും പോകില്യാ അല്ലേയ്.

ഉണ്ണി സ്കൂളിലേക്ക് പോയി തിരികെ വന്നപ്പോൾ മായ അവന്റെ മുറി വൃത്തിയാക്കുകയായിരുന്നു. വർഷങ്ങൾക്കുശേഷം

ആ കണ്ണുകൾ പരസ്പരം കോർത്തു. മായ പറഞ്ഞു. അമ്മയ്ക്ക് ഉണ്ണിയേട്ടനെ കണ്ടപ്പോൾ മുതൽ പകുതി അസുഖം മാറി. ഉണ്ണി പോദിച്ചു. മായയ്ക്ക് വിവാഹമൊന്നും... തരമാകാഞ്ഞിട്ടല്ല എനിക്കറയാമായിരുന്നു ഉണ്ണിയേട്ടൻ എന്നെങ്കിലും വരുമെന്ന്. അത്രയും പറഞ്ഞു നാണത്തോടെയവൾ മുറിവിട്ടുപോയി.



അവൾ വീട്ടിലേക്ക് പോകാൻ നേരം മായയോടൊപ്പം ഉണ്ണിയും പോയി. അവിടെ കിടക്കുകയായിരുന്ന അമ്മാമയെ കണ്ടപ്പോൾ സങ്കടം തോന്നി. അമ്മാമ പറഞ്ഞു മായ പറഞ്ഞിരുന്നു. നീ വന്ന വിവരം. ഇങ്ങോട്ട് വരുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു.



എനിക്ക് നിന്നോടൊരു കാര്യം പറയാനുണ്ട്. നിനക്കുവേണ്ടി ഇത്രയും നാൾ ഇവൾ കാത്തിരുന്നു. ഇനിയും അവളെ പരീക്ഷിക്കരുത്. ഇത് പറയുന്നതോടൊപ്പം ശങ്കുണ്ണിനായർ മായയുടെയും ഉണ്ണിയുടേയും കരംഗ്രഹിച്ച് കോർത്തു. നിമിഷങ്ങൾക്കുള്ളിൽ അവർക്കു മനസ്സിലായി. അയാളുടെ ശരീരം നിർജീവമായി എന്ന്. അങ്ങനെ പട്ടണത്തിന്റെ കാപട്യത്തിൽ നിന്നും ഗ്രാമീണതയുടെ പരുശുദ്ധിയിലേക്ക് ഉണ്ണിയും അലിഞ്ഞു. അവന്റെ പൂവാടിയിൽ എന്നോ കൊഴിഞ്ഞ വസന്തം വീണ്ടും ഇതാ കടന്നുവന്നു.

ഉണരൂ

രാവുകൾ പകലുകൾ കാലം പതിറ്റാണ്ടുകളായ്
പോറ്റുന്നു തൻ മക്കളെ ജീവജലം നൽകി–
അമ്മ, സ്നേഹത്താൽ പരിലാളനത്താൽ

അമ്മയ്ക്ക് നൽകുന്നു തൻ പേരക്കിടാങ്ങൾ
നിണം നിറഞ്ഞ വദനവും സോദരന്റെ
ജീവനറ്റ ശരീരവും

കാണുന്നു അമ്മ നിർമ്മല, ദുഃഖിതയായ്
മൂകയായ്, അബലയായ്; ആഗോള വിപണി
യിൽ തൻ മാനം പിച്ചിച്ചീന്തുമ്പോഴും
കേഴുന്നു അമ്മ ലോക നാഥനോട്
കിടാങ്ങളെ നേർവഴിക്ക് നയിക്കുവാൻ

അടർന്നു വീഴുന്നു അശ്രുകണങ്ങളായ്
നദികളായ്, സമുദ്രങ്ങളായ്
കൊതിയ്ക്കുന്നു അമ്മ മക്കൾതൻ
ഒരുമ ഒരുടലുപോലെ

ഹേ ഉണരുക യുവത്വമേ
ഹിന്ദുവായ്, മുസ്ലീമായ്, ക്രിസ്ത്യനായ്, പാർസിയായ്
ചിന്നഭിന്നമകന്ന് നിൽക്കാതെ ഒരുമിക്ക
ഒരു രക്തമായ് സത്യമായ് ഇൻഡ്യനായ്

മാറണം മാറ്റണം തച്ചുടയ്ക്കണം ഈ
ദൂഷിച്ച തല്പര ചിന്തകൾ വൈകിയ
അർദ്ധ ശതാബ്ദിയിലെങ്കിലും
ഉണരണം വളരണം നമുക്ക് അമ്മതൻ
അരുമക്കിടാങ്ങളായ് സോദരായി
സ്വദേശിയായ് മനുഷ്യനായ്.

ബദറുദീൻ
III Zoology

എന്റെ ക്യാമ്പസ് ജീവിതം

മമ്മൂട്ടി

മകനെ ഡോക്ടറാക്കണമെന്നാണ് ബാപ്പയുടെയും ഉമ്മയുടെയും പെരുത്തമോഹം. എനിക്കാണെങ്കിൽ സെക്കൻറ് ഗ്രൂപ്പ് ലഭിക്കാനുള്ള മാർക്കുമില്ല.

മഹാരാജാസിലും സെൻറ് ആൽബർട്ട്സിലും തേവര എസ്സ്. എച്ച്. കോളേജിലുമൊക്കെ ഉയർന്നമാർക്കുള്ളവർക്കു മാത്രമേ അഡ്മിഷൻ കിട്ടൂ'


എങ്കിലും ഇൻറർവ്യൂ കാർഡ് വരുമെന്ന പ്രതീക്ഷയിൽ കുറെ ദിവസങ്ങൾ കാത്തിരുന്നു പക്ഷെ നിരാശയായിരുന്നു ഫലം.

എന്തു ചെയ്യും? കോളേജിൽ പഠിക്കാനുള്ള മോഹം സഫലമാകാതെ പോകുമോ?

അന്നു തേവര കോളേജിലെ കൊമേഴ്സ് അദ്ധ്യാപകനാണ് മൂസാ എ. ബേക്കർ. ചെമ്പിനടുത്ത് ഇത്തിപുഴയിലാണ് അദ്ദേഹത്തിൻറെ തറവാട്. ഇടയ്ക്ക് അദ്ദേഹം നാട്ടിൽ വരും. ബാപ്പയ്ക്ക് അദ്ദേഹത്തെ നല്ല പരിചയമാണ്. ഒരു ദിവസം രാവിലെ ബാപ്പ അദ്ദേഹത്തെ പോയി കണ്ടു.

അങ്ങനെ മൂസാ എ. ബേക്കർ പ്രത്യേക താല്പര്യമെടുത്ത് തേവര കോളേജിൽ എനിക്ക് അഡ്മിഷൻ വാങ്ങിത്തന്നു. സെക്കൻറ്ഗ്രൂപ്പ്.

പുതിയ ലോകം.. പുതിയ സുഹൃത്തുക്കൾ..



ആഹ്ലാദവും അനുഭൂതിയും നിറഞ്ഞ ദിനരാത്രങ്ങൾ. മൂന്ന് മാസത്തിനുള്ളിൽ ഞാൻ കുറെ മെലിഞ്ഞു... അല്പം നീളം വച്ചു. ഒരു കോളേജ് വിദ്യാർത്ഥിയുടെ രൂപഭാവങ്ങൾ അറിയാതെ തന്നെ എന്നിൽ പ്രകടമായി.

ഈ കാലഘട്ടത്തിൽ രസകരമായ ഒരു അനുഭവം ഉണ്ടായി.

കോളേജിലെ ഐഡൻറിറ്റി കാർഡിൽ ഒട്ടിക്കാനുള്ള ഒരു ഫോട്ടോ വേണം. ഐഡൻറിറ്റി കാർഡ് പാസ്പോർട്ട് പോലെ വളരെ വിലപ്പെട്ടതാണെന്നും അതില്ലെങ്കിൽ കോളേജിൽ പഠിക്കാനാവില്ലെന്നുമൊക്കെയാണ് എൻറെ ധാരണ.

പലരുടെയും പാസ്പോർട്ട്സൈസ് ഫോട്ടോകൾ ഞാൻ കണ്ടിട്ടുണ്ട്. സ്യൂട്ടും കോട്ടും ധരിച്ച് ടൈ കെട്ടി സുമുഖൻമാരായി ചിരിച്ചുകൊണ്ടിരിക്കുന്ന ഫോട്ടോ.

മുമ്പു കൊച്ചാപ്പ അദ്ദേഹത്തിൻറെ റോളി ഫ്ളക്സ് ക്യാമറയിൽ പലവട്ടം എൻറെ ഫോട്ടോ എടുത്തിട്ടുണ്ട്. ഞാനും അന്ന് ധാരാളം ചിത്രങ്ങൾ എടുത്തിരുന്നു. പക്ഷെ ഒരു സ്റ്റുഡിയോയിൽ ചെന്ന് മേക്കപ്പ് ചെയ്ത് ലൈറ്റൊക്കെ ഇട്ട് ഫോട്ടോ എടുക്കണമെന്നത് അക്കാലത്തെ എൻറെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു.


ചെമ്പിലും കുലശേഖരമംഗലത്തും അന്നു ഫോട്ടോ സ്റ്റുഡിയോകളില്ല.

അങ്ങനെ ഒരു വൈകുന്നേരം, കൊച്ചാ വാങ്ങിതന്ന ടെർലിൻ ഷർട്ടുമൊക്കെ ധരിച്ച് അണിഞ്ഞൊരുങ്ങി ഞാൻ വൈക്കം അംബികാ സ്റ്റുഡിയോയിലെത്തി. വൈക്കം തെക്കേ നടയിലാണ് സ്റ്റുഡിയോ സ്റ്റാൻറിലുറപ്പിച്ച കറുത്ത തുണിയിട്ട് മൂടിയ ക്യാമറയ്ക്ക് മുന്നിൽ ഫോട്ടോഗ്രാഫർ എന്നെ പിടിച്ചിരുത്തി. ധാരാളം ലൈറ്റുകൾ പ്രകാശിപ്പിച്ചു. പിന്നെ ക്യാമറയ്ക്ക് പിന്നിലെ ഫോക്കസിംഗ് ക്ളോത്തിനുള്ളിൽ തലപൂഴ്ത്തി 'ലുക്ക്.... സ്മൈൽ' എന്നൊക്കെ നിർദേശിച്ചുകൊണ്ട് ഫോട്ടോഗ്രാഫർ എൻെറ പടമെടുത്തു.

ക്യാമറയുടെ മുന്നിൽ നിന്ന് ചിരിക്കാനുള്ള എൻെറ ആദ്യത്തെ ശ്രമമാണത്. പക്ഷെ അതു വല്ലാത്ത ഗോഷ്ടിയായി പോയി. കാരണം അപ്പോൾ ചിരിവരാത്തതുകൊണ്ട് ഞാൻ ചുണ്ട് അഡ്ജസ്റ്റ് ചെയ്ത് പിടിച്ചു.

പിന്നീട് ആ ഫോട്ടോ കണ്ടപ്പോൾ എനിക്ക് സങ്കടം വന്നു. ഇത്ര കോമാളിത്തവും വൃത്തികേടും നിറഞ്ഞതാണോ എൻെറ മുഖമെന്ന് ഞാൻ ആലോചിച്ച് പോയി.

നാലുദിവസം കഴിഞ്ഞ് വന്നാൽ ഫോട്ടോ തരാമെന്ന് പറഞ്ഞു. ആ ദിവസം നാലു മണിക്ക് ഞാൻ സ്റ്റുഡിയോയിലെത്തി. പക്ഷെ ഫിലിം ഡെവലപ്പ്ചെയ്തിട്ടുപോലുമില്ല. എങ്കിലും ഒരു മണിക്കൂറിനകം ശരിയാക്കിതരാമെന്നായി ഫോട്ടോഗ്രാഫർ. ഫോട്ടോ കാണാനുള്ള മോഹം കൊണ്ട് ഞാൻ കാത്തിരുന്നു.



മമ്മൂട്ടി അനുജൻമാരോടൊപ്പം

മണിക്കൂറുകൾ കടന്നുപോയി. ആറു മണിയായി. ഏഴുമണിയായി. ഇരുട്ടുവീണു. അസ്വസ്ഥത നിറഞ്ഞ കാത്തിരുപ്പ് തുടർന്നു. ഒരുവിധത്തിൽ എട്ടു മണിക്ക് പ്രിൻറടിച്ചു തന്നു. അതും വാങ്ങി ഞാൻ തിരക്കിട്ടു ബസ് സറ്റാൻറിലെത്തിയപ്പോൾ ചെമ്പിലേക്ക് ബസ്സില്ല. ചന്നം പിന്നം പെയ്യുന്ന മഴ..... കുടപോലും കൈയ്യിലില്ല.... എന്തു ചെയ്യും....?

നടക്കുകയല്ലാതെ മറ്റുമാർഗ്ഗങ്ങളില്ല. ഏഴെട്ടു കിലോമീറ്റർ ദൂരമുണ്ട് വീട്ടിലേക്ക്. ഒടുവിൽ ആ മഴയത്ത് ഞാൻ നടപ്പു തുടർന്നു ആദ്യമായാണ് അത്രയും ദൂരം നടക്കുന്നത്.

അതിനിടയിൽ പോക്കറ്റിൽ കിടക്കുന്ന ഫോട്ടോ നനയാതിരിക്കാൻ ബനിയനുള്ളിൽ ഭദ്രമായി വച്ചു.

അങ്ങനെ നടന്നു ക്ഷീണിച്ച്, നനഞ്ഞു കുതിർന്ന് വീട്ടിലെത്തിയപ്പോൾ രാത്രി പത്തുമണി. ഉത്കണ്ഠയോടെ എന്നെ കാത്തിരിക്കുകയാണ് ഉമ്മയും ബാപ്പയും. എവിടെപോയി..... എന്തിനുപോയി എന്ന് ബാപ്പയുടെ ക്രോസ് വിസ്താരം. ഞാൻ മറുപടി പറഞ്ഞപ്പോൾ അതിനു വഴക്ക് വേറെ.


"ഈ പാതിരാത്രിവരെ അവിടെ കുത്തിയിരിക്കാൻ നിന്നോടാരു പറഞ്ഞു. നാളെ ചെന്നാൽ ഫോട്ടോ കിട്ടില്ലേ.....?"

ഞാൻ മൗനം പൂണ്ടു. ഫോട്ടോ കാണാനുള്ള കൊതിയാണെന്ന് പറയാനൊക്കുമോ.....?

മുറിയിൽ കടന്നു വസ്ത്രം മാറിയിട്ട് നോക്കുമ്പോൾ ഫോട്ടോ മുഴുവൻ നനഞ്ഞു കുതിർന്നിരിക്കുന്നു. വളരെ പാടുപെട്ടാണ് അത് ഞാൻ ഉണക്കിയെടുത്തത്. പിന്നീട് ഫോട്ടോ ഐഡൻറിറ്റികാർഡിലൊട്ടിച്ചു.

കോളേജിൽ ചേർന്ന് ആദ്യത്തെ കുറെനാൾ ഞാൻ ദിവസേന വീട്ടിൽ നിന്നും പോയി വരികയായിരുന്നു. ഹോസ്റ്റലിൽ നില്ക്കാൻ എനിക്ക് താല്പര്യമുണ്ടെങ്കിലും ബാപ്പയ്ക്കും ഉമ്മയ്ക്കും അതിഷ്ടമായില്ല.

ഡോക്ടറാവണ്ട ചെറുക്കനല്ലേ? ആരും ശ്രദ്ധിക്കാനില്ലാതെ ഉഴപ്പിനടന്നാലോ?



ജാഗ്രതയിലെ സേതുരാമയ്യർ

അന്ന് വൈക്കം എറണാകുളം റൂട്ട് നാഷണലൈസ് ചെയ്തിട്ടില്ല. രാവിലെ ഏഴേമുക്കാലിന് എറണാകുളത്തേക്ക് ഗോമതിയുണ്ട്. എട്ടേകാലിന് പി.സി.വി. ഇതിലേതെങ്കിലും ബസിൽ കയറി മുപ്പത്തിയഞ്ചു പൈസ കൊടുത്തു പള്ളിമുക്കിലെറങ്ങും. അവിടുന്ന് വേറെ ബസ്സിനു ആറു പൈസയ്ക്ക തേവരയിലെത്തും. തിരികെ വരുന്നതു ചിലപ്പോഴൊക്കെ ട്രാൻസ്പോട്ട് ബസ്സിലായിരിക്കും. ചെമ്പിലിറങ്ങാൻ ഫാസ്റ്റ് പാസഞ്ചറിനു എൺപതു പൈസയാണ് ചാർജ്ജ്.

ബാപ്പ ദിവസവും രണ്ടരയോ മൂന്നോ രൂപ വണ്ടിക്കൂലി തരും. പക്ഷെ എനിക്കു മിക്കവാറും ചിലവുവരുന്നത് എൺപത്തിരണ്ടു പൈസയാണ്. ബാക്കി മിച്ചം പിടിച്ച് ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ സിനിമകാണുകയാണ് അന്നത്തെ വിനോദം. ചിലപ്പോൾ ഫസ്റ്റ് ഷോ... അല്ലെങ്കിൽ ഉച്ചകഴിഞ്ഞ് ക്ളാസ് കട്ട് ചെയ്ത് മാറ്റിനി.

സിനിമയും കണ്ട് കറങ്ങി നടന്ന് രാത്രി വീട്ടിലെത്തുന്നത് ഒമ്പതരയുടെ ബസ്സിനായിരിക്കും. തേവരയിൽ നിന്ന് ബസുകയറി എത്തുമ്പോഴെക്കും അത്രയും വൈകുമെന്നാണ് ബാപ്പയും ഉമ്മയും ധരിക്കുന്നത്. രാത്രി വീട്ടിൽ വൈകിയെത്തുന്നത് പതിവായതോടെ അവരിരുവരും ചേർന്ന് ഒരു പരിഹാരമാർഗ്ഗം കണ്ടെത്തി.

ബാപ്പയുടെ നാലാമത്തെ സഹോദരി കുമ്പളത്താണ് താമസം. ഞാൻ കുഞ്ഞമ്മായി എന്നു വിളിക്കുന്ന അയിഷ. അവരുടെ ഭർത്താവ് മക്കാർഹാജി.

എന്നെ കുഞ്ഞമ്മായിയുടെ വീട്ടിൽ കൊണ്ട് ചെന്നാക്കി. അവിടെ നിന്ന് അല്പം ബോട്ടിൽ യാത്ര ചെയ്താൽ തേവര കോളേജിലെത്തും.

കുഞ്ഞമ്മായിക്ക് പത്തു മക്കളാണ്. എട്ടു പെണ്ണും രണ്ടാണും. അതിൽ നാലാമൻ മുഹമ്മദ് അസ്‌ലാം. എന്നെക്കാൾ ഒണ്ടുവയസ്സിന് ഇളപ്പമുള്ള അവൻ


കളിച്ചങ്ങാതിമാതിരിയായിരുന്നു. മൂന്ന് വർഷം മുമ്പ്, മസ്ക്കറ്റിൽ സൂർ എന്നസ്ഥലത്ത് വച്ച് ഒരു കാറപകടത്തിൽ അവൻ മരണമടഞ്ഞു. ആ ഓർമ്മ ഇപ്പോഴും എന്റെ കണ്ണുകളെ നനയിക്കുന്നു.

കുമ്പളത്തെ വീട്ടിൽ പെങ്ങൻമ്മാരുടെ പെരുന്നാളാണ്. അവരുടെ ഇടയിൽ ഒരു ഹീറോയായി ഞാൻ വിലസി നടന്നു. ആയിടെ ഒരു സംഭവം ഉണ്ടായി.

എന്നെ ക്ലാസിൽ നിന്നും പുറത്താക്കി.

ഞങ്ങളെ മലയാളം പഠിപ്പിച്ചിരുന്നത് ഫാദർ ഡൊമീഷ്യൻ എന്ന അദ്ധ്യപകനാണ്. ഒരു ദിവസം അദ്ദേഹം ക്ലാസ്സിൽ എന്തോ തമാശ്ശ പറഞ്ഞു. മുഴുവൻ വിദ്യാർത്ഥികളും ചിരിച്ചു.

എന്റെ ചിരി കുറെ ഉറക്കെയായിരുന്നു ഹാ..... ഹാ..... ഹാ..... ഹാ..... അത് അല്പം പരിഹാസ്യവുമായിരുന്നു. മറ്റുള്ളവരുടെ ചിരി നിലച്ചിട്ടും എന്റെ ചിരി നീണ്ടു പോയി.


മൃഗയായിലെ വാറുണ്ണി

കോപം കൊണ്ട് അച്ഛന്റെ മുഖം ചുവന്നു. എന്റെ നേരെ കൈചൂണ്ടി അദ്ദേഹം ഗർജ്ജിച്ചു.

"യൂ..... നമ്പർ ഫിഫ്റ്റിറ്റു... സ്റ്റാൻഡപ് ആൻഡ് ഗറ്റൗട്ട്....."

വാസ്തവത്തിൽ ഞാനമ്പരന്ന് പോയി. കോളേജിൽ ചേർന്ന് മൂന്നോ നാലോ മാസത്തിനുള്ളിലാണ് സംഭവം.

ഇടയ്ക്ക് പറയട്ടെ, ഫാദർ ഡൊമീഷ്യൻ 85-ൽ തേവരയിൽ നിന്നും റിട്ടയർ ചെയ്തു. ഇപ്പോളദ്ദേഹം കറുകുറ്റി ക്രൈസ്റ്റ് കിംഗ് മൊണാസ്ട്രിയിൽ പ്രിയോറാണ്.

ക്ളാസിൽ നിന്നിറങ്ങിയ ഞാൻ നേരെ കുമ്പളത്ത് പോയി. അവിടെ ആരോടും ഇതേക്കുറിച്ച് പറഞ്ഞില്ല. അടുത്ത ദിവസം ചെമ്പിൽ ചെന്നു. എന്നെ കണ്ടപാടെ ബാപ്പ പൊട്ടിത്തെറിച്ചു.

"നിന്നെയൊക്കെ എന്തിനാടാ കോളേജിൽ വിടുന്നത്..... ? പഠിക്കാനോ അതോ അദ്ധ്യാപകരെ പരിഹസിക്കാനോ...?

ചെമ്പിൽ നിന്നും ദിവസവും തേവര കോളേജിൽ വന്നു പഠിക്കുന്ന ചില വില്ലന്മാർ തലേദിവസം തന്നെ വാർത്ത ബാപ്പയുടെ ചെവിയിൽ എത്തിച്ചു എന്നു പിന്നീടാണെനിക്ക് മനസ്സിലായത്.

ഡോക്ടർക്കുവേണ്ടി വലിയ പ്രതീക്ഷയോടെ കോളേജിൽ അയച്ചതാണ്. പക്ഷെ തുടക്കത്തിൽ തന്നെ ചൂവട് പിഴച്ചാലോ? ബാപ്പയുടെ ചിന്ത അതായിരുന്നു.

"എങ്ങനെയാണ് അഡ്മിഷൻ വാങ്ങിയതെന്ന് എനിക്കറിയാം. ഇനീ നീ പഠിച്ചാലും പഠിച്ചില്ലെങ്കിലും ഈ കാര്യത്തിന് കോളേജിലോട്ടില്ല.....".

ബാപ്പ തീർത്ത് പറഞ്ഞു.

അടുത്ത ദിവസം ഞാൻ ഒറ്റയ്ക്ക് ചെന്ന് പ്രിൻസിപ്പാളിനെ കണ്ടു. ഫാ. അഗേയോസാണ് അന്ന് പ്രിൻസിപ്പാൾ. നന്നായി വെളുത്ത് സായിപ്പിനെ പോലിരിക്കുന്ന ഒരച്ചൻ.

"അച്ചോ.... ഞാനാസംഭവം മനപൂർവ്വം ഉണ്ടാക്കിയതല്ല. എല്ലാവരും ചിരിച്ചു, കൂടെ ഞാനും ചിരിച്ചു എന്നു മാത്രം. ചിരിക്കാനല്പം താമസിച്ചതുകൊണ്ട് എന്റെ ചിരി അല്പം നീണ്ടുപോയി. അല്ലാതെ ഞാനൊരു കുഴപ്പവും കാണിച്ചില്ല."

എന്തായാലും വിനയം നിറഞ്ഞ എന്റെ പെരുമാറ്റവും വർത്തമാനവുമൊക്കെ അച്ചനു വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തെ ഞാൻ ഒന്നു ഒണ്ടു കവിതകൾ ചൊല്ലി കേൽപ്പിച്ചു.

"ങാ..... ശരി..... ശരി ക്ളാസിൽ കയറിക്കോ ഇനിമേലിൽ പ്രശനമുണ്ടാക്കരുത്."

അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു.

അതിനുശേഷം കുറച്ചുനാൾ കഴിഞ്ഞ് ഞാൻ കുമ്പളത്ത് നിന്നും ചെമ്പിലേക്ക് തിരിച്ചുപോയി.

അക്കാലത്ത് പൂത്തോട്ടയിൽ നിന്നും തേവര കോളേജു വരെ പുതിയൊരു ബസ് സർവ്വീസ് തുടങ്ങി. കെ. പി. എം. എസ്..... പുത്തോട്ടയിലേക്ക് വീട്ടിൽ നിന്നു രണ്ടു കിലോമീറ്റർ ദൂരമേയുള്ളു.

പൂത്തോട്ടയിൽ നിന്നും പുതിയ ഈ റൂട്ട് ആരംഭിച്ചതിന് പിന്നിൽ ഒരു കഥയുണ്ട്. കേരളത്തെ നടുക്കിയ ഒരു വിദ്യാർത്ഥി സമരത്തിന്റെ കഥ. മുരളി സമരം എന്നറിയപ്പെടുന്ന ഒരു വിദ്യാർത്ഥി സമരത്തിലൂടെ വളർന്ന് വന്നവരാണ് ഇന്നത്തെ പ്രമുഖ കോൺഗ്രസ്സ് നേതാക്കളിൽ പലരും.

ആക്കാലത്താണ് ഒരു സൈക്കിൾ വാങ്ങി തരണമെന്ന ആവശ്യം ഞാൻ ബാപ്പയുടെ ശ്രദ്ധയിൽപെടുത്തിയത്. പുത്തോട്ടവരെ ദിവസവും സൈക്കിളിൽ പോകുകയും അവിടെ നിന്ന് ബസിൽ കോളേജിൽ പോയി വന്നിട്ട് വൈകുന്നേരം സൈക്കിളിൽ മടങ്ങിയെത്തുകയും ചെയ്യാമല്ലോ..... അതു തരക്കേടില്ലെന്ന് ബാപ്പായ്ക്കും തോന്നി. തെക്കേക്കൂറ്റി ഇസ്മായേലിന്റെ ഡൈനാമോയൊക്കെ ഉള്ള ഒരു സെക്കൻറ് ഹാൻറ് സൈക്കിൾ ബാപ്പയെനിക്ക് വാങ്ങി തന്നു.

പിന്നീട് സൈക്കിളിലായി എന്റെ യാത്ര. പക്ഷെ ഒരു മാസമേ അതു തുടർന്നുള്ളു. സൈക്കിളിൽ നിന്നും പാടത്തു വീണ് എന്റെ കാലിന്റെ കൊഴ തെറ്റി. രാവിലെ ആയിരുന്നതുകൊണ്ട് അത് അത്ര കാര്യമാക്കാതെ ഞാൻ കോളേജിൽ പോയി.

പക്ഷെ വൈകുന്നേരം സഹപാഠികൾ താങ്ങിയെടുത്താണ് എന്നെ വീട്ടിൽ കൊണ്ട് വന്നത്. രണ്ടാഴ്ചത്തേക്ക് കോളേജിൽ പോകാൻ പോലും കഴിഞ്ഞില്ല. അതെ തുടർന്ന് തന്ന ആൾക്ക് തന്നെ ബാപ്പ സൈക്കിൾ തിരിച്ചുകൊടുത്തു.

അങ്ങനെയിരിക്കെ ഞങ്ങളുടെ കോളേജ് യൂത്ത് ഫെസ്റ്റിവൽ വന്നു. വയലാർ രാമവർമ്മയാണ് പരിപാടികളുടെ ഉദ്ഘാടകൻ ഞാൻ അന്നാണ് ആദ്യമായി വയലാറിനെ കാണുന്നത്. അദ്ദേഹത്തിന്റെ പ്രസംഗം പിന്നീട് ഞാൻ ക്ളാസിൽ ഇമിറ്റേറ്റ് ചെയ്ത് കാണിക്കുമായിരുന്നു.

ഇപ്പോഴത്തെ പ്രസിദ്ധ പിന്നണി ഗായകൻ ജോളി എബ്രഹാം അന്ന് തേവര കോളേജിലെ വിദ്യാർത്ഥിയാണ്. ജോളിയുടെ പാട്ട് കേട്ട് അന്നു ഞാൻ അദ്ഭുതപരതന്ത്രനായി നിന്നു പോയി.

"അകലെ..... അകലെ..... നീലാകാശം."

"കാറ്റടിച്ചു കൊടും കാറ്റടിച്ചു." എന്ന് ജോളി എബ്രഹാം പാടിയ ഈ രണ്ടു പാട്ടുകളും താള ഭംഗിയോടെ ഇപ്പോഴും എന്റെ ഓർമ്മയിൽ നിറഞ്ഞു നില്ക്കുന്നു.

അന്ന് വയലാർ രാമവർമ്മ പ്രസംഗിച്ചു. ജോളി എബ്രഹാം നല്ല പാട്ടുകാരനാണ്. പക്ഷെ മലയാളത്തിന് ഇനിയൊരു യേശുദാസിനെ ആവശ്യമില്ല. പുറത്തു നിന്ന് ഞാനീ പാട്ടുകേട്ടിരുന്നെങ്കിൽ യേശുദാസാണ് പാടുന്നതെന്ന് വിചാരിക്കുമായിരുന്നു. അങ്ങനെ പാടാൻ യേശുദാസുണ്ട്..... അതു കൊണ്ട് ജോളി എബ്രഹാമിനെ പോലെ പാടണം.

ക്ളാസിൽ ഞാൻ ചില പൊടികൈകളൊക്കെ അവതരിപ്പിക്കും വല്ലാതെ ബോറടിക്കുന്ന പിരീയഡിൽ ഞാൻ ഇടയ്ക്കിടെ ബോധം കെട്ടു വീഴും..... നാലഞ്ച് കൂട്ടുകാർ ചേർന്ന് എന്നെ പിടിച്ച് പുറത്തു കൊണ്ടു വരും.

മിക്കവാറും ഉച്ചയ്ക്ക് ശേഷമായിരിക്കും ഈ രോഗബാധ. ക്ളാസിന് പുറത്തു വരുന്നതോടെ രോഗങ്ങളൊക്കെ പമ്പ കടക്കും. പിന്നെ നേരെ സിനിമാ തീയറ്ററിലേക്ക് പായും.

[കടപ്പാട് : ചമയങ്ങളില്ലാതെ, ലേബർ ഇൻഡ്യാ പബ്ലിക്കേഷൻ]



ആരാണ് സോഷ്യലിസ്റ്റ്?
സോഷ്യലിസം മനോഹരമായ ഒരു പദമാണ്.
എനിക്ക് മനസ്സിലായിടത്തോളം
സോഷ്യലിസത്തിൽ, എല്ലാ സമുദായ
അംഗങ്ങളും തുല്യരായിരിക്കും-ആരും
കീഴെയല്ല; ആരും മുകളിലുമല്ല. മനുഷ്യ
ശരീരത്തിൽ തല മുകളറ്റത്ത് സ്ഥിതി
ചെയ്യുന്നത് കൊണ്ട് അത് ഉയരത്തിൽ ആണ്
എന്ന് പറയാൻ കഴിയുകയില്ല. പാദത്തിന്റെ
അടിഭാഗം മണ്ണിൽ തൊടുന്നത് കൊണ്ട് അത്
താഴെയാണെന്ന് പറയുവാനും വയ്യ.
ശരീരത്തിലെ അവയവങ്ങൾ
തുല്യമായിരിക്കുന്നതു പോലെ
സമുദായത്തിലെ അംഗങ്ങൾ സമം. ഇതാണ്
സോഷ്യലിസം.

Collections by: Yoosuf. K

Quotations

1. *Truth and non-violence are my Gods*
   - Mahatma Gandhi

2. *I have nothing to offer but blood, toil, tears and sweat*
   - Winston Churchill

3. *A single step for man, a giant leap for mankind*
   - Neil Armstrong

4. *Frailty, the name is women*
   - William Shakespeare

5. *A thing of beauty is a joy for ever*
   - John Keats

6. *Man is by nature a political animal*
   - Aristotle

7. *How dangerous it is to be too good*
   - Bernard Shaw

8. *Give me a firm spot on which to stand. I will move the earth*
   - Archimedes

9. *Government of the people, by the people, for the people*
   - Abraham Lincoln

10. *The eyes do not go wrong if the mind rules the eyes*
    - Publius Syrus

Mony's Radio Services (Firm)

Main Road, Kollam. Phone: 73320

For Casio, Fx 82, Fx 100, Scientific Calculators.
Citizen - all types of Calculators.

With best Compliments from:

PAPER MATE Kollam. Phone: 77012. Fax: 79436

For Office Stationery & Paper Products

Is Pen Mightier Than Sword ?




JAIJU. B
II P.D.C

The pen is the symbol of the conscience of humanity while the sword stands for exploitation and oppression. If the pen represents the victories of peace to mankind, then ofcourse the pen should triumph over the sword. As Milton said 'Victiory of Peace is more glorious', and it is a truth which must be remembered by the present generation.

A poet can flood the thinking and living of the common people with his strong conviction of truth. The main duty of the pen and the sword is to attack. The pen is more prudent and reasonable in its attack unlike the sword which is unreasonable and ruthless. Therefore the pen is considered mightier.

A heart cannot be converted by a sword; it may kill a man, whereas a pen can create a revolution in the minds of the people. The destiny of Russia and other Communist Countries was changed by the pen of Karl Marx. The victories of the sword were short lived. The advance and progress of civilization has paved the way for the misuse of the sword. The sword is used for the protection of law, to save mankind from the clutches of evil doers and to lead the people to the right path. The sword used without consceince leads to the ruin of humanity. It can be used for constructive as well as destructive purposes.


The Golden Age in the cultural activities of all the countries was attained during the time of peace. There are some people who advocate the use of the sword for establshing peace and are of the opinion that non-violence does not appeal to the enemy. The sword has never been able to settle disputes and to maintain peaceful relations between any two groups. The opponents are forcibly put



down only temporarily. They are to strike at the least possible opportunity. The bravery of Alexander, Baber and Shershah will be forgotten during the running stream of time. But great poets like Kalidasa, Shakespeare, Tagore, Milton and others will remain immortal. Thus it can be seen that the pen has always been reigning supreme over the sword, and whenever this was reversed it invariably did spell misery. There can never be everlasting peace through sword. Thus we could arrive at a conclusion that the ***Pen is Mightier Than The Sword.***

നോബൽ സമ്മാനം നേടിയ ഭാരതീയർ

ഊർജ്ജതന്ത്രത്തിന് 1930 ൽ നോബൽ സമ്മാനം നേടിയ സി. വി. രാമൻ 1983 ൽ ഊർജ്ജതന്ത്രത്തിനു തന്നെയുള്ള നോബൽ സമ്മാനം പങ്കിട്ട പ്രൊഫ. എസ്. ചന്ദ്രശേഖർ, 1913ൽ സാഹിത്യത്തിനു സമ്മാനിതനായ രവീന്ദ്രനാഥടാഗോർ, 1968 ശാസ്ത്രത്തിനുള്ള നോബൽ സമ്മാനം പങ്കിട്ട ഹർഗോവിന്ദ് ഖുറാന എന്നിവർ നോബൽസമ്മാന ജേതാക്കളുടെ നിരയിലെ ഭാരതീയരാണ്. സമാധാനത്തിനുള്ള നോബൽ സമ്മാനം നെടിയ മദർതെരേസ 1979ൽ യുഗോസ്ലോവിയയിലാണ് ജനിച്ചതെങ്കിലും ഇന്ത്യൻ പൗരത്വം സ്വീകരിച്ച് ഇന്ത്യയിൽ ജീവിക്കുന്നതുകൊണ്ട് ഈ പട്ടികയിൽ ഉൾപ്പെടുന്നു.ഖുറാനയും എസ്. ചന്ദ്രശേഖരും അമേരിക്കൻ പൗരത്വം സ്വീകരിച്ചു.



NIIT is not a university under the UGC Act and does not award degrees.

For further details contact:

NIIT Quilon Centre,


SAT Buildings, Hospital Road, Quilon. Phone: 740485.

If you are not studying at **NIIT** *you are missing something*

KOHINUR

Miss Seema Salim, II B.A English

In the good old days, India was reputed to be the treasure house of precious stones. There were plenty of diamonds, pearls, emeralds and saphires. In a way this immense wealth ruined us. Foreign monarchs and kings invaded India to rob us of this wealth and heritage. In course of time, many of these costly stones were taken away from us. But no stone can equal Kohinur for beauty, brilliance and fame. Kohinur means 'Mountain of Light'. Indeed it is. Nadir Shah of Persia was so maddened with its brilliance, he exclaimed 'Mountain of Light' and ever since that day the name clings to it.



Many believe that Kohinur is obtained from Wajra Karur in Golkanda in Bellary District. Originally it is egg shaped. But Shahjehan, the Mughal Emperor employed a Diamond cutter to cut it. He did a bad job. After cutting and polishing, Kohinur weighed much less. The angry monarch fined him for doing a good job carelessly. The poor cutter however paid a fine of Rs 10,000/ and saved his life.

Kohinur is invaluable. The rough estimate is that its value is sufficient for all the people of the world to eat and drink for 2½ days. No wonder many kings and queens were after this precious diamond. Aurangazeb the other Mughal Emperor fixed it in the Peacock Throne.

What is this Pea Cock Throne ? It is the Mughal Throne made at a cost of 6,00,000/dollars. The throne was like a bed 6 feet, 4 feet divided into 12 columns resting on four golden feet 22 inches high. In the back there were two figures of Pea Cock. Hence this name. The tails of these birds were adorned with costly jewels of all colours.

Nadir Shah took away this throne to Persia in 1793. After his death, Kohinur was brought to Afghanistan by Shah Shuja. At this time Punjab was ruled by Ranjit Singh known as 'Lion of Punjab'. Shah Shuja and Lion of Punjab were good friends. Shah Shuja gifted the Kohinur to the Lion. But alas; the British won a battle against Ranjit Singh. They took away the Kohinur to England as a present to Queen Victoria. She liked it very much. It was again cut at a cost of 8,000/dollars to make it brighter. Now it is one of the crown Jewels.

Well friends; Kohinur is ours.
Can we get it back ?

A.M. Ameena
11DC Zoology

مع رسول اللّه (صلعم)

كان عليه الصلاة والسلام يجد فى العبادة كل راحته ، وميدان نعمته ، كانت قرة عينه فى الصلاة، وكان يقول لبلال حين يريدالقيام للصلاة: "ارحنا بها يا بلال " يطيل السجودحتى لتظن عائشة ان اللّه قداختاره لجواره وهو ساجد، ويستحضر فى الخشوع والخضوع لله عزوجل ماتفيض منه عبراته حتى كان يسمع لصدره ازيزكازيز المرجل "القدر" من البكاء.... وتسأ له عائشة عن كثرة عبادته وقد غفراللّه له ما تقدم من ذنبه وما تأخر فيقول لها : "افلا اكون عبداشكورا"

S. Shuhaib
IDC Maths

اعلام اسلامية محمد اقبال

شاعر ومفكر و مصلح اسلا مى ولد عام ١٨٧٧ فى اقليم سيالكوت بالبنجاب اسرة مسلمة مخلصة فى اسلامها، وظهرت عليه منذ نعومة اظفاره مظاهر فى الذكاء والعبقرية، اكمل دراسته فى اورو با، ثم التحق بجا معة ميونخ التى نال منها درجة الدكتوراه فى الفلسفة عام ١٩٠٨، ولما عادالى بلا دنا اشتغل بتدريس الفلسفة والادب الانجليزى بالكلّية الحكومية، ثم عاد الى مهنة المحاماة وظل بها حتى وفاتة عن ٦١ عاما فى العام ١٩٢٨ م، وكانت الحكومة البريطانية قد منحته رتبة "السير" عام ١٩٢٨ م تقد يرا لجهوده وخدماته، لكن شهرة اقبال الحقيقية جاءت عن طريق الشعر الذى كتبه با للّغه الفارسية احيانا والاوردية احياناأخرى

وادب اقبال جمع بين القديم والحديث واخذ نصيبا وافرا من الثقافة الاسلامية الرفيعة، وشعر اقبال بتمييز بالايمان العميق بربه ودينه ونبيه ونكاد نلمس هذا الا يمان فى نفحة من نفحاة شعره، فشعره عميق الفكرة صادق الايمان،

A.M. Abeeda
11DC Zoology


من اقوال عمربن الخطاب (ر)

من كتم سره كان الخيار فى يده،
اشقى الولاة من شقيت به رعيته،
اتقوا من تبغضه قلوبكم،
اعقل الناس اعذرهم للناس،
من لم يعرف الشر كان اجدر ان يقع فيه،

قطوف

الى النور أرنوالى الكعبة
الى حجر السعد في لحظة
الى قبس الله اذ جاءني
ببشر تفجر في فجأة
تجلت علي تباشير فجر
وضيء نقي من الكدرة
دهشت وكانت هنا ذكريات
تجل عن الوصف فى قصة
هنا مهبط الوحي ياروعة
رايت ومازلت في صبوة
بكل الجهاد مضت أمة
فشقت ينابيع في الصخرة
حياة تدب كما قددعا
أبونا الخليل وقد قامت

B. Muhammed Shafeeq
IDC Chemistry



पीड़ा

सामर्थ्य होते हुए भी
निरीह हूँ।
कुछ सांसारिक लोक लिहाज
कुछ सामाजिक बंधन,
तभी तो भोग रहा हूँ
ग्लानिभुक्त जीवन
जिवन अमूल्य निधि है,
पुराणों में है लिखा
मेरे ऋध जीवन के अंधेरे में
कहीं भी प्रकाश पुँज नहीं दिखा
पक्षियों की भी नीड़ देखी है मैंने
पर मेरी नीड़ कहाँ ?
इस बर्बर दुनिया का अजीब लेखा है।
किसी के जख्मों पर,
दया की जगह नमक धिडकते दैखा है।
आज तक नहीं पता
मेरा जीवन क्या है ?
एक ने भी नही जाना
मेरा अपनापन,
खोजता रहा भटकता रहा
मं जिल दर मंजिल
मिली भी तों पीडायुक्त
तमाशाइयों की मइफिल



Written by

Santhosh. R

II D.C. Maths (Main)

ஜாதகம்

சிறுகதை

SUNEESA. A
II. B

அந்த கிராமத்திலேயே தலைசிறந்த விவசாயியாக இரப்பவர் ராமசாமி. அவரது உயர்வகளுக்கு உருதுணையாக இருந்தவர்கள் அவ ரது மனைவி பொன்னம்மாள். இவர்களுக்கு இரண்டுபிள்ளைகள். மூத்தவன் செந்தில். இளயவன் செல்வம். செந்தில் பிறந்த எட்டுவ ரடங்ளுக்கு பிறகுதான் செல்வம் பிறந்தான். அதிர்க்கு பிறகே பொன்னம்மாளுக்கு குளந்தைகள் பிறக்கவில்லை.

ராமசாமிக்கு குழைந்தைகளை நன்றகெ படிக்க வெக்க வேன்ரும் என்று விரும்பினார். ஆனால் நான்காவது வகுப்புக்கு மேல் செந்திலுக்கு படிப்புஏரவில்லை. அதோடவன் படிப்பதை நிர்த்திவிட்டான். அப்பாவுக்கு துணயாக விவசாயத்துர்க்கு வந்து விட் டான். ராமசாமியின் இளயமகன் செல்வம் ஐந்தாவது வகுப்பிர்க்கு வந்துவிட்டான்.

ஒரு நாள் செல்வம் பக்கத்து கிராமத்துக்கு சென்று திரும்பி வரும்போது ஆற்றுபாதை ஒரமாக வந்துகொன்டே இருந்தார். அப்போது அவனுக்கு தூண்டில் போட்டுகொண்டிறுக்கும் இரு சிருவர்களை பார்த்தால் அவனுக்கு அந்த காழ்சியெ மிகவும் வேடிக் கையாக தோன்றியது. அதை பார்த்திட்டிருந்தால் அது அவனுடை மனசிலுக்கு ஆழமாக படிந்துவிட்டது.

இப்போது செல்வம் பள்ளிக்குடத்துக்கு போக சொல்லி ஆற்றின்கரக்கு நான் போகலை. தூண்டில் போட்டான்

ஒரு நாள் காலையில் ராமசாமி வெளியில் போகும்போது செல்வத்தெ கூப்பிட்டு வீட்டுக்கு காவலாக உட்காரவய்த்தார். அன்று ம்த்தியானத்திர்க்கு பிறகுதான் ராமசாமி வீட்டுக்கு திரும்பினார். அப்பா வந்த உடன் செல்வம் ஆற்றுக்கரை பக்கமாக கிளம் பிவிட்டார். அவனது நன்பர்கள் அவனை காணவில்லை என்று வீட்டுக்கு போயிவிட்டார்கள். செல்வம் தனியாகவே தனது வேலை துடங்கினார். அன்றை தினம் பொழுது சாயும் வரையிலும் அவனுக்கு மீனை கிடக்கவில்லை. கடைசி முயர்ச்சியாக விசிஎறிந்தான். சற்று நேரத்திர்க்கு பிறகு அவன் தூண்டிலெ மெதுவாக இழுத்தான். தூண்டில் வரவில்லை. அவன் மனம் ஸந்தோஷமடைந்தது. ஏன்னெறால் பெரிய மீனாகத்தான் சிக்கியிருக்கும் என்று நினைத்தான். அவன் தூண்டிலை சற்று பலமாக இழுத்தான். அப்போதும் தூண்டில் வரவில்லை. என்ன செய்வதென்று யோசித்தான். தண்ணிருக்குள் இறங்கி விடலாமென்று நினைத்தான். அதின்படி அவன் தண்ணிருக்குள் இறங்கினாள். தூண்டில் சிக்கன இடதிர்க்கு சென்றான். தூண்டிலை தேடிய அவனது கையிலே கிடைத்தது ஒரு சேலை தான். அவன் நினைப்பது பக்கத்திலெ குளித்துகொண்டிருக்கும் ஏதோ பொண்ணின் சேலையாகத்தான் இருக்கும். அவன் அந்த சேலை இழுத்துகொண்டு கரைப்பக்கமாக வந்தான். அந்த துணியெ அவன் பக்கமாக இழுத்தால். அப்போது கனமான ஏதோ பொருள் அவனகு காலில் வந்து மோதியது. அவன் துணியெ மேலும் இழுத்தான். அதோட் அவனது காலை மோதின பொருள் மேலை வந்தது. அவனது நன்கு பார்த்தான் பயந்தெவிட்டான். எனென்றால் அதொரு பெண்ணின் பிணம். அம்மா " என்று அலறி னான். நினைவெ இழந்து விட்டான். கூச்சல் சப்தம் கேட்ட் பக்கத்தில் குளித்துகொண்டிருந்தவர்கள் ஓடிவந்தார்கள்.

இந்த சம்பவீத்திர்க்கு பிறகு செல்வம் பேசும் சக்தியெ இழந்துவிட்டார். பிறகு அவனது மூளையெ கடுமயாக பாதித்தான். வரடஙள் ஆகியும் அவனது மனநிலை மாற்றம் ஏர்ப்படவில்லை. இப்போதும் அவன் ஏழெட்டுவயது குழைந்தயின் மனவ ளர்ச்சியில்லாமல் தான் இருக்குத். ஆனால் அவனுடை உடம்பு வளர்ச்சிக்கு எந்த தகராறும் ஏர்ப்படவில்லை.

செந்திலின் வர்புர்த்தலுக்கு இணங்க ராமசாமி செல்வத்தின் கல்லியாணத்தை முடித்துவைய்த்தாள். முதல் இரவன்று செல் வத்தின் மனைவிக்கு தெரிந்து விட்டது எந்த உனர்ச்சியும் இல்லாதவன் தான் செல்வமென்று. இந்த ஏமாற்றத்தை அவளால் தாங்கமு டியவில்லை. வீட்டுக்கு திரும்பலாமென்றால் பாபம் அப்பாவும் அம்மாவும் வேதனை தாங்கமாட்டார்கள். உயிரே விடுவதென்று முடி வுக்கு வந்தாள்.

மூன்றாம் நாள் செல்வத்திக்கு அறயிலிருத்து ஏதோ சப்தம் கேட்டு செந்தில் அந்த அறைக்கு பக்கமாக வந்தாள். றூமுக்குள் எத்திப்பார்த்தார் நடுங்கி போயிவிட்டான். கையில் கயறுடன் மேசமேலெ நிர்க்கும் செல்வத்தின் மனைவியெ பார்த்தான். விரைந்து சென்று அவளை மரணத்திலிருந்து காப்பாத்திநாள்.

அந்த றூமை விட்டு செந்கில் வெளியில் வரும்போது செல்வத்தின் மனைவி மகிழ்ச்சியால் மலர்ந்து இருந்தது.

இன்றேக்கு ஒரு வருடம் கழிந்தது செல்வத்தின் மனைவிக்கு ஆன்குழந்தை பிறந்து விட்டது. அவனிக்கு அப்பா குழைந் தின் ஜாதகத்தை தெருந்து கொள்வதிர்க்கு ஜோசியரிடம் செந்றால் குழந்தைக்கு ஒரு வயது ஆகும்போது அவளது தகப்பள் இரந்து விடுவார் என்று ஜோசியன் சொல்லிவிட்டார். குழந்தையின் பிறந்தநாள் தினத்தன்று செந்தில் இரந்து விட்டார்.

முற்றும்

வணக்கம்



നന്ദി

ബഹു: പ്രിൻസിപ്പാൾ, സലിംസാർ, ശാന്തകുമാരി ടീച്ചർ, രഘുസാർ,
നിസാറുദ്ദീൻ സാർ,
ഫാത്തിമുത്ത് ടീച്ചർ, ബിനോയ് സാർ (Fotom),
സുരേഷ് മുളങ്കാടകം, ബദറുദ്ദീൻ,
ആറ്റൂർ സിയാദ്, അനിൽകുമാർ, അനീസ്, ഷിഹാബുദ്ദീൻ, ആസാദ്,
ഉനൈസ്, ഹരി, പ്രവീൺ (FMNC),
സെയ്ദ് ഇസ്മായിൽ, അഡ്വക്കേറ്റ് ഷെരിഫ്, സബീർ, അൻവർ അലി,
അൽത്താഫ്, ഷുക്കൂർ, എം. ഷംസുദ്ദീൻ (L.I.C), കൃഷ്ണകുമാർ (Surya)
തുടങ്ങി.....

ഓർമ്മയുടെ ഈ താളുകളിൽ യാഥാർത്ഥ്യങ്ങളുടെ ശിഷ്ട ചിത്രങ്ങൾ
അച്ചടിക്കുവാൻ തളരാതെ നയിച്ച് ആവേശം പകർന്ന
കൂട്ടുകാർക്കും....ഒപ്പം ഈ സ്മരണികയ്ക്ക് നേരെ മുഖം തിരിച്ച കപട
രാഷ്ട്രീയ വക്താക്കൾക്കും.... ആത്മാർത്ഥതയോടെ
വേദനിപ്പിച്ചവർക്കും....
ഹൃദയത്തിന്റെ ഭാഷയിൽ.....നന്ദി.
സസ്നേഹം.....

സഫീർ. എസ്സ്.

TROPICAL FOODS LIMITED

97, Sidco Industrial Estate,
Ambattur, Madras - 600 098. India.
Phone : 652909

We are one of the leading manufacturers and exporters of consumer packed Nuts from India. The nuts which are roasted and salted, distinctive in quality, unique in crispness, perfect in texture and flavour, have come to you after years of professional research and technological expertise.

With over 50 years experience in nut processing and packing, we are successors to Musaliar Industries Pvt. Ltd., the pioneers and foremost processors and exporters of Cashew Kernels from India, renowned for their quality and relied upon for decades by importers the world over.

Specially picked nuts are cleaned and air dried, roasted and salted in a perfected recipe to give that special flavour of **'BESTNUT'**.

BESTNUT is canned in attractive printed cans and vacuumised to retain its freshness. The cans are sealed with "Flip open lids" for easy opening and plastic caps to retain freshness. They are also packed in poly-foil laminated pouches flushed with Nitrogen to ensure freshness.

The following are the standard sizes:

Roasted and Salted Cashewnuts - 300 gm can, 150 gm can, 100 gm pouch and 35 gm pouch.

Roasted and Salted Peanuts - 180 gm can.

Roasted and Salted Mixed nuts - (Cashew, Peanuts, Almonds and Walnuts.) - 150 gm can.

At present we are working on packagings in different sizes of Almonds, Walnuts and Pistachios.

Besides, **'BESTNUT'** brand Cashew nuts, Peanuts, Almonds, Pistachios, Walnuts and Mixed nuts are also available in bulk packing of 25 lbs/11.34 kg tins.

'BESTNUT' is also packed in different sizes and types as per International market requirements and even in Private Brands when desired for a particular market.

For Export Trade Enquiries

TROPICAL FOODS LIMITED
1/C, Mount Chambers
758, Anna Salai, MADRAS - 600 002. India.
Phone : 044 - 8522196
Telex : 041 - 5394 BEST IN
Fax : 91 - 44 - 8522196





Boots&Boots

KOLLAM SHOW ROOM

Aswathy Shopping Complex,
Main Road, Kollam.

ആനുകൂല്യങ്ങൾ ശ്രദ്ധിക്കുക. ജില്ലയിൽ സീസൺ
കൗണ്ടർ ഒഴികെ ഞങ്ങൾക്ക്
മറ്റ് ബ്രാഞ്ചുകളില്ല.